
# കരയോഗ സൗഹൃദം

സത്യം പരം ധീമഹി
Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം
Pages - 52

വാല്യം - 18 ലക്കം - 03 കുംഭം - 1201 മാർച്ച് - 2026



## എറണാകുളം കരയോഗത്തിന്റെ 39-ാമത്
## ശ്രീമദ് ഭാഗവത സപ്താഹ ജ്ഞാന യജ്ഞത്തിൽ നിന്ന് .....










ശ്രീരുദ്രവിലാസം സ്കൂളിന്റെ 114-ാം വാർഷികാഘോഷം എറണാകുളം കരയോഗം
ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) ഉദ്ഘാടനം ചെയ്തു





എഡിറ്റോറിയൽ...

# മുന്നാക്കവിഭാഗങ്ങളുടെ അവശത പരിഹരിക്കുക

ജാതി മത വർണ്ണ വർഗ്ഗ വ്യത്യാസമില്ലാതെ എല്ലാ പൗരന്മാർക്കും തുല്യനീതി ഉറപ്പാക്കണമെന്ന് നിഷ്കർഷിക്കുന്ന ഭരണഘടന നിലവിലുള്ള ഈ ഭാരതത്തിലെ കൊച്ചു കേരളത്തിൽ ജീവിക്കുന്ന അതിപുരാതനവും എന്നാൽ ഇന്ന് ഭരണ സംവിധാനങ്ങളാൽ ഏറെ അവഗണിക്കപ്പെട്ട്, അധഃപതനത്തിലെയ്ക്ക് കൂപ്പുകുത്തികൊണ്ടിരിക്കുകയാണ് മുന്നാക്കം എന്ന പേരിൽ അറിയപ്പെടുന്ന സമുദായങ്ങളിലുള്ളവർ. ഇവർ ഉപജീവനത്തിനായി നമ്മുടെ തന്നെ മറ്റു സംസ്ഥാനങ്ങളിലും ലോകത്തിന്റെ പല ഭാഗങ്ങളിലും എത്തിച്ചേർന്നിട്ടുമുണ്ട്. മറ്റുള്ള വിഭാഗക്കാർ, പല കമ്മീഷനുകൾ വഴിയും അല്ലാതെയും സർക്കാരിൽ നിന്ന് നേരിട്ടും പല വകുപ്പുകൾ വഴി പല ആനുകൂല്യങ്ങളും നേടി ഏറെ മുൻപന്തിയിലെത്തുകയും ചെയ്തു കഴിഞ്ഞിരിക്കുന്നു. എന്നാൽ ഈ മുന്നാക്ക വിഭാഗത്തെ മുന്നിൽ നിന്ന് നയിക്കാനും അവരുടെ ശോച്യാവസ്ഥയുടെ തീവ്രത ഉയർത്തികാട്ടുവാനും തക്ക കഴിവുള്ള ഒരു നേതാവിന്റെ അഭാവം മൂലം അവർ വളരെയേറെ പിന്തള്ളപ്പെട്ടു പോയ ഇന്നത്തെ സാഹചര്യത്തിൽ ഈ വിഭാഗത്തെ ഉയർത്തിക്കൊണ്ടു വന്ന് സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്നുള്ളത് സർക്കാരിന്റെയും രാഷ്ട്രീയ പാർട്ടികളുടെയും കടമയാണ് എന്ന് കരുതി അതിലെക്കായി ചെയ്യേണ്ടതായ ചില നിർദ്ദേശങ്ങൾ ഞങ്ങളിവിടെ കുറിക്കുന്നു:-

1. ജസ്റ്റിസ് ഹരിഹരൻ നായർ കമ്മറ്റി റിപ്പോർട്ട് അടിയന്തിരമായി നടപ്പാക്കുക.

2. മുന്നാക്ക വിഭാഗ കമ്മീഷൻ ഓരോ ആനുകൂല്യത്തിനും നിഷ്കർഷിച്ചിട്ടുള്ള കുടുംബ വാ

മാർച്ച് - 2026
വാല്യം 18 ✣ ലക്കം - 03

## ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| സെക്രട്ടറിയുടെ പംക്തി | 05 |
| ബാലലോകം | 07 |
| വാസ്തു ശാസ്ത്രം | 08 |
| സുഭാഷിതം | 09 |
| ക്ഷേത്രങ്ങളിലൂടെ | 10 |
| നമഃശിവായ | 13 |
| ആത്മബോധം | 17 |
| ആഗോള താപനം......................... | 22 |
| സുബൈദ ടീച്ചർ | 26 |
| ഫ്ലൈറ്റ് നമ്പർ 303 | 30 |
| ബാർബരികൻ | 35 |
| പത്തിന്റെ ചരിത്രം | 39 |
| ഒന്ന് ചോദിച്ചോട്ടെ | 40 |
| രണ്ടാം ലോകമഹായുദ്ധം | 43 |
| യാത്രാവിവരണം | 45 |
| മാസഫലം | 49 |
| മാട്രിമോണിയൽ. | 50 |


**മുഖചിത്രം: രവിപുരത്തപ്പൻ**
രവിപുരം ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, എറണാകുളം


### പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**
**കെ.ടി. മോഹനൻ**

ർഷിക വരുമാനം നിലവിലുള്ള Money Value അനുസരിച്ച് വളരെ കുറവാണ്. അതുകൊണ്ട് തന്നെ വരുമാന പരിധിയിലെ നിബന്ധന ഒ.ബി.സി വിഭാഗങ്ങളുടേതിന് തുല്യമായി പ്രഖ്യാപിക്കണം.

**3.** തരിശുഭൂമി കൃഷിയോഗ്യമാക്കുന്നതിനും ഇരിപ്പുകൃഷി നടപ്പിൽ വരുത്തുന്നതിനും വേണ്ട സഹായങ്ങൾ നൽകണം. ഇത് കേരളത്തെ വീണ്ടും കാർഷിക സംസ്ഥാനമാക്കുന്നതിന് സഹായിക്കുകയും, ഇടവിള കൃഷി നടപ്പാക്കുവാൻ സൗകര്യം ലഭിക്കുക വഴി ഭക്ഷ്യവസ്തുക്കളുടെ സ്വയം പര്യാപ്തതയിലേക്ക് എത്താൻ സഹായകമാവുകയും ചെയ്യും.

**4.** നിലവിലുള്ള അശാസ്ത്രിയമായ നയങ്ങൾ മൂലം ജോലി ലഭിക്കാതെ മാറ്റിനിർത്തപ്പെട്ട മുന്നാക്ക സമുദായാംഗങ്ങൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനാവശ്യമായ (തൊഴിലനുസരിച്ച്) മുഴുവൻ തുകയും 50% സബ്സിഡിയോടുകൂടി കുറഞ്ഞ പലിശയ്ക്ക് ലഭ്യമാക്കണം.

**a.** കാർഷികമേഖലയിലും ചെറുകിട വ്യവസായസംരംഭങ്ങളിലും എല്ലാം ഏർപ്പെടാൻ ആഗ്രഹിക്കുന്നവർക്ക് ആവശ്യമായ തുക ലഭ്യമാക്കുവാൻ പ്രത്യേക നിയമനിർമ്മാണങ്ങളും അതിനായുള്ള സർക്കാർ സംവിധാനങ്ങളും ഉണ്ടാവണം.

**5.** സാങ്കേതിക വിദ്യാഭ്യാസം നേടിയിട്ടുള്ളവർക്ക് അവരവരുടെ യോഗ്യത മാനദണ്ഡമാക്കികൊണ്ട് പ്രത്യേകമായി ഈട് ആവശ്യപ്പെടാതെ, പുതിയ സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ മുഴുവൻ തുകയും വായ്പയായി നൽകണം.

**a.** ഇങ്ങനെയുള്ള വായ്പകളുടെ തിരിച്ചടവ്, സ്ഥാപനം തുടങ്ങി 5 വർഷങ്ങൾക്ക് ശേഷം മാത്രം തുടങ്ങത്തക്ക രീതിയിലായിരിക്കണം ലോൺ നിബന്ധന.

**6.** വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ താഴെ മാത്രമുള്ളവർക്ക് ഭവന നിർമ്മാണത്തിന് 10 ലക്ഷം രൂപ വായ്പയായും അതിൽ 5 ലക്ഷം രൂപ ഗ്രാന്റായും അനുവദിക്കുകയും, പ്രതിവർഷം ഒരു ലക്ഷം രൂപ അറ്റകുറ്റ പണികൾക്കും നൽകണം.

**7.** വിദ്യാഭ്യാസ ആനുകൂല്യങ്ങൾ– പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് അടയ്ക്കേണ്ടതായ ഫീസും അത്രയും തുക തന്നെ ചിലവിനായും നൽകണം. ഇതിൽ ഫീസിനത്തിലുള്ള തുക സബ്സിഡിയായും ബാക്കിയുള്ളത് ജോലി കിട്ടിയശേഷം / സ്വയം സ്ഥാപനം തുടങ്ങിയ ശേഷം തിരിച്ചടവ് എന്ന നിബന്ധനയോടുകൂടിയ വായ്പയായും നൽകണം.

**8.** കേരള പി. എസ്. സി , UPSC, Railway, Defience തുടങ്ങിയ എല്ലാ മേഖലകളിലേക്കും വേണ്ടിയുള്ള കോച്ചിങ്ങ് സെന്ററുകൾ ഈ വിഭാഗത്തിന് കൂടിയും ആരംഭിക്കുക. ഇത് ഓരോ വിഭാഗം ടെസ്റ്റിനും ഓരോന്ന് എന്ന കണക്കനുസരിച്ച് ജില്ലാടിസ്ഥാനത്തിൽ ആരംഭിക്കണം.

**9.** സംസ്ഥാനത്തിന് പുറത്ത്/മറ്റു സംസ്ഥാനങ്ങളിൽ പോയി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കോഴ്സ് അടിസ്ഥാനത്തിൽ സഹായം നൽകുക.

**10.** ഉപരിപഠനത്തിനായി വിദേശത്ത് പോകുന്ന വിദ്യാർത്ഥികൾക്ക് സബ്സിഡിയോടുകൂടി 10 മുതൽ 25 ലക്ഷം രൂപ വരെ അനുവദിക്കുക.

**11.** വിദേശത്തുനിന്നും മടങ്ങിയെത്തുന്ന ഈ വിഭാഗത്തിൽപ്പെട്ടവർക്കും സ്വയം സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മറ്റുള്ളവർക്ക് നൽകുന്ന ആനുകൂല്യം അതേ നിബന്ധനയോടുകൂടി നടപ്പാക്കുക

ഈ നിർദ്ദേശങ്ങൾ നമ്മൾ സർക്കാരിന്റെ മുമ്പിൽ വെയ്ക്കുന്നു. ഇതൊരു ചൂണ്ടുപലക മാത്രമാണ്. ഇനിയുമുണ്ട് ഒട്ടേറെ കാര്യങ്ങൾ. ഓർക്കുക, മുന്നാക്ക സമുദായമെന്ന ഓമനപേരിൽ പിന്നോക്കം മാറ്റി നിർത്തപ്പെട്ടിരിക്കുന്ന നാമുൾപ്പടെയുള്ള അവശത അനുഭവിക്കുന്നവരുടെ ദുരിത നിവാരണത്തിനായി നമുക്കൊന്നായി കൈകോർക്കാം. തിരഞ്ഞെടുപ്പ് അടുത്ത് വരുന്നു. ആരാണ് നമുക്കുവേണ്ടി നിലകൊള്ളുന്നതെന്ന് തിരിച്ചറിയുക; ആ തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുക. അതിലാണ് നമ്മുടെ വിജയം സ്ഥിതി ചെയ്യുന്നത്. സമ്മതിദാനാവകാശം കൃത്യമായി വിനിയോഗിക്കുക.

**ജയ്ഹിന്ദ്**



# ജനറൽ സെക്രട്ടറിയുടെ പംക്തി

**പി. രാമചന്ദ്രൻ (വേണു)**

**പ്രിയ കരയോഗാംഗങ്ങളെ,**

വീണ്ടും ഒരു തിരഞ്ഞെടുപ്പുകാലം ആഗതമാകുകയാണ്. സർക്കാരുകൾ രാഷ്ട്രീയകക്ഷികളുടെ താൽപര്യങ്ങൾക്കും പ്രലോഭനങ്ങൾക്കും വഴങ്ങി പ്രതീക്ഷയോടെ മാറി മാറി 5 കൊല്ലം വീതം തിരഞ്ഞെടുക്കപ്പെടുകയും നമ്മളെ ഭരിക്കുവാനുള്ള അംഗീകാരം നേടി, വിനയത്തോടെ ഭരണത്തിൽ വന്ന് അഹങ്കാരത്തോടെ, ധാർഷ്ഠ്യത്തോടെ-കേരള ജനതയെ ഭരിക്കുന്നത് അല്ലെങ്കിൽ നമ്മൾ ഭരിക്കപ്പെടുന്നത് നിസ്സഹായതയോടെ സഹിച്ചുജീവിക്കുന്ന, പ്രതികരണശേഷി നഷ്ടപ്പെട്ട ഒരു സമൂഹമായി, ഈ ജനാധിപത്യവ്യവസ്ഥയിൽ നമ്മൾ അധഃപതിച്ചിരിക്കുന്നു. മോഹന വാഗ്ദാനങ്ങളും അമിതമായ പ്രതീക്ഷകളും പലപ്പോഴും നമ്മെ മാറി മാറി ചിന്തിപ്പിച്ചിട്ടുണ്ടെങ്കിലും എന്നും നാം നിരാശരാവുകയാണ് ചെയ്തിട്ടുള്ളത് എന്നതാണ് സത്യാവസ്ഥ.

മതം, ജാതി എന്നിവ ഇന്ന് വിൽപ്പനച്ചരക്കാക്കുകയും ആവശ്യത്തിനും അനാവശ്യത്തിനും തരാതരം തിരിച്ച് സ്വാർത്ഥ താൽപര്യങ്ങൾക്ക് വേണ്ടി ഉപയോഗിക്കുന്ന രാഷ്ട്രീയ പാർട്ടികൾ, വിഡ്ഢികളായ പൊതുജനം, ആരാണ് നമ്മെ പീഡിപ്പിക്കുന്നത് എന്ന് തിരിച്ചറിയാനുള്ള ചിന്താശേഷിപോലും നഷ്ടപ്പെട്ട് ഒരു യന്ത്രം പോലെ വഴിപാടായി സ്വപ്നവാഗ്ദാനങ്ങളിൽ വിശ്വസിച്ച് വോട്ട് ചെയ്ത്, ഒരു തൊഴിലുമില്ലാത്ത രാഷ്ട്രീയ പ്രമുഖന്മാരെ സൃഷ്ടിക്കുകയാണ് കഴിഞ്ഞ 75 വർഷമായി നാം ചെയ്തു കൊണ്ടിരിക്കുന്നത്. തിരഞ്ഞെടുപ്പ് അടുക്കുമ്പോൾ വോട്ട് വിലപേശി വാങ്ങുന്ന സംഘടിതമായ ശ്രമങ്ങൾ ജാതി മത മേലദ്ധ്യക്ഷന്മാരുടെ അടുത്ത് നടത്തുകയും, അത് വളരെ ആസൂത്രിതമായും മറ്റു വിഭാഗങ്ങളെ കബളിപ്പിച്ചും സ്വന്തം സ്ഥാപനങ്ങൾ, വിദ്യാഭ്യാസ കേന്ദ്രങ്ങൾ, ആതുര ശ്രുശ്രുഷ കേന്ദ്രങ്ങൾ, ദേവാലയങ്ങൾ തുടങ്ങിയവ സംരക്ഷിക്കുന്നതിനായി കൂട്ടായ വിലപേശലുകളോടുകൂടി അവർ അവരുടെ കാര്യങ്ങൾ നേടിയെടുക്കുന്നത് നമ്മൾ മൂകരായി കണ്ടും കേണ്ടും നോക്കി നിൽക്കുന്നു. അതുകണ്ട് നെടുവീർപ്പടാൻ മാത്രം വിധിക്കപ്പെട്ട സമൂഹത്തിന്റെ പ്രതിനിധികളാണ് നാം.

ജാതിയും മതവും ഒരു വ്യക്തിയുടെ സ്വകാര്യമായ വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും, അതിനുവേണ്ടി മാത്രം മാറ്റി വെയ്ക്കപ്പെട്ട ആരാധനാലയങ്ങളിൽ പാലിക്കപ്പെടേണ്ട ധർമ്മവും കർമ്മവുമാണ്. എന്നാൽ ഇന്ന് ആ സ്ഥിതി മാറിയിരിക്കുന്നു. ജാതിയുടെയും മതത്തിന്റെയും പേരിൽ പൊതുനിരത്തുകളിൽ സമൂഹത്തിനെ വെല്ലുവിളിക്കാനും, ഭീക്ഷണിപ്പെടുത്താനും വേണ്ടി ആക്രോശിച്ച് മുദ്രാവാക്യം വിളിച്ചുകൊണ്ട് തെരുവ് കിഴടക്കിയവരും, അവരെ പിന്താങ്ങുന്ന രാഷ്ട്രീയ കോമരങ്ങളും ഇന്ന് നാട്ടിൽ സുലഭമാണ്. ഇനി മാറ്റി ചിന്തിക്കേണ്ട ഒരു കാലഘട്ടത്തിലേക്ക് നാം എത്തിപ്പെടുകയാണ്. മുന്നാക്ക സമുദായം എന്ന ഓമനപേര് കേൾക്കാൻ സുഖമുള്ള ഈ പദം ഉപയോഗിച്ച് സമൂഹത്തിലെ നാം

➠

ഉൾപ്പെടുന്ന വലിയ വിഭാഗത്തെ മാറ്റി നിറുത്തി, ന്യൂനപക്ഷമെന്ന ഓമനപ്പേരിൽ ഒരു വിഭാഗത്തെ പ്രീണിപ്പിച്ചുകൊണ്ട് വാരിക്കോരിക്കൊടുക്കുന്ന ഇന്നത്തെ ഈ രാഷ്ട്രീയവ്യവസ്ഥ മാറ്റിയെ പറ്റു.

സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാവർക്കും സാമൂഹ്യനീതി ഉറപ്പുവരുത്തിക്കൊണ്ട് ഈ മണ്ണിൽ ജനിച്ച എല്ലാ മനുഷ്യരെയും തുല്യരായി കണക്കാക്കി ജാതി, മത, വർണ്ണ വിവേചനമില്ലാതെ സാമ്പത്തിക സംവരണം എന്ന അടിസ്ഥാന തത്ത്വത്തിൽ ഉറച്ചു നിന്നുകൊണ്ട് ജാതിയും മതവും നിറവും നോക്കാതെ മനുഷ്യനെ മനുഷ്യനായി കണ്ടുകൊണ്ട് തുല്യത ഉറപ്പാക്കുകയാണ് വേണ്ടത്.

മനുഷ്യാവകാശസംരക്ഷണം എന്ന പേരിൽ മനുഷ്യന്റെ അവകാശങ്ങളെ സംരക്ഷിക്കാൻ സംവിധാനം ഉണ്ടെങ്കിലും മനുഷ്യന്റെ അടിസ്ഥാനപരമായ ജീവിതനിലവാരം, വിദ്യാഭ്യാസം, ജോലി എന്നിവയിലുള്ള മേൽനോട്ടം വഹിക്കുവാനും മനുഷ്യനെ തുല്യരായി കണക്കാക്കി തുല്യനീതി ഉറപ്പാക്കാനും ഒരുസംവിധാനവുമില്ല. അതിന് മാറി മാറി വരുന്ന സർക്കാരുകൾ കഴിഞ്ഞ 70 വർഷമായി നടത്തിയിട്ടുള്ള അനേകം കമ്മീഷനുകൾ പല പേരിലും, പല ജാതിയുടെയും, മതത്തിന്റെയും പേരിൽ നിയമിക്കുകയും ആ റിപ്പോർട്ടുകളെല്ലാം സെക്രട്ടറിയേറ്റിന്റെ മൂലകളിൽ കെട്ടികിടക്കുകയും ചെയ്യുന്നു. എന്നാൽ ചില തൽപ്പര ജാതി, മത മേലാളന്മാർ ഓരോ തിരഞ്ഞെടുപ്പ് വരുമ്പോഴും അവരുടെ വോട്ടിന്റെ ശക്തികൊണ്ടുള്ള വിലപേശലിന്റെ ശക്തിയിൽ അവരുടെ കാര്യങ്ങളെല്ലാം നേടിയെടുക്കുകയും ചെയ്യുന്നുണ്ട്.

നായർ സമുദായം ഉൾപ്പെടെയുള്ള മുന്നാക്ക സമുദായം കെട്ടുറപ്പില്ലാതെ, ഹൈന്ദവ സമുദായത്തെ ഒരുമിച്ചു നിറുത്താതെ ഭിന്നിപ്പിച്ച്, നാണംകെട്ട്, അപമാനിതരായി നിൽക്കുന്ന ചിത്രം ഒന്ന് ചിന്തിച്ചു നോക്കു...

നാം ഇതിൽ നിന്നും മോചിതരാകേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. നിങ്ങളുടെ കൈയ്യിലുള്ള വിലയേറിയ ആയുധം വോട്ടാണെന്നും, അത് ഭംഗിയായി ഉപയോഗിക്കാൻ കഴിയുമാറാകട്ടെ എന്നും ആശംസിക്കുന്നു.

2026 മാർച്ച് 15-ാം തീയതി ഞായറാഴ്ച രാവിലെ 11.00-ന് ടി.ഡി.എം. ഹാളിൽ എറണാകുളം കരയോഗം സാഹിതീ യോഗത്തിൽ, ● ജി. യുടെ കാവ്യലോകം - അവതരണം:-ടി. എൻ. ടി. നായർ, ● ഒ. എൻ. വി സ്മൃതി - അവതരണം:- പത്മജ മേനോൻ.

2026 മാർച്ച് 24-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 6.30 ന് എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ കർണാടക സംഗീതത്തിലെ യുവപ്രതിഭ കൃതിഖ. എസ് അവതരിപ്പിക്കുന്ന കർണാടക സംഗീതകച്ചേരി

2026 മാർച്ച് 29-ാം തീയതി ഞായറാഴ്ച വൈകിട്ട് 4 മണിക്ക് ടി. ഡി. എം. ഹാളിൽ എറണാകുളം കരയോഗം സാംസ്കാരിക വേദിയിൽ അകായിലെ സംഗീതം. അന്തരിച്ച തെന്നിന്ത്യൻ ചലച്ചിത്ര സംഗീത സംവിധായകൻ ശ്രീ. എസ്. പി. വെങ്കിടേഷിന് അദ്ദേഹത്തിന്റെ തന്നെ ഗാനങ്ങൾകൊണ്ടുതീർക്കുന്ന സംഗീതാർച്ചന... ഏവർക്കും സ്വാഗതം.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്.

**ജനറൽ സെക്രട്ടറി**



# ബാലലോകം



**ലക്ഷ്മി പി. നായർ – 9947770638**

**പ്രിയപ്പെട്ട കൂട്ടുകാരെ,**

സൽസംഗത്തിൽ രമിക്കു. എന്താണ് സൽ സംഗം എന്നല്ലേ? നല്ല കൂട്ടുകെട്ട്. സഹായ മനഃസ്ഥിതി, കാരുണ്യം, സഹജീവികളോടുള്ള സഹാനുഭൂതി എന്നീ ഗുണങ്ങളിൽ രമിച്ചുകൊണ്ട് ജീവിതം സാർത്ഥകമാക്കണം കുഞ്ഞുങ്ങളെ. കൂട്ടുകാർ എന്തെങ്കിലും തെറ്റു കാണിക്കുമ്പോൾ അവരെ തിരുത്തി നല്ല വഴിയിലേക്ക് നയിക്കാൻ മറ്റു കൂട്ടുകാർക്ക് ആവണം. പ്രതികരണം ആവാം. പക്ഷേ പ്രതികാരം പാടില്ല കേട്ടോ. വിനയം ഏറെ വിശിഷ്ടമായ ഒരു ഗുണമാണ്. അതേസമയം അഹന്ത ഏറെ ദോഷകരവുമാണ്.

നമ്മുടെയെല്ലാം ഹൃദയത്തിൽ ഈശ്വരൻ വസിക്കുന്നുണ്ട്. അതുകൊണ്ടാണ് നമുക്ക് മറ്റുള്ളവരെ സ്നേഹിക്കാൻ സാധിക്കുന്നത്, മനസ്സിനെ ഊർജ്ജസ്വലമാക്കാൻ കഴിയുന്നത് കൂട്ടുകാരെ. യഥാർത്ഥത്തിൽ സ്വന്തം മനസ്സാണ് നമ്മുടെ ശത്രുവും മിത്രവും എന്ന് 'ഭഗവദ്ഗീത' നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ഭഗവത്ഗീതയിലെ ആറാം അധ്യായത്തിലെ താഴെ കൊടുത്തിരിക്കുന്ന വരികൾ നിങ്ങൾ സ്വായത്തമാക്കണം കുഞ്ഞുങ്ങളെ.

'ഉദ്ധരേദാത്മനാത്മാനം
ആത്മാനമവസാദയേൽ
ആത്മൈവ ഹ്യാത്ത്മനാ ബന്ധു
ആത്മൈവ രിപുരാത്മനഃ'

നമ്മുടെ മനസ്സിനെ ഉണർത്താൻ നമുക്കു മാത്രമേ കഴിയൂ. അതുകൊണ്ടുതന്നെ നിഷേധ ചിന്തകളെ അകറ്റി നല്ലൊരു വ്യക്തിയായി വളരാൻ നിങ്ങൾ തന്നെ ശ്രമിക്കണം കേട്ടോ. ഇതിലൂടെ നിങ്ങളുടെ അച്ഛനമ്മമാർക്കും സമൂഹത്തിനും നല്ലത് മാത്രം നൽകാൻ നിങ്ങൾക്ക് ആവും. കേൾക്കാൻ ഗുണകരമല്ലാത്ത വാർത്തകൾ ഒന്നും നിങ്ങൾ കേൾക്കണ്ട, അഥവാ കേട്ടാൽ തന്നെ അതിനെ തള്ളിക്കളയുക.


ഒരുപാടു ഗുണങ്ങൾ നിങ്ങളിൽ ഉണ്ട് കുഞ്ഞുങ്ങളെ. നിങ്ങളിൽ ഒളിഞ്ഞു കിടക്കുന്ന കഴിവുകൾ വികസിപ്പിക്കാനാണ് നിങ്ങൾ ശ്രമിക്കേണ്ടത്. മനസ്സ് ഒരു കുരങ്ങിനെ പോലെയാണ്. അതിനെ നിയന്ത്രണത്തിൽ നിർത്തേണ്ടത് ആവശ്യമാണ്. മനസ്സ് നന്നായിരിക്കുകയാണെങ്കിൽ എല്ലായിടത്തും നമ്മൾ നന്മ കാണുന്നു. അപ്പോൾ നിഷേധ ചിന്തകൾ നമ്മളെ അലട്ടുകയില്ല. നല്ല ശീലങ്ങളാണ് നമ്മെ ഉയർത്തുന്നത്.

സുഖത്തിൽ മാത്രം ജീവിക്കരുത് കൂട്ടുകാരെ. അലക്സാണ്ടർ ചക്രവർത്തിയെ കുറിച്ച് നിങ്ങൾ കേട്ടിട്ടില്ലേ സ്വർണ്ണ റൊട്ടിയെ കുറിച്ച്. പല സ്ഥലങ്ങളും കീഴടക്കി അദ്ദേഹം ഭാരതത്തിൽ എത്തി ഒരു യഥാർത്ഥ റൊട്ടിക്ക് വേണ്ടി ആഗ്രഹിച്ച കഥ. സന്തോഷത്തിൽ മാത്രം അഭിരമിക്കരുത്. സത്സംഗത്തിലൂടെ മനസ്സ് ശാന്തത നേടുമ്പോൾ ഇത്തരം അതിമോഹങ്ങളെല്ലാം ശമിക്കും. ജീവിതത്തിൽ മിതത്വം പാലിക്കാൻ കൂട്ടുകാർക്കാവും.

ശ്രീകൃഷ്ണചരിതം മണിപ്രവാളത്തിൽ നിന്ന് താഴെക്കൊടുത്ത ശ്രീകൃഷ്ണനെ കുറിച്ചുള്ള ഈ പ്രാർത്ഥനാ ശ്ലോകം കൂട്ടുകാർ ഹൃദിസ്ഥമാക്കാൻ ശ്രമിക്കണം കേട്ടോ.

"നിരാമയൻ നീ, നിഖിലേശ്വരൻ നീ, നിരഞ്ജനൻ നീ, നിരുപാധികൻ നീ, നിരാദികൻ നീ, നിരുപപ്ലവൻ നീ, നിരന്തകൻ നീ ഭഗവൻ നമസ്തേ."

പ്രാർത്ഥന എന്നും മനസ്സിനെ സന്തോഷത്തിലേക്ക് നയിക്കും കേട്ടോ. ഇവിടെയാണ് സത്സംഗത്തിന്റെ പ്രസക്തി. ■




# വാസ്തു ശാസ്ത്രം



ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ്
എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ - 9447032434

വീട് പണികഴിഞ്ഞ് പുതിയ വീട്ടിൽ താമസിച്ച ശേഷം എന്തെങ്കിലും ചെറിയ പ്രശ്നങ്ങളുണ്ടായാൽ വാസ്തു നോക്കുന്നവരെ വിളിച്ച് പരിശോധിക്കുന്നതും, ജ്യോത്സ്യന്മാരെ കാണുന്നതും, പൂജ നടത്തുന്നതും സാധാരണ സംഭവമാണ്. എന്നാൽ വാസ്തു പരിശോധിക്കുവാൻ വരുന്നവർ ആദ്യം ചെയ്യുന്നത് മുറികളുടെ അളവുകളും, കണക്കുകളും നോക്കുന്നതാണ്.

വാസ്തു പരിശോധിക്കുവാൻ ഒരു വീട്ടിൽ വരുന്നവർ ആദ്യം കിണർ, ഗേറ്റ്, തൊഴുത്ത്, പട്ടിക്കൂട് ഇവയെല്ലാം നിൽക്കുന്ന സ്ഥലം പരിശോധിക്കണം. റോഡിൽ പെയ്യുന്ന മഴവെള്ളത്തിന്റെ ഒഴുക്ക്, ഒഴിഞ്ഞ സ്ഥലം, കിഴക്ക്, വടക്ക്, പടിഞ്ഞാറ്, തെക്ക് നോക്കണം. ഓരോ വശത്തുമുള്ള അതിരുകൾ വീടിന് സമാന്തരമായിട്ടാണോ എന്ന് നോക്കണം. റോഡിന്റെ വടക്ക്കിഴക്ക്, തെക്കുപടിഞ്ഞാറ് മുറിഞ്ഞ് (cut) പോയിട്ടുണ്ടോ എന്ന് നോക്കണം.

വീടിനകത്ത് കടന്നാൽ പ്രധാന വാതലിന്റെ സ്ഥാനം, അടുക്കള, ബെഡ്റൂം എന്നിവ പരിശോധിക്കണം. അടുക്കളയിലേക്ക് കിഴക്കുനിന്നോ, വടക്കുനിന്നോ ഉദയം വരണം. അടുക്കളയുടെ തെക്കുപടിഞ്ഞാറ് മൂലയിൽ വാതിലുകൾ വരരുത്. കത്തിക്കുന്ന Stove അടുക്കളയുടെ വടക്കുകിഴക്കേ മൂലയിൽ ആവരുത്. വടക്കുകിഴക്കേമൂല വെള്ളത്തിന്റെ (Sink)സ്ഥാനമാണ്. അതുപോലെ സിങ്ക് കിഴക്കുതെക്ക് വരരുത്. അത് അഗ്നി അഥവ Stove -ന്റെ സ്ഥാനമാണ്. അടുക്കള വീടിന്റെ കിഴക്ക്തെക്കോ, വടക്കോ ആവാം. വടക്കുപടിഞ്ഞാറും ആവാം. അടുക്കള തെക്കുപടിഞ്ഞാറാണെങ്കിൽ അടുക്കളയുടെ കിഴക്ക് വലിയ ഹാളും, ഹാളിന്റെ വടക്ക് അല്ലെങ്കിൽ കിഴക്ക് വലിയ ജനാലുകൾ ഉണ്ടായാൽ മതി.

മാസ്റ്റർ ബെഡ്റൂം തെക്കുപടിഞ്ഞാറൻ കാറ്റ് കടന്നുപോകാൻ പാകത്തിന് ജനലുകളും, വാതിലുമുണ്ടെങ്കിൽ പടിഞ്ഞാറ് തെക്കുഭാഗത്തും, വടക്കുഭാഗത്തും, തെക്കുകിഴക്കും ആവാം. ഒരു മുറിയുടെയും തെക്കുപടിഞ്ഞാറെ മൂലയിൽ വാതിലുകൾ വരാതെ നോക്കണം. ഏതെങ്കിലും മുറിയുടെ തെക്കുപടിഞ്ഞാറ് വാതിലുകൾ ഉണ്ടെങ്കിൽ മാറ്റേണ്ടതില്ല. വാതിലിന് അടിപ്പടി(Bottom Sill) വച്ചാൽ മതി. പ്ലോട്ട് ചെറുതായാലും, വലുതായാലും വീട് പണിയുമ്പോൾ കഴിയാവുന്നത്ര സ്ഥലം കിഴക്കും, വടക്കും ഒഴിച്ചിടണം. എപ്പോഴും ഒഴിഞ്ഞ സ്ഥലം തെക്കിനേക്കാൾ കൂടുതൽ വടക്കും, പടിഞ്ഞാറിനെക്കാൾ കൂടുതൽ സ്ഥലം കിഴക്കും ഉണ്ടാകണം. പൂജകൾ ചെയ്യുന്നതിൽ തെറ്റില്ല. പക്ഷേ ജീവിതത്തിന്റെ മൂന്നിലൊന്ന് കഴിച്ചുകൂട്ടുന്ന കിടപ്പുമുറിയിൽക്കൂടി തെക്കുപടിഞ്ഞാറൻ കാറ്റ് കടന്നുപോകണം. പോക്കുവെയിലും വരണം. വാസ്തു നോക്കുന്നതുകൊണ്ട് ആരോഗ്യവും, മനഃസമാധാനവും ഉണ്ടാകും. ■

# സുഭാഷിതം

വിദ്വൽപ്രഭ . ജെ. എസ് - 9847537007

മതിയാകാത്തതാണ് എന്നും, അന്നും, ഇന്നും സമൂഹത്തിന്റെ ശാപം-ആർത്തി, ദുരാഗ്രഹം, അത്യാഗ്രഹം ഇവയൊന്നും ഒരിക്കലും അടർത്തിമാറ്റാൻ പറ്റാത്തവയാണ് 'സുഖം' അതുമാത്രമാണ്, ഏതുവിധേനയും അദ്ധ്വാനിക്കാതെ നേടിയെടുക്കണം. ജീവിതം ധൂർത്തടിച്ചു ജീവിക്കണം, അതിന് തടസ്സമാകുന്നവയൊക്കെ തട്ടി നിരത്തണം.

ചരിത്രത്താളുകൾ മറിച്ചു നോക്കിയാലും ചക്രവർത്തിമാരിലും ഈ ആശയക്കാരായ പലരേയും കാണാം. മഗധ രാജാവായിരുന്ന ബിംബിസാരൻ, പുത്രൻ അജാതശത്രുവിന്റെ നിർബന്ധപ്രകാരം അധികാരമൊഴിഞ്ഞു. അതുകൊണ്ടും തൃപ്തനാകാത്ത മകൻ അച്ഛനെ തുറങ്കിലടച്ചു, പട്ടിണിക്കിട്ടു. കാരണം അച്ഛൻ രാജ്യകാര്യങ്ങളിൽ ഇടപെടരുതെന്ന മുൻകരുതലാകാം. അച്ഛനെക്കാണാൻ അമ്മയ്ക്ക് മാത്രം അനുമതി നൽകി. അമ്മ റാണി സ്വഭർത്താവിന്റെ സ്ഥിതിയിൽ വിലപിക്കാൻ വിധിക്കപ്പെട്ടവൾ. അവർ സ്വവസ്ത്രത്തിൽ ഭക്ഷണമൊളിപ്പിച്ചു കൊണ്ടുപോയി ഭർത്താവിന് നൽകുന്ന വിവരമറിഞ്ഞ മകൻ അതിന് തടയിട്ടു. ഗത്യന്തരമില്ലാതെ അമ്മ സ്വദേഹത്ത് നെയ്യുംതേനും പുരട്ടി ഭർത്താവിനെ സന്ദർശിച്ചു. അതും മകന്റെ ശ്രദ്ധയിൽപ്പെട്ടു. ആ തേനും, നെയ്യും നക്കിയെടുത്ത് ജീവൻ നിലനിറുത്താതിരിക്കാൻ അമ്മയുടെ സന്ദർശനാനുമതി നിറുത്തലാക്കി.

അദ്ദേഹം തടവറയിൽ ജീവൻ നിലനിറുത്താൻ ബുദ്ധന്റെ ആരാധകനാകയാൽ ബുദ്ധനെ ധ്യാനിച്ചു, അച്ഛന്റെ ധ്യാനവും നടത്തയും മുടക്കാനുള്ള പദ്ധതി ആവിഷ്കരിച്ചു. അച്ഛന്റെ പാദം മുറിച്ചുകീറി ഉപ്പും തിളച്ചയെണ്ണയും നിറച്ചു. എത്ര ക്രൂരമായാണ് സ്വന്തം പിതാവിനോട് മകൻ പെരുമാറുന്നത്.

ആ സമയത്താണ് അജാതശത്രുവിന് ഒരു കുഞ്ഞ് പിറന്നത്. ആ കുഞ്ഞിനെ മടിയിലിരുത്തി കളിപ്പിച്ച് വാത്സല്യപൂർവ്വം ഭക്ഷണം നല്കുമ്പോൾ അമ്മയോട് ചോദിച്ചു. ഇതു പോലെ ഏതെങ്കിലും അച്ഛൻ കുഞ്ഞിനെ സ്നേഹിക്കുമോ? അമ്മ ഗദ്ഗദത്തോടെ പറഞ്ഞു "നീ കുഞ്ഞായിരുന്നകാലത്ത് നിന്നെ സ്നേഹിച്ച്, ലാളിച്ച്, താലോലിച്ച് തന്നെയാണ് വളർത്തിയത്. ഇന്ന് ഈ ദുരവസ്ഥ നീ അച്ഛന് നൽകി അച്ഛനെ സിംഹാസനത്തിൽ നിന്നും ഇറക്കിയത് പോരാതെ പിന്നെയും നിന്റെ ക്രൂര മനസ്സ് അദ്ദേഹത്തെ വേട്ടയാടുകയാണ്.

ഇതുകേട്ട മകൻ മാനസാന്തരപ്പെട്ട്, അച്ഛനെ മോചിപ്പിക്കാനായി ഉത്തരവിട്ടു. പക്ഷേ പ്രയോജനമില്ലാത്ത ഒന്നായി. ആ വൃദ്ധപിതാവ് ഇഹലോകവാസം വെടിഞ്ഞു. ഇതൊക്കെ നമുക്ക് അവിശ്വസനീയമായി തോന്നുന്നു. ഇന്ന് നമുക്കുചുറ്റും നടക്കുന്ന സംഭവങ്ങൾ ഒട്ടും അത്ഭുതാവഹമല്ലായെന്ന് തെളിയിക്കുന്നു. നിരാലംബരും, നിരാശ്രയരുമായ എത്രയെത്ര മാതാപിതാക്കൾ, മക്കൾ നിർദ്ദയം ഉപേക്ഷിക്കുന്നവർ. അജാതശത്രുവിന്റെ പാരമ്പര്യത്തിൽ മക്കൾ വന്നുഭവിക്കാതിരിക്കട്ടെ. കുടുംബവും, സമൂഹവും ഇന്ന് ഭയന്നുകഴിയുന്ന അവസ്ഥയിലേക്ക് മാറാതിരിക്കാൻ പ്രാർത്ഥിക്കാം. ■

ക്ഷേത്രങ്ങളിലൂടെ

# ശ്രീവല്ലഭ സ്വാമി ക്ഷേത്രം

ഇന്ദിരാഭായി – 8078552892

പ്രപഞ്ചത്തിനാധാരം ഭഗവാൻ ശ്രീ മഹാവിഷ്ണുവാണ്. പ്രപഞ്ചത്തെ അറിയണമെങ്കിൽ ഭഗവാനെ അറിയണം. വിഷ്ണു എന്ന വാക്കിന് സർവ്വവ്യാപകത്വം എന്ന് ശബ്ദാർത്ഥം കല്പിക്കുന്നു. ഗ്രഹങ്ങളുടേയും സൗരയൂഥങ്ങളുടേയും നിരന്തരമായ ചലനാത്മകതത്ത്വത്തിൽ കാലവും പ്രപഞ്ച പ്രതിഭാസങ്ങളും സൃഷ്ടിക്കപ്പെടുന്നു, നിലനിർത്തപ്പെടുന്നു. ചലനമില്ലായെങ്കിൽ കാലവുമില്ല, ഭൗതിക വസ്തുക്കളുടെ ആവിഷ്കാരവുമില്ല. ചലനാത്മകശക്തിയുടെ പ്രതീകമെന്ന് വിശ്വസിക്കുന്ന ഗരുഡ ഭഗവാൻ ശ്രീ മഹാവിഷ്ണുവിന്റെ വാഹനമാണ്. എല്ലാ വിഷ്ണു ക്ഷേത്രങ്ങളിലേയും ക്ഷേത്ര ധ്വജങ്ങളുടെ ശിരസ്സിൽ തന്നെ വിഷ്ണു വാഹനവും ചലനാത്മക ശക്തിപ്രതീകവുമായ ഗരുഡനെ കാണാം. പഞ്ചഭൂതങ്ങളും, പഞ്ചതന്മാത്രകളും, മനസ്സും, ഇന്ദ്രിയങ്ങളും എല്ലാം വിഷ്ണു ഭഗവാൻ തന്നെയാകുന്നു. കാലവും കാലത്തെ ഹനിക്കുന്നവനും കാലത്തെ സംവത്സരങ്ങളായും, ഋതുക്കളായും, അയനങ്ങളായും തരം തിരിക്കുന്നതും ശ്രീ മഹാവിഷ്ണു ഭഗവാൻ തന്നെ. ഭഗവാന്റെ ചൂണ്ടാണി വിരലിൽ സദാ കറങ്ങിക്കൊണ്ടിരിക്കുന്ന സുദർശനചക്രം ദുഷ്ടന്മാർക്ക് ഭയാനകവും ശിഷ്ടന്മാർക്ക് സുദർശനവുമാണ്. വിശ്വകർമ്മാവ് സൂര്യ തേജസ്സിനാൽ നിർമ്മിച്ച് വിഷ്ണു ഭഗവാന് നൽകിയതാണ് സുദർശന ചക്രം. ഭഗവാൻ ദുഷ്ട നിഗ്രഹണം നടത്തുന്ന ദിവ്യായുധം. ഈ ദിവ്യായുധ പ്രതിഷ്ഠയുള്ള ഒരു മഹാക്ഷേത്രമാണ് തിരുവല്ല ശ്രീവല്ലഭ സ്വാമി ക്ഷേത്രം. മനുഷ്യർക്ക് പരമമായ ഈശ്വരചൈതന്യവുമായി ബന്ധപ്പെടുവാനുള്ള വാതായനങ്ങളാണ് ദേവഭാവങ്ങൾ. ഭഗവാൻ ശ്രീ മഹാവിഷ്ണുവിന്റെ യൗവ്വനയുക്ത ഭാവത്തെയും സുദർശനചക്ര ചൈതന്യത്തേയും നമുക്ക് ഭക്തിപൂർവ്വം സ്മരിക്കുവാൻ തിരുവല്ല ശ്രീവല്ലഭ സ്വാമി ക്ഷേത്രത്തെയും ക്ഷേത്ര ഐതീഹ്യങ്ങളേയും ഒന്ന് പരിചയപ്പെടാം.

പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിലാണ് ശ്രീവല്ലഭ സ്വാമി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. മദ്ധ്യ തിരുവിതാംകൂറിലെ മല്ലികാവനം എന്ന് അറിയപ്പെട്ടിരുന്ന സ്ഥലമാണ് ഇന്ന് തിരുവല്ല എന്നറിയപ്പെടുന്നത്. വളരെയധികം ധനപുഷ്ടിയും ജനപുഷ്ടിയും ഉള്ള നാടായിരുന്നു മല്ലികാവനം. ഈ പ്രദേശത്ത് വസിച്ചിരുന്നവരിലധികവും ബ്രാഹ്മണരായിരുന്നു. അവിടുത്തെ ഒരു ബ്രാഹ്മണഗൃഹം ശങ്കരമംഗലത്ത് എന്നാണറിയപ്പെട്ടിരുന്നത്. ശങ്കരമംഗലം എന്ന നാമം പിന്നീട് ചംക്രോത്ത് എന്നായിതീർന്നു. ചംക്രോത്ത് മഠത്തിൽ ശ്രീദേവി അന്തർജനം എന്ന ഒരമ്മയും അവരുടെ ഒരു സഹായിയും അവരുടെ മകനുമായിരുന്നു വസിച്ചിരുന്നത്. ശ്രീദേവിയമ്മ പതിവായി ഭക്തിനിഷ്ഠയോടെ ഏകാദശിവ്രതം അനുഷ്ഠിച്ചിരുന്നു. ദേശവാസികൾ ആ അമ്മയെ ചംക്രോത്തമ്മ എന്നാണ് വിളിച്ചിരുന്നത്. അമ്മയോടൊപ്പം അവരുടെ സഹായിയും മകനും ഏകാദശിവ്രതം അനുഷ്ഠിച്ചിരുന്നു. മറ്റുള്ളവരുടെ സഹായത്താലാണ് അമ്മ ഏകാദശി എന്നാണ് എന്ന് മനസ്സിലാക്കിയിരുന്നത്. ആരെയും ആശ്രയിക്കാതെ ഏകാദശി എന്നാണ് എന്ന് മനസ്സിലാക്കാൻ ചംക്രോത്തമ്മ ഒരു ഉപാ

→

യം കണ്ടുപിടിച്ചു. ഒരു ഏകാദശി നാൾ മുതൽ ഓരോ ദിവസവും ഒരു കല്ലുവീതം ഒരു പാത്രത്തിലിട്ട് വെയ്ക്കും പതിനഞ്ച് കല്ല് തികയുന്ന ദിവസം ഏകാദശി അനുഷ്ഠിക്കും ഇതായിരുന്നു പതിവ്. ഇന്നല്ല ഏകാദശിയെന്ന് ആര് പറഞ്ഞാലും അമ്മ സമ്മതിക്കുമായിരുന്നില്ല നാട്ടുകാർ പരിഹസിച്ചിട്ടും ചംക്രോത്തമ്മ തന്റെ തീരുമാനത്തിൽ മാറ്റം വരുത്തിയില്ല. ഒരു ദിവസം ജോത്സ്യന്മാരായ രണ്ടു വഴിയാത്രക്കാർ യാത്ര മദ്ധ്യേ ചംക്രോത്ത് മഠത്തിലെത്തി ഭക്ഷണം ചോദിച്ചു. ഇന്ന് ഏകാദശിയാണ് ഞങ്ങൾക്ക് ഉപവാസമാണ്, അതിഥികൾക്കും ഈ ദിവസം ഭക്ഷണം ഉണ്ടാക്കിനൽകാറില്ല എന്ന് ചംക്രോത്തമ്മ അവരെ അറിയിച്ചു. ഏകാദശി ഇന്നല്ല നാളെയാണ് എന്ന് ജോത്സ്യന്മാരും പറഞ്ഞു. ചംക്രോത്തമ്മ അത് സമ്മതിച്ചില്ല. ചംക്രോത്തുമഠത്തിലിരുന്ന് അവർ ഗണിച്ചു നോക്കിയപ്പോൾ ഏകാദശി അന്ന് തന്നെ എന്ന് കണ്ടു. അവർക്ക് തെറ്റുപറ്റി എന്നുകരുതി അവർ അടുത്ത ബ്രാഹ്മണഗൃഹത്തിലെത്തി ഏകാദശി എന്നാണ് എന്നന്വേഷിച്ചു. ഏകാദശി നാളെയാണ് കുളിച്ചുവന്നു ഭക്ഷണം കഴിച്ചോളൂ എന്ന് ഗൃഹനാഥൻ അവരെ അറിയിച്ചു. അവിടെവെച്ച് ജ്യോത്സ്യന്മാർ ഗണിച്ചപ്പോൾ ഏകാദശി അടുത്തദിവസമാണ് എന്നുകണ്ടു. വീണ്ടും ചംക്രോത്ത് മഠത്തിലെത്തി ഗണിച്ചപ്പോൾ ഏകാദശി അന്നുതന്നെയെന്നും കണ്ടു. ചംക്രോത്ത്മഠത്തിൽ വെച്ച് നോക്കുമ്പോൾ അന്നും പുറത്തുവെച്ച് നോക്കുമ്പോൾ പിറ്റേന്നും, ഇതിൽനിന്നും ചംക്രോത്തമ്മയുടെ മഹത്വം അവർക്ക് ബോദ്ധ്യമായി. അന്ന് മുതൽ ചംക്രോത്തമ്മ നിശ്ചയിക്കുന്ന ദിവസമാണ് നാട്ടുകാരും ഏകാദശിവ്രതം ആചരിക്കുന്നത്.

അക്കാലത്ത് തുകലൻ എന്ന ഒരു അസുരൻ ആ ഗ്രാമത്തിലെത്തി. തുകലാസുരൻ ശിവഭക്തനായിരുന്നുവെങ്കിലും ഗ്രാമവാസികൾക്ക് ഉപദ്രവകാരിയായി മാറി. തുകലാസുരനെ ഭയന്ന് ഗ്രാമവാസികൾ മറ്റു ഗ്രാമങ്ങളിലേക്ക് പോയി തുടങ്ങി. ധാരാളം ബ്രാഹ്മണന്മാരും മറ്റു ഗ്രാമങ്ങളിലേക്ക് പോയി ചംക്രോത്തമ്മക്ക് ഏകാദശിവ്രതാവസാനം കാലുകഴുകിച്ചൂട്ടാൻ ബ്രഹ്മചാരികളെ കിട്ടാത്ത അവസ്ഥയിലെത്തി. പാരണകഴിക്കാൻ നിവർത്തിയില്ലാതെ ആ അമ്മ സങ്കടപ്പെട്ട് വിഷ്ണുഭഗവാനെ പ്രാർത്ഥിച്ചു. പ്രാർത്ഥനയിൽ മുഴുകിയിരുന്ന ചംക്രോത്തമ്മക്ക് തന്റെ പിന്നിലാരോ നിൽക്കുന്നതായി അനുഭവപ്പെട്ടു. തിരിഞ്ഞുനോക്കിയ അവർ ഒരു ഉണ്ണിനമ്പൂതിരി കയ്യിലൊരു ദണ്ഡുമായി നിൽക്കുന്നതാണ് കണ്ടത്. വിശക്കുന്നു ഊണുകാലമായോ എന്നൊരു ചോദ്യവും കേട്ടു. ആ അമ്മ സന്തോഷത്തോടെ വേഗം കുളിച്ചു വന്നോളൂ ഊണ് തയ്യാറാണ് ഇവിടെ കുളവുമുണ്ട് ഉണ്ണിയെ അറിയിച്ചു. ഞാൻ കുളത്തിൽ കുളിക്കാറില്ല നദിയിലെ കുളിക്കാറുള്ളു എന്ന് ഉണ്ണിയും പറഞ്ഞു. ഉണ്ണി പുറത്തേക്കു പോയാൽ തുകലൻ പിടിക്കും, അവന്റെ മുന്നിൽ പെട്ടാൽ മരണം ഉറപ്പാണ് ഇവിടെ കുളിച്ചാൽ പോരേ എന്ന് അമ്മ ചോദിച്ചു. സാരമില്ല പുഴയിൽ പോയി കുളിച്ചു വരാം എന്ന് പറഞ്ഞു ഉണ്ണി പോയി. ചെന്നുപെട്ടത് തുകിലാസുരന്റെ മുന്നിൽ ഉണ്ണി തുകിലാസുരനുമായി ഏറ്റുമുട്ടി. ഉണ്ണിയോടെതിരിട്ട തുകിലാസുരന് തന്റെ എതിരാളി സാധാരണക്കാരനല്ല എന്ന് വേഗം തന്നെ മനസ്സിലായി. പെട്ടെന്ന് ഉണ്ണിയുടെ കൈയ്യിലെ ദണ്ഡ് സുദർശനചക്രമായി മാറി അത് തുകിലാസുരന്റെ കണ്ഠം മുറിച്ചു. അങ്ങനെ തുകിലാസുരൻ മരിച്ചു, ആ സ്ഥലം തുകലശ്ശേരി എന്നറിയപ്പെടുകയും ചെയ്തു. ഉണ്ണിയാകട്ടെ തുകലന്റെ കണ്ഠം മുറിച്ച ചക്രത്തിലെ ചോര നദിയിൽ പോയികഴുകി. ചക്രം

➠

കഴുകിയ കടവ് ചക്രക്ഷാളന കടവ് എന്നും പിന്നീട് ചക്രശാലക്കടവ് എന്നും അറിയപ്പെട്ടു. ഉണ്ണി നമ്പൂതിരി കുളികഴിഞ്ഞ് ചംക്രോത്തമ്മയുടെ അടുത്തെത്തി. തുകിലാസുരനെ ഒരു ബ്രഹ്മചാരി വധിച്ചു എന്നറിഞ്ഞ് ധാരാളം ആളുകൾ അദ്ദേഹത്തെ കാണുവാനായി അവിടെയെത്തി. അവർ തുകിലനെകൊന്ന ചക്രായുധത്തെ ഞങ്ങൾക്ക് കണ്ടുവണങ്ങുവാൻ അവസരം നൽകേണമെന്നപേക്ഷിച്ചു. ബ്രഹ്മചാരി ചക്രായുധത്തെ പടിഞ്ഞാട്ട് ദർശനമായി അവിടെ പ്രതിഷ്ഠിച്ചു. ഈ സുദർശന ചക്രത്തെ ഭക്തിപൂർവ്വം പ്രാർത്ഥിച്ചാൽ നിങ്ങളുടെ സർവ്വാഭിഷ്ടങ്ങളും സാധിക്കും എന്നും ദേശവാസികളെ ബ്രഹ്മചാരി അനുഗ്രഹിച്ചു. അങ്ങനെ ചക്രം പ്രതിഷ്ഠിച്ച സ്ഥലം ചക്രപുരമെന്നും അറിയപ്പെട്ടു. പിന്നീട് ശ്രീവല്ലഭ പ്രതിഷ്ഠ നടന്നതിനാൽ ശ്രീവല്ലഭപുരം എന്നും അറിയപ്പെട്ടു.

തുടരും

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS OF THE MAGAZINE KARAYOGA SOUHRIDAM ENGLISH/MALAYALAM, FORM IV (SEE RULE 8)

| | | |
|---|---|---|
| 1. PLACE OF PUBLICATION | : | ERNAKULAM |
| 2. PERIODICITY OF PUBLICATION | : | MONTHLY |
| 3. PRINTER'S NAME | : | M. SREEVALLABHAN NAIR |
| NATIONALITY | : | INDIAN |
| ADDRESS | : | C/O ERNAKULAM KARAYOGAM<br>D. H. ROAD, KOCHI - 682016 |
| 4. PUBLISHER'S NAME | : | M. SREEVALLABHAN NAIR |
| NATIONALITY | : | INDIAN |
| ADDRESS | : | C/O ERNAKULAM KARAYOGAM<br>D. H. ROAD, KOCHI - 682016 |
| 5. EDITOR'S NAME & | : | M. SREEVALLABHAN NAIR |
| ADDRESS | : | C/O ERNAKULAM KARAYOGAM<br>D. H. ROAD, KOCHI - 682016 |
| 6. NAME & ADDRESS OF INDIVIDUALS WHO OWN THE NEWS PAPER AND PARTNERS OR SHAREHOLDERS HOLDING MORE THAN ONE PERCENT OF THE TOTAL CAPITAL | : | ERNAKULAM KARAYOGAM<br>D.H.ROAD, KOCHI-16 |

I, M. SREEVALLABHAN NAIR HEREBY DECLARE THAT THE PARTICULARS GIVEN ABOVE ARE TRUE TO THE BEST OF MY KNOWLEDGE AND BELIEF.

DATE: 1. 3. 2026

M. SREEVALLABHAN NAIR
(S/D-)

# നമഃശിവായ

ഡോ. കെ. ഹരിഹരൻ – 9847313322

(തുടർച്ച.....)

ജീവനുവേണ്ടിപോലും ധർമ്മത്യാഗം പറഞ്ഞിട്ടുള്ളതല്ല, ധർമ്മരക്ഷണാർത്ഥം ജീവൻ ബലിയർപ്പിച്ചാലും തെറ്റില്ല. "സ്വധർമ്മേ നിധനം ശ്രേയ." എന്നാണ് ഭഗവാൻ ശ്രീകൃഷ്ണൻ അരുളി ചെയ്തിരിക്കുന്നത്. തസ്മൈ ശികാരായ നമഃശിവായ. അങ്ങനെയുള്ള ശി കാരരൂപിയായ ശിവനെ പ്രണമിക്കുക.

വസിഷ്ഠ കുംഭോത്ഭവ ഗൗതമാര്യ-<br>
മുനീന്ദ്ര ദേവാർചിത ശേഖരായ<br>
ചന്ദ്രാർക്ക വൈശ്വാനരാലോചനായ തസ്മൈ<br>
വ കാരായ നമഃശിവായ

പഞ്ചാക്ഷര സ്തോത്രത്തിലെ ചതുർത്ഥ ശ്ലോകമാണിനി ചർച്ചാവിഷയം. മൂന്ന് ശ്ലോകങ്ങളിൽ പറഞ്ഞിരിക്കുന്ന ഗുണങ്ങളുടെ വർണ്ണന ഏകദേശം പൂർത്തീകരിച്ചു. അതിന്റെ തുടർച്ചയായി രണ്ട് ശ്ലോകങ്ങൾ കൂടി വരുന്നുണ്ട്. മദ്ധ്യമ ശ്ലോക ശരീരമദ്ധ്യഭാഗം പോലെയാണ് . രണ്ടാം ശ്ലോകത്തിൽ മന്ദാകിനി സലില ചന്ദന ചർച്ചിതായ എന്ന് പറഞ്ഞു. അതിലെ കരണ നിർദ്ദേശം മന്ദാകിനി തുടങ്ങിയവയാൽ ചെയ്തു. ചർച്ചിതം എന്നതുകൊണ്ട് ക്രിയയും കർമ്മവും നിർദ്ദേശിതമാണ്. എന്നാൽ കർത്താവിനെ നിർദ്ദേശിച്ചില്ല. അതിന്റെ വർണ്ണനയാണ് "വസിഷ്ഠകുംഭോദ്ഭവാദി അർചിത ശേഖരായ" ആദ്യശ്ലോകത്തിൽ ത്രിലോചനായ എന്ന് പറഞ്ഞു. അത് ചന്ദ്രാർക്ക വൈശ്വാനരലോചനായ എന്നതുകൊണ്ട് വർണ്ണിച്ചിരിക്കുന്നു. ആദ്യശ്ലോകത്തിൽ നിത്യായ ശുദ്ധായ ദിഗംബരായ എന്നും അഞ്ചാമത്തെതിൽ ദിവ്യായ ദേവായ ദിഗംബരായ എന്നും പറഞ്ഞു. മഹേശ്വരതയെ സ്പഷ്ടീകരിക്കാനായി യക്ഷ സ്വരൂപായ എന്നും പറഞ്ഞു.

വസിഷ്ഠൻ – വശിഷ്ഠൻ ഇവ രണ്ടും അരുന്ധതീപതിയുടെ പേരുകളാണ്. വശികളിൽ ശ്രേഷ്ഠൻ വസിഷ്ഠൻ – വസുമാന്മാരിൽ ശ്രേഷ്ഠൻ വസിഷ്ഠൻ. മനസ്സും ബുദ്ധിയും ഇന്ദ്രിയങ്ങളും ആരാണോ വശീകരിച്ചു നിർത്തിയിരിക്കുന്നത്, അദ്ദേഹം വസിഷ്ഠൻ. ശമാദി പരമധനസമ്പന്നരിൽ ആരാണോ മഹത്തമനായിരിക്കുന്നത് അദ്ദേഹം വസിഷ്ഠൻ. വസിഷ്ഠ ശബ്ദത്തിന് വസുമത്തമൻ എന്നർത്ഥം വരും. വസുവെന്ന് ധനത്തെയാണ് പറയുന്നത് കിരണം, ആഛാദനം എന്നും അർത്ഥമുണ്ട്. ഇത് പ്രസിദ്ധമായ ധനത്തെ ഉദ്ദേശിച്ചു പറഞ്ഞതാണ്. ഇനി ഇതര ധനങ്ങളാലും വസിഷഠ ശബ്ദവിചാരം ചെയ്യാം. കവികൾ തപസ്സ് ധനരൂപകമായി കാണുന്നു. തപോധനം എന്നത് ഒരു പ്രസിദ്ധ ശബ്ദമാണ്. വസിഷ്ഠൻ ഒരു മഹാതപസ്വിയായിരുന്നു. ശമാദികളെയാണെങ്കിൽ സമ്പത്തായാണ് കണ്ടിട്ടുള്ളത്. ശമം എന്നാൽ ശാന്തിയാണ്. ഉദ്വേഗജനകമായ സന്ദർഭങ്ങളിൽ പോലും വസിഷ്ഠ മനസ്സ് ശാന്തമായിരുന്നു. തപസ്വിനിയും അതീവ സുന്ദരിയുമായ സന്ധ്യാദേവിപോലും, വസിഷ്ഠനെ കണ്ട് തന്റെ ദമനശക്തി നഷ്ടപ്പെടുത്തിയതാണ്, അപ്പോഴും വസിഷ്ഠൻ നിർവ്വികാരനായിരുന്നു. അദ്ദേഹത്തിന്റെ ദമനശക്തിയും അപാരം തന്നെയായിരുന്നു. തിതിക്ഷയെന്ന് സഹനശക്തിയെയാണ് പറയുന്നത്. "ശ്രദ്ധാധനേന മുനിനാ" എന്നത് പ്രകാരം ശ്രദ്ധയെ ധനമെന്ന് പറഞ്ഞു. "ശ്രദ്ധാവിത്തോ ഭൂത്വാത്മന്യേ വാന്മാനം പശ്യതി" എന്ന ശ്രുതിയും ശ്രദ്ധയെ ധനമെന്നു പറഞ്ഞിട്ടുണ്ട്. സമാധാനവും ധനമാണ്. ഇവയാറിനേയുമാണ്

ശമാദി ഷഢ്സമ്പത്തി എന്ന് പറയുന്നത്. സാമാന്യമായി സാധനാചതുഷ്ടയസമ്പത്ത് എന്നും പറയപ്പെടുന്നു. സമ്പന്നത സമ്പത്തിൽ നിന്നുണ്ടാകുന്നതാണ്. ഇവയെല്ലാമുള്ളതിനാൽ വസിഷ്ഠൻ വസുമത്തമൻ ആയിത്തീർന്നു. എല്ലാത്തിലും വലുത് ജ്ഞാന ധനമാണ്. "വിദ്യാധനം സർവ്വധനാൽ പ്രധാനം" എന്ന് പ്രസിദ്ധമാണ്. വസിഷ്ഠൻ മഹാജ്ഞാനിയായിരുന്നു. ജ്ഞാനസമ്പ്രദായപ്രവർത്തകൻ എന്ന രൂപത്തിലും വസിഷ്ഠ നാമമുണ്ട്. മഹർഷി വസിഷ്ഠൻ ഈ സംസാരത്തെ ഒരു ദീർഘ സ്വപ്നമെന്ന സംജ്ഞയിലാണ് വിശേഷിപ്പിച്ചത്. ദീർഘചിത്ത വിഭ്രമമെന്നും പറഞ്ഞിട്ടുണ്ട്. വസിഷ്ഠൻ മഹാശിവഭക്തനായിരുന്നു. അതുപോലെ തന്നെ കുംഭോത്ഭവനും വലിയ ശങ്കര ഭക്തനായിരുന്നു. കുംഭത്തിൽ നിന്നും ഉത്ഭവിച്ചവൻ കുംഭോത്ഭവൻ, അഥവാ കുംഭജാതൻ. അഗസ്ത്യ ഋഷി തന്നെയാണ് കുംഭോത്ഭവൻ. മിത്രാ വരുണന്റെ രേതസ്സ് സ്ഖലിച്ചത് ഒരു കുടത്തിലാണ് പതിച്ചത്. അങ്ങനെ കുംഭജനായ അഗസ്ത്യനുണ്ടായി. തറയിൽവീണ ബാക്കി രേതസ്സിൽ നിന്ന് വസിഷ്ഠൻ പുനർജന്മവും എടുത്തു.

അഗസ്ത്യ ഋക്ഷി കാശിയിൽ വസിക്കുകയായിരുന്നു. കാശിയിലെ അഗസ്ത്യ കുണ്ഡം പ്രസിദ്ധമാണ്. അതിൽ എപ്പോഴും സ്വച്ഛമായ ജലം ഉണ്ടായിരിക്കും. അഗസ്ത്യൻ എന്നും അതിൽ കുളിച്ച് വിശ്വനാഥ ദർശ്ശനം ചെയ്യുമായിരുന്നു. പണ്ടൊരിക്കൽ വിന്ധ്യാപർവ്വതം ക്രമാതീതമായി വളരാൻ തുടങ്ങി. വിന്ധ്യൻ സൂര്യന്റെ ഗതിയേയും തടഞ്ഞു. സൂര്യൻ കോടിക്കണക്കിന് കിലോമീറ്റർ ദൂരെയാണ്. അത്രയും ഉയരാൻ ഒരു പർവ്വതത്തിന് ആവില്ല. വിന്ധ്യാചലത്തിന് തെക്കും പടിഞ്ഞാറും വസിക്കുന്നവർക്ക് അസ്സൽ സൂര്യോദയം എവിടെയെന്നറിയാൻ പറ്റാത്തവിധം പർവ്വതം വളർന്നു. തെക്കും പടിഞ്ഞാറും പോലെ കിഴക്കും വടക്കും വസിക്കുന്നവർക്ക് സായം കാലത്ത് സൂര്യാസ്തമനം എപ്പോഴെന്നറിയാനും ബുദ്ധിമുട്ടായി. ശാസ്ത്രമനുസരിച്ച് ബ്രാഹ്മമുഹൂർത്തത്തിലും സന്ധ്യകളിലും വന്ദനാദികൾ ചെയ്യേണ്ടതാണ്. പ്രാതഃ- സായം സന്ധ്യകളിൽ സന്ധ്യാവന്ദനം ചെയ്യാത്ത ബ്രാഹ്മണൻ ശൂദ്രസമാനം ബഹിഷ്കരണ യോഗ്യനാണ്. അവനെ ദ്വിജകർമ്മങ്ങളിൽ പങ്കെടുപ്പിക്കാനും പാടില്ല.

പണ്ഡിതന്മാർ മഹർഷി അഗസ്ത്യനോട് നിവേദനം ചെയ്തു-ഞങ്ങളെ കർമ്മനിഷ്ഠരായ ശ്രേഷ്ഠബ്രാഹ്മണന്മാരാകാനുള്ള അവസരം പ്രദാനം ചെയ്തു തരണമെന്ന്. എന്നാൽ കാശി ഉപേക്ഷിച്ചുപോകാൻ അദ്ദേഹം തയ്യാറായിരുന്നില്ല.അപ്പോൾ വിന്ധ്യാചലവാസികളായ ബ്രാഹ്മണർ കാശിയിലെ പണ്ഡിതന്മാരുടെ അടുക്കൽ ചെന്ന് കരഞ്ഞു പറഞ്ഞു. കാശിയിലേയും വിന്ധ്യാചലത്തിലേയും എല്ലാ പണ്ഡിതന്മാരും ഒത്തുചേർന്ന് അഗസ്ത്യന്റെ അടുത്തെത്തി ശരണാഗതരായി വീണ്ടും നിവേദനം സമർപ്പിച്ചു. എന്തെന്നാൽ, അഗസ്ത്യനല്ലാതെ മറ്റാർക്കും ഈ പ്രശ്നം പരിഹരിക്കുവാനുള്ള വഴിയില്ലായിരുന്നു. അഗസ്ത്യൻ പറഞ്ഞു വിദ്വജ്ജനമേ! എനിക്ക് ഭഗവാൻ വിശ്വനാഥന്റെ ദർശ്ശനം ചെയ്യാതിരിക്കാനാവില്ല. എങ്കിലും നിങ്ങളെ നിരാശരാക്കുന്നില്ല. സ്വന്തം സ്വാർത്ഥം പരജീവിത ഉത്സർജനത്തിനുവേണ്ടി വെടിയുന്നവരാണ് സത്പുരുഷന്മാർ. അങ്ങനെയാവുകയും വേണം. ദേവന്മാരെ രക്ഷിക്കാൻ ദധീചി തന്റെ ശരീരംപോലും ഉപേക്ഷിച്ചതാണ് എന്ന് പറഞ്ഞ് മഹർഷി തന്റെ യോഗദണ്ഡും കമണ്ഡലവുമെടുത്ത് പുറപ്പെട്ടു. ബ്രാഹ്മണരെല്ലാം ക്ഷമയാചിച്ചു, അനുഗ്രഹം വാങ്ങി. അഗസ്ത്യൻ വിന്ധ്യാചലത്തെത്തി അദ്ദേഹം മഹാപ്രഭാവശാലിയായിരുന്നു. വാതാപി എന്നൊരസുരൻ, അയാൾ ദേവന്മാരെയും മനുഷ്യരേയും കൊന്നിട്ട് സമുദ്രത്തിൽ പോയൊളിക്കാറുണ്ടായിരുന്നു. അവിടംവരെ ആർക്കും

കാമവും ക്രോധവും രജോഗുണത്തിൽ നിന്നും ഉൽപന്നമായവയാണ്. വലിയ വിശപ്പുള്ളവരും (ആർത്തിയുള്ളവരും) പാപികളുമാണ്. ഈ രണ്ടിനെയുമാണ് യഥാർത്ഥ ശത്രുക്കളായി കാണേണ്ടത്. പുക അഗ്നിയെ മറച്ചിരിക്കുന്നതുപോലെ ഇവ രണ്ടും ചേർന്ന് ഈ മുഴുവൻ ജഗത്തിനേയും മറച്ചിരിക്കുന്നു. ഇവതന്നെയാണ് ജ്ഞാനത്തെയും മറച്ചിരിക്കുന്നത്. മഹർഷി അഗസ്ത്യൻ ഇവരെ രണ്ടിനേയും ശമിപ്പിച്ചു. അദ്ദേഹം വിശ്വനാഥനെ പൂജിച്ചു. പൂജനസമയപര്യന്തം സംസാരസമുദ്രത്തെ ശോഷിപ്പിച്ച് കാമ - ക്രോധങ്ങളെ മർദ്ദിച്ച് പൂജിക്കുക. അതാണിവിടെ സിദ്ധമാകുന്ന അർത്ഥം.

മൂന്നാമതായി വരുന്ന പേരാണ് 'ഗൗതമൻ' ഇദ്ദേഹവും മഹാതപസ്വിയും മഹാതേജസ്വിയുമായിരുന്നു. ഗൗതമ ഋഷി ഏത് സ്ഥലത്ത് ജനിച്ചു വളർന്നതായാലും നാസിക്കിലെ ത്രയംബകേശ്വരത്ത് എന്തായാലും വസിച്ചിട്ടുണ്ട്. ഒരിക്കലൊരു വലിയ വരൾച്ചയുണ്ടായി. പന്ത്രണ്ട് വർഷക്കാലം മഴയേ പെയ്തില്ല .ആ സമയത്ത് ഗൗതമഋഷി തപശക്തിയാൽ ഗംഗയെ പ്രത്യക്ഷമാക്കി. അതാണ് ഗൗതമീഗംഗ അഥവ ഗോദാവരി ഗംഗ എന്ന് പറയുന്നത്. ത്രയംബകേശ്വരത്തിനു മുകളിലാണ് ബ്രഹ്മഗിരി. ഗൗതമിഗംഗയുടെ ഉല്പത്തിസ്ഥാനമവിടെയാണ്. ഗൗതമന്റെ പ്രഭാവത്തിൽ ഇവിടം ഹരിതാഭമായിത്തീർന്നു. അതിനാൽ അനേകം ഋഷി - മുനിമാർ വിവിധ ദേശങ്ങളിൽ നിന്നും ഇവിടെ വസിക്കാൻ തുടങ്ങി. ഗൗതമന്റെ പ്രഭാവം കണ്ട് അന്യദേശത്തു നിന്നും വന്ന തപസ്വികൾക്ക് ഈർഷ്യതോന്നി. അവർ ഒരു കൃത്രിമ പശുവിനെ ഉണ്ടാക്കിവിട്ടു. അത് ഗൗതമന്റെ പൂന്തോട്ടം നശിപ്പിക്കാൻ തുടങ്ങി. ഗൗതമൻ ഒരു ചെറിയ വൈയ്ക്കോൽക്കെട്ട് കൊണ്ട് അതിനെ അടിച്ചു. അത് ചത്തുവീണു. "ഈ ഗൗതമൻ പശുവിനെക്കൊന്ന പാപിയാണേ! ഭ്രഷ്ടനായേ!" എന്ന് ഈർഷ്യാലുക്കൾ പറഞ്ഞു, ഇതുകേട്ട ഗൗതമി

ചെന്നെത്താൻ സാധിക്കുമായിരുന്നില്ല. ഉപദ്രവം കൂടിയപ്പോൾ എല്ലാവരുടെയും പ്രാർത്ഥനയാൽ അഗസ്ത്യൻ തന്നെയാണ് മുഴുവൻ സമുദ്രവും കുടിച്ചുവറ്റിച്ച് വാതാപിയെ കൊല്ലിച്ചത്. ഇത്ര പ്രതാപശാലിയായ അഗസ്ത്യൻ വരുന്നത് കണ്ട് വിന്ധ്യാപർവ്വത ദേവത പ്രണമിക്കാനായി എത്തി. അങ്ങയുടെ സേവനത്തിനുള്ള അവസരം നൽകിയാലും, ഞാൻ ദാസനാണ് എന്ന് പറഞ്ഞ്, ദണ്ഡനമസ്കാരം ചെയ്തു. മഹർഷി പറഞ്ഞു, ഞാൻ തെക്കുദേശത്തേക്ക് പോകുകയാണ്. ഞാൻ മടങ്ങി വരും വരെ നീ ഇങ്ങനെ ദണ്ഡനമസ്കാരം ചെയ്ത് കിടക്കുക. തല പൊങ്ങരുത് ഇതാണ് ഞാൻ ആവശ്യപ്പെടുന്ന സേവ. വിന്ധ്യാചലം ആജ്ഞ ശിരസ്സാവഹിച്ചു കിടന്നു. ദക്ഷിണദേശത്തേക്ക് പോയ മഹർഷി ഇതുവരെ മടങ്ങി വന്നിട്ടില്ല. അതുവരെ മുകളിലേക്ക് വളർന്നുകൊണ്ടിരുന്ന വിന്ധ്യാചലം ദണ്ഡനമസ്കാരം ചെയ്തതിനാൽ, ബീഹാറിൽ തുടങ്ങി നർമ്മദ വരെ എത്തി നിൽക്കുകയാണിപ്പോൾ. അഗസ്ത്യൻ കാശിവിട്ടുപോകാൻ ഒരിക്കലും ആഗ്രഹിച്ചിരുന്നില്ല. അത്രയും ശിവഭക്തനായിരുന്നു അദ്ദേഹം. സംസാര സമുദ്രത്തെയാണ് അഗസ്ത്യൻ ശോഷിപ്പിച്ചത്, കുടിച്ചു വറ്റിച്ച് അതിലെ രണ്ടു വലിയ അസുരന്മാരെ ഭക്ഷിച്ചു. നാലുചുറ്റും നിന്ന് എന്താണോ താപമുണ്ടാക്കുന്നത് അത് കാമമാണ്. കാമം സന്തപ്തനായ പുരുഷന്റെ എല്ലാ ഇന്ദ്രിയങ്ങളേയും ശരീരത്തേയും ചൂടുപിടിപ്പിക്കും. ത്വഗിന്ദ്രിയം സ്പർശനത്തിനും, ആലിംഗനം ചെയ്യാനും ത്രസിക്കും. നാവും ചുണ്ടുകളും ചുംബിക്കാനായും. ഇപ്രകാരം താപത്തിന് കാരണമായിത്തീരും. വാതാപി എന്നാൽ "വാതം ഇവ ആപയതി" "വാതമിവാപയതി" കാമത്തിന്റെ സഹോദരനാണ് ക്രോധം. "പ്രകമ്പനോ മഹാവായു" ക്രോധം വന്നാൽ ചുണ്ടും ശരീരവും വിറകൊള്ളും ഇവരെയാണ് ഭഗവാൻ ശത്രുക്കളായിരിക്കുന്ന അസുരന്മാരായി പറഞ്ഞത്.

ന് നല്ല പശ്ചാത്താപമുണ്ടായി. എന്താണ് പ്രായശ്ചിത്തമെന്ന് ചോദിച്ചു. പ്രതിവിധിയായി ബ്രഹ്മഗിരിക്ക് നൂറ്റിയെട്ട് പ്രദക്ഷിണം ചെയ്യാൻ പറഞ്ഞു. അദ്ദേഹം അത് ചെയ്തു. എന്തായാലും ബ്രഹ്മഗിരിയിലും ശിവസാന്നിദ്ധ്യം ഉണ്ടല്ലോ. എന്നാൽ മറ്റു ബ്രാഹ്മണർ ഇതുകൊണ്ടും തൃപ്തരായില്ല. അവർ പറഞ്ഞു, ഇതുകൊണ്ടും ശുദ്ധമായില്ല. പ്രയാഗയിൽ മുങ്ങി മരിക്കണമെന്ന് പ്രായശ്ചിത്തമായി വിധിച്ചു. അവസാനം മരിച്ചത് കൃത്രിമ പശുവാണെന്ന് അദ്ദേഹം മനസ്സിലാക്കി. അപ്പോൾ അദ്ദേഹം സകല ബ്രാഹ്മണരേയും ഭിക്ഷക്കാരായിപ്പോകട്ടെ എന്ന് ശപിച്ചു. ഗൗതമൻ വലിയ പരോപകാരി ആയിരുന്നു. തന്റെ തപശ്ചര്യയുടെ ഫലം പരോപകരാർത്ഥം വിനിയോഗിച്ചിരുന്നു. തന്റെ തെറ്റ് ചൂണ്ടിക്കാണിച്ചപ്പോൾ നമ്രതപൂർവ്വം അംഗീകരിച്ചു. ഭഗവാൻ ശങ്കരനെ പൂജിക്കുന്ന സമയത്തും നമ്രഭാവനാരൂപത്തിലുള്ള ഈ ദൈന്യത വേണം. പരോപകാരഭാവനയും എപ്പോഴും ഉണ്ടാകണം.

(തുടരും.....)

**എറണാകുളം കരയോഗം**
**ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ**
**കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ**

**2026 മാർച്ച് 10 മുതൽ ഏപ്രിൽ 10 വരെ**




| | | | | |
|---|---|---|---|---|
| 1. | 11-03-2026<br>18-03-2026<br>25-03-2026<br>01-04-2026<br>08-04-2026 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് – വത്സല. പി. പി | 3.00 p.m - 4.30 p.m. |
| 2. | 12-03-2026<br>19-03-2026<br>26-03-2026<br>02-04-2026<br>09-04-2026 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 3. | 14-03-2026<br>21-03-2026<br>28-03-2026<br>04-04-2026 | ശനി | വേദാന്ത പഠന ക്ലാസ്സ്<br>ആചാര്യൻ കെ. ആർ . നമ്പ്യാർ | 10.00 am - 12.00 pm |
| 4. | 15-03-2026<br>05-04-2026 | ഞായർ | വേദ പഠന കളരി – അരുൺ പ്രഭാകർ | 10.00 am |
| 5. | 15-03-2026 | ഞായർ | സാഹിതീ യോഗം പരിപാടി: ജി. യുടെ കാവ്യലോകം – അവതരണം:– ടി. എൻ. ടി നായർ, ഒ. എൻ. വി സ്മൃതി – അവതരണം:– പത്മജ മേനോൻ | 11.00 a.m |
| 6. | 24-03-2026 | ചൊവ്വ | **ബീം** -കൃതിഖ. എസ് അവതരിപ്പിക്കുന്ന<br>കർണാടക സംഗീത കച്ചേരി | 6.30 p.m. |
| 7. | 29-03-2026 | ഞായർ | എറണാകുളം കരയോഗം സാംസ്കാരികവേദി **അകായിലെ സംഗീതത്തിൽ,** എസ്. പി. വെങ്കിടേഷിന്റെ **അനശ്വര ഗാനങ്ങൾ** | 4.00 p.m |

# *ആത്മബോധം*

## (ശ്രീ ശങ്കരാചാര്യ വിരചിതം)

സി. നാരായണൻ - 9819456012

പൂർണ്ണതയ്ക്കു വേണ്ടിയുള്ള മനുഷ്യന്റെ അന്വേഷണം നൈസർഗികമാണ്. നമ്മുടെ ഓരോ പ്രവൃത്തിയും പൂർണ്ണതയെ ലക്ഷ്യമാക്കിക്കൊണ്ടുള്ളതാണ്. നാം വിദ്യാഭ്യാസം നേടുന്നതും, കുടുംബം തുടങ്ങുന്നതും, ധനം സമ്പാദിക്കുന്നതും കലാസാഹിത്യത്തിൽ ഏർപ്പെടുന്നതുമെല്ലാം ആത്യന്തികമായി പൂർണ്ണത ലക്ഷ്യം വെച്ചുകൊണ്ടു മാത്രമാണ്. സാമാന്യബുദ്ധി പ്രകാരം നാം പൂർണ്ണത അന്വേഷിക്കുന്നത്, അത് നമ്മുടെ സ്വരൂപം ആയതിനാലാവാനേ വഴിയുള്ളൂ. ഏതൊരു വസ്തുവും അതിന്റെ സ്വരൂപത്തിൽ നിന്ന് വ്യതിചലിക്കാനിടവന്നാൽ, പൂർവ്വസ്ഥിതി പ്രാപിക്കാൻ ശ്രമിക്കുന്നതു കാണാം. ഒരു പമ്പരം ശക്തിയായി കറക്കിയാൽ, അതിന്റെ ശ്രമം പൂർവ്വസ്ഥിതിയായ നിശ്ചലത പ്രാപിക്കലായിരിക്കും. ഒരു തടാകത്തിൽ ഓളങ്ങൾ സൃഷ്ടിച്ചാൽ, അവയും എത്രയും പെട്ടെന്ന് അടങ്ങാനാണ് ശ്രമിക്കുക. അതായത് കൃത്രിമമായി വന്നു ചേർന്നത് വിട്ടുകളയാൻ ശ്രമിക്കുന്നു.

ആ യുക്തിപ്രകാരം, അപൂർണ്ണത നമ്മുടെ യഥാർത്ഥ സ്ഥിതിയല്ല. കൃത്രിമമായി വന്നു ചേർന്നതാണ്. വന്നുചേർന്ന എന്തിനെയും നമുക്ക് വിട്ടുകളയാനാവും. സാമാന്യബുദ്ധി മാത്രമല്ല, ഈശ്വരപ്രോക്തമായ ശ്രുതിയും അരുളുന്നത്, നമ്മുടെ സ്വരൂപം പൂർണ്ണത്വമാണെന്നു തന്നെയാണ്.

'പൂർണ്ണമദ! പൂർണ്ണമിദം' എന്ന ഉപനിഷത്ത് വചനത്തിനു പുറമേ ബ്രഹ്മ ലക്ഷണങ്ങളായി തൈതിരിയോപനിഷത്ത് പറയുന്നത് 'സത്യം ജ്ഞാനം അനന്തം' എന്നാണ്. അതിൽ അനന്തം എന്ന വാക്കിന് പൂർണ്ണം എന്നു തന്നെയാണർത്ഥം. നമ്മുടെ സ്വരൂപം പൂർണ്ണത്വമായിരിക്കേ, മായ എന്ന ഒരു സത്തയുടെ മോഹജനകമായ ഒരു ശക്തിക്ക് അടിമകളായി നാം നമ്മുടെ സ്വരൂപം മറക്കുന്നു എന്നാണ് ശ്രുതി പറയുന്നത്. അജ്ഞാനജന്യമായ ആ ഭ്രാന്തിയെ നീക്കി, നമ്മുടെ സ്വരൂപം തിരിച്ചറിയാനുള്ള മാർഗങ്ങളും ശ്രുതി നിർദ്ദേശിക്കുന്നുണ്ട്. സത്യാവസ്ഥയെ മറയ്ക്കുന്ന അജ്ഞാനം ബുദ്ധിയിൽ സ്ഥിതി ചെയ്യുന്നതിനാൽ, അതിന്റെ പ്രതിവിധിയായ ജ്ഞാനവും ബുദ്ധിയിൽ തന്നെ സംഭവിക്കണമല്ലോ. നാം നിരൂപിക്കാൻ പോകുന്ന ആത്മബോധം എന്ന കൃതി, ഭ്രാന്തിയെ ദൂരീകരിച്ച് ശരിയായ ജ്ഞാനം പ്രദാനം ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ട് ശ്രീ ഭഗവദ്പാദരാൽ രചിക്കപ്പെട്ടതാണ്. ഈ കൃതി ഒരു പ്രകരണ ഗ്രന്ഥമാണ്. പ്രകരണ ഗ്രന്ഥമെന്നാൽ ഒരു പ്രത്യേക വിഷയത്തെ ആസ്പദമാക്കി രചിക്കപ്പെട്ടിട്ടുള്ളത്. ആത്മജ്ഞാന പ്രകാശകം എന്നാണ് ആത്മബോധം എന്ന വാക്കിന്റെ നേരിട്ടുള്ള അർത്ഥം. അറുപത്തിയെട്ടു ശ്ലോകങ്ങളുള്ള ഈ കൃതിയെ ഓരോ ശ്ലോകമെടുത്തു നമുക്ക് പരിശോധിക്കാം. ജഗദ് ഗുരുവിന്റെ തൃപ്പാദങ്ങളിൽ നമസ്ക്കരിച്ചു കൊണ്ട് ഈ ഗ്രന്ഥത്തിന്റെ ആദ്യത്തെ ശ്ലോകത്തിലേക്ക് കടക്കാം.

'തപോഭിഃ ക്ഷീണ പാപാനാം
ശാന്താനാം വീതരാഗിണാം
മുമുക്ഷൂണാമപേക്ഷ്യോയം
ആത്മബോധോ വിധീയതേ (1)

| | | |
|---|---|---|
| അയം | = | ആത്മബോധം |
| തപോഭിഃ | = | തപസ്സിനാൽ |
| ക്ഷീണ പാപാനാം | = | പാപമുക്തരായവർ |
| വീതരാഗിണാം | = | രാഗങ്ങളില്ലാത്തവർ |

| | | |
|---|---|---|
| അപേക്ഷ്യ | = | ആയിക്കൊണ്ട് |
| വിധീയതേ | = | ഉപദേശിക്കുന്നു |

(തപസ്സിനാൽ പാപം നീക്കിയവർക്കും, ശാന്തന്മാർക്കും, വിരാഗികൾക്കും, മോക്ഷേച്ഛുക്കൾക്കുമായി ആത്മബോധം എന്ന ഈ കൃതി പ്രമാണമായി ഞാൻ നിർദ്ദേശിക്കുന്നു.)

ഏതൊരു വിദ്യ സമ്പാദിക്കാനും ഒരു ചുരുങ്ങിയ യോഗ്യതയുടെ ആവശ്യമുണ്ട്. ബിരുദാനന്തര പഠനത്തിന് യോഗ്യതയായി ബിരുദം വേണമല്ലോ. അതുപോലെ ബിരുദത്തിനു പഠിക്കാൻ ഹയർസെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാക്കിയിരിക്കണം. അക്കാഡമിക് പഠനത്തിന് മാത്രമല്ല, കായിക പരിശീലനത്തിനു പോലും ശരീരത്തിനു അവശ്യം വേണ്ട യോഗ്യതകളുണ്ട്. അപ്പോൾ ആത്മവിദ്യക്കും ചില യോഗ്യതകൾ വേണമെന്ന് തീർച്ചയാണല്ലോ. ആത്മവിദ്യ അതിസൂക്ഷ്മവും ഗഹനവുമായ ഒന്നാണ്. ആത്മാവെന്നാൽ സ്ഥൂലബുദ്ധിക്ക് വിഷയമാവുകുന്ന ഒന്നല്ല. മൂർത്തമായ ആശയങ്ങളുടെ വ്യാപാരം മാത്രമേ സാധാരണബുദ്ധിക്ക് സാധ്യമാകൂ. ഫിസിക്സായാലും ഗണിതമായാലും അവയുടെ എല്ലാം വിഷയം കാര്യകാരണങ്ങളുടെ പരസ്പര ബന്ധങ്ങളാണ്. എന്നാൽ ആത്മാവ് ഒന്നിന്റേയും കാര്യമല്ല, അവികാരിയായതിനാൽ ഒന്നിനും കാരണമാവുന്നുമില്ല. ആയതിനാൽ ആത്മാവിനെ അറിയുന്ന ജ്ഞാനത്തിനു വ്യത്യാസമുണ്ട്.

ജ്ഞാനം മൂന്നു തരത്തിലുണ്ട്. പ്രത്യക്ഷം, പരോക്ഷം, അപരോക്ഷം എന്നിവയാണ് ആ മൂന്നെണ്ണം. ജ്ഞാനേന്ദ്രിയങ്ങളാൽ നേരിട്ടറിയുന്നതിനെയാണ് പ്രത്യക്ഷജ്ഞാനം എന്നു പറയുന്നത്. എന്നാൽ ജ്ഞാനേന്ദ്രിങ്ങൾക്ക് തൽക്കാലം വ്യാപ്തിയില്ലാത്ത വസ്തുക്കളെക്കുറിച്ചും നമുക്ക് മനസ്സിലാക്കാൻ സാധിക്കാറുണ്ട്. ഉദാഹരണത്തിന്, ദൂരെയൊരു ദിക്കിൽ പുക കണ്ടാൽ അവിടെ അഗ്നി ഉണ്ടെന്ന് മനസ്സിലാക്കാം . അവിടെയുള്ള അഗ്നിസാന്നിധ്യം കാഴ്ചയാലല്ല നാമറിയുന്നത്. പുകയുള്ളയിടത്ത് അഗ്നി ഉണ്ടായേ തീരൂ എന്ന വസ്തുത മുൻനിർത്തി നാമതിന്റെ സാന്നിദ്ധ്യം അനുമാനിക്കുകയാണ് ചെയ്യുന്നത് . ഇതിന് പരോക്ഷജ്ഞാനം എന്നു പറയും. നമ്മുടെ ജ്ഞാനത്തിന്റെ നല്ലൊരു ഭാഗം അത്തരത്തിൽ ഉള്ളതാണ്. ഈ രണ്ടുതരത്തിലുള്ളവ കൂടാതെ മറ്റൊരു തരത്തിലും നാം ഒരു വസ്തുവിനെ അറിയുന്നുണ്ട്. ആ വസ്തുവാണ് എല്ലാവരുടെയും 'ഞാൻ' എന്ന സത്ത. ഞാൻ, എന്റെതന്നെ അസ്തിത്വമറിയുന്നത് കണ്ടിട്ടോ തൊട്ടിട്ടോ അല്ലല്ലോ. ഞാൻ എന്റെ അസ്തിത്വം അനുമാനിക്കുകയുമല്ല ചെയ്യുന്നത്. ഞാൻ അറിവ് തന്നെ ആയതുകൊണ്ടാണ്, കണ്ണിനും മറ്റിന്ദ്രിയങ്ങൾക്കു പോലും അറിയാനുള്ള കഴിവു ലഭിക്കുന്നത്. ഇങ്ങനെ യാതൊരുവിധ പ്രമാണങ്ങളുടെയും സഹായമില്ലാതെ സ്വയം അറിയുന്നതിനെ അപരോക്ഷജ്ഞാനം എന്നു പറയും. ഇന്ദ്രിയങ്ങളിലൂടെ അല്ലാത്തതായതിനാൽ പ്രത്യക്ഷമല്ല, എന്നാൽ ഏറ്റവും നേരിട്ടായതിനാൽ പരോക്ഷവുമല്ല. ഉപനിഷത്തുകൾ പറയുന്നു.

'യത്സാക്ഷാതപരോക്ഷാത് ബ്രഹ്മ'

(യാതൊന്നാണോ അപരോക്ഷമായറിയപ്പെടുന്നത്, അതാണ് ബ്രഹ്മം) ഞാൻ എന്നെത്തന്നെ അറിയുന്നത് അപരോക്ഷമായാണ്. ശ്രുതി പറയുന്നു, അപരോക്ഷമായി അറിയപ്പെടുന്നത് ബ്രഹ്മമാണെന്ന്. അപ്പോൾ ഞാൻ ബ്രഹ്മമാണെന്ന് സിദ്ധമായി. അഹം ബ്രഹ്മാസ്മി (ഞാൻ ബ്രഹ്മം ആകുന്നു) എന്ന മഹാവാക്യത്തിന്റെ അർത്ഥം അതാണ്. 'അയം ആത്മാ ബ്രഹ്മ' എന്ന മഹാവാക്യത്താൽ ആത്മാവും ബ്രഹ്മവും ഒന്നുതന്നെയാണെന്നും പറയുന്നു. അതുകൊണ്ട് ബ്രഹ്മം, ഞാൻ, ആത്മാ ഇവയെല്ലാം ഒരേ വസ്തുവിനെത്തന്നെയാണ് സൂചിപ്പിക്കുന്നത്. മുൻപ് സൂചിപ്പിച്ച പോലെ , ഇത്രയും അടുത്തായിട്ടും, അല്ല ഞാൻ തന്നെ ആയിട്ടും, അപരിമിത ആനന്ദമായ ബ്രഹ്മത്തെ അറിയാത്തത് മായ എന്ന അത്ഭുതശക്തിയുടെ പ്രഭാവത്താലാണ്.

മായക്ക് ആവരണം, വിക്ഷേപം എന്നിങ്ങനെ രണ്ടുതരം ശക്തികളുണ്ട്. രണ്ടിനേയും കൂട്ടി അജ്ഞാനം എന്നു പറയും. ഈ അജ്ഞാനം ആത്മാവിനെക്കുറിച്ചാണ്. അതായത്, ഇപ്പോൾ ഞാൻ എന്നെത്തന്നെ അറിയുന്നത് തെറ്റായ രൂപത്തിലാണ്. ആ അജ്ഞാനത്തെ യഥാർത്ഥ ജ്ഞാനം കൊണ്ടു മാത്രമേ തിരുത്താനാവൂ. എന്നെക്കുറിച്ച് അല്ലെങ്കിൽ ആത്മാവിനെ കുറിച്ചുള്ള യഥാർത്ഥ ജ്ഞാനമാണ് ആത്മബോധം എന്ന് പേരുള്ള ഈ കൃതിയുടെ പ്രമേയം. ഈ ജ്ഞാനം സ്വീകരിക്കേണ്ടത് നമ്മുടെ ബുദ്ധിയാണ്. മുൻപറഞ്ഞ പോലെ ആത്മജ്ഞാനത്തെ ഉൾക്കൊള്ളാൻ ബുദ്ധിയെ തയ്യാറാക്കേണ്ടതുണ്ട്. അതാണ് ഈ ശ്ലോകം കൊണ്ട് ആചാര്യൻ ഉദ്ദേശിക്കുന്നത്. ശ്ലോകത്തിന്റെ ആദ്യത്തെ വരി

തപോഭിഃ ക്ഷീണപാപാനാം

എന്നാണ്. അതായത്, തപസ്സിനാൽ പാപം നശിപ്പിച്ചവർക്കായി എന്നർത്ഥം. പാപം എന്ന പദം കൊണ്ടുദ്ദേശിക്കുന്നത് ദുരിതം എന്നാണ്. മുൻജന്മങ്ങളിൽ ആർജ്ജിച്ച പാപങ്ങളാണ് ദുരിതങ്ങൾ. അത് ആത്മാന്വേഷണത്തിന് പ്രതികൂലമായി നിൽക്കും. ഈ ദുരിതങ്ങളെ തപസ്സുകൊണ്ട് നിർവീര്യമാക്കണമെന്നാണ് ആചാര്യർ നിർദ്ദേശിക്കുന്നത്. തപസ്സന്നൊൽ സ്വധർമ്മം അനുസരിച്ചുള്ള അച്ചടക്കത്തോടുള്ള ജീവിതമാണ്. ന്യായമായ രീതിയിലുള്ള ധനസമ്പാദനമോ ആഗ്രഹപൂർത്തീകരണങ്ങളോ ഉപേക്ഷിക്കാൻ വേദാന്തം നിഷ്ക്കർഷിക്കുന്നില്ല. അർത്ഥകാമങ്ങൾ എന്ന പുരുഷാർത്ഥങ്ങൾ ധർമ്മത്തിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടായിരിക്കണം ചെയ്യേണ്ടത് എന്നുമാത്രം.

അടുത്തതായി ശാന്താനാം എന്ന വിശേഷണമാണ് ഉപയോഗിക്കുന്നത്. മനസ്സ് അശാന്തമാകുന്നത്, അത്യന്തം രജോഗുണസ്വഭാവമുള്ള ആഗ്രഹങ്ങൾ വെച്ചുപുലർത്തുന്നതു കൊണ്ടാണ്. അവയെ ഉപേക്ഷിക്കലാണ് ശാന്തതക്കുള്ള ഉപായം. വീതരാഗിണാം എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്, വിഷയങ്ങളോടുള്ള ആസക്തിയിൽ നിന്നും വിമുക്തമാകൽ. അവസാനത്തെ യോഗ്യതയായി പറയുന്നത്, മുമുക്ഷുത്വമാണ്. മമുക്ഷുത്വമെന്നാൽ മോക്ഷേഛ. എല്ലാ പരിമിതിയിൽ നിന്നും, മർത്യതയിൽ നിന്നുമുള്ള മോചനമെന്നർത്ഥം.

ഒരു ഗ്രന്ഥത്തിന്റെ പഠനത്തിനു അത്യാവശ്യമായ നാലു ഘടകങ്ങളെ അനുബന്ധചതുഷ്ടയം എന്ന് വിളിക്കുന്നു. വിഷയം, പ്രയോജനം, സംബന്ധം, അധികാരിത്വം എന്നിവയാണ് ആ നാലെണ്ണം. ആദ്യ ശ്ലോകത്തിൽ ആചാര്യർ ആ നാലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഗ്രന്ഥത്തിന്റെ വിഷയം, 'ആത്മബോധം' എന്ന ഗ്രന്ഥനാമം തന്നെയാണ്. അതായത് ഈ ഗ്രന്ഥം കൈകാര്യം ചെയ്യുന്ന പ്രമേയം ആത്മബോധം അല്ലെങ്കിൽ ആത്മജ്ഞാനമാണ്. രണ്ടാമതായി പ്രയോജനം. അത് മുമുക്ഷു എന്ന വാക്കിൽ ഒതുങ്ങുന്നുണ്ട്. മോക്ഷമാണ് ഈ ഗ്രന്ഥ പഠനത്തിന്റെ പ്രയോജനം. ഗ്രന്ഥനാമവും പ്രമേയവും തമ്മിലുള്ള സംബന്ധം തുലോം വ്യക്തമാണ്. തപസ്സു കൊണ്ടു പാപം അകറ്റിയവർ, ശാന്തന്മാർ, വിരാഗികൾ, മുമുക്ഷുക്കൾ എന്നിവരാണ് ഈ ഗ്രന്ഥ പഠനത്തിനധികാരികൾ. നമ്മുടെ ആചാര്യന്മാർ അദ്ധ്യാത്മപഠനത്തിനു വേണ്ടിയുള്ള അധികാരിത്വത്തിന് വളരെ പ്രാധാന്യം കൊടുത്തിട്ടുണ്ട്. അവരതിനെ ശാസ്ത്രീയമായി 'സാധന ചതുഷ്ടയം' എന്ന് പറയും. നാല് പ്രാഥമിക യോഗ്യതകളാണ് ആ വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്. വിവേകം, വൈരാഗ്യം, ശമ ദമാദി ഷട്കസമ്പത്തി, മുമുക്ഷുത്വം എന്നിവയാണ് ആ നാലു യോഗ്യതകൾ. വിവേകം എന്ന വാക്കുകൊണ്ട്, നിത്യാനിത്യങ്ങളെ തിരിച്ചറിയാനുള്ള കഴിവാണ് സൂചിപ്പിക്കുന്നത്. ക്ഷണികമായവയെ വിട്ടുകളഞ്ഞ് 9 വിരാഗമാണത്. മൂന്നാമത്തേതായ ഷട്ക സമ്പത്തി ശമം, ദമം, ഉപരതി, തിതിക്ഷ, ശ്രദ്ധ, സമാധാനം എന്നീ ആറു ഗുണങ്ങളാണ്.

ശമമെന്നാൽ മനോനിഗ്രഹം, ദമമെന്നാൽ ഇന്ദ്രിയനിഗ്രഹം. ഉപരതിയെന്നാൽ വിഷയസുഖങ്ങളിൽ മുഴുകാതിരിക്കൽ, തിതിക്ഷയെന്നാൽ പ്രതികൂല സാഹചര്യങ്ങളെ സഹിക്കൽ, സമാധാനമെന്നാൽ മനസ്സിന്റെ സംയമനം, ശ്രദ്ധയെന്നാൽ ഗുരുവിലും ശ്രുതിയിലുമുള്ള വിശ്വാസം. മോക്ഷേഛയെയാണ് മുമുക്ഷുത്വം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. സ്കൂളിലേക്കു വരുമ്പോൾ പുസ്തകം കൊണ്ടുവരണമെന്ന് ഒന്നാം ക്ലാസിലെ വിദ്യാർത്ഥിക്ക് പ്രധാന അധ്യാപകന്റെ നിർദ്ദേശമുണ്ടായേക്കും. പക്ഷേ വിദ്യാർത്ഥിയുടെ അമ്മ അവനെ സ്കൂളിലേക്ക് പറഞ്ഞയക്കുന്നത് വെറും പുസ്തകത്തോടു കൂടി മാത്രമായായിരിക്കില്ല. അവന്റെ ചോറു പാത്രത്തിൽ അവനിഷ്ടമുള്ള ആഹാരം വെയ്ക്കാനും, കുപ്പിയിൽ വെള്ളമുണ്ടെന്ന് ഉറപ്പുവരുത്താനും, പോക്കറ്റിൽ കർച്ചീഫ് വെക്കാനും ഷൂവിന്റെ ചരട് ശരിക്കു കെട്ടിയിട്ടുണ്ടെന്നും അമ്മ ശ്രദ്ധിക്കും.

അതുപോലെയാണ് ശ്രീകൃഷ്ണഭഗവാൻ ഭഗവദ്ഗീതയിലെ പതിമൂന്നാം അധ്യായത്തിലെ എട്ടു മുതൽ പന്ത്രണ്ട് വരെയുള്ള അഞ്ചു ശ്ലോകങ്ങളിലൂടെ ബ്രഹ്മാന്വേഷണത്തിനു നമ്മെ തയ്യാറാക്കുന്നത്. ഇരുപതു മൂല്യങ്ങളാണ് ഭഗവാൻ നമ്മെ ഓർമിപ്പിക്കുന്നത്. അമാനിത്വം, അദംഭിത്വം, അഹിംസ, ക്ഷാന്തി, ആർജവം, ആചാര്യോപാസനം, ശൗചം, സ്ഥൈര്യം, ആത്മവിനിഗ്രഹം, ഇന്ദ്രിയവിഷയങ്ങളോടുള്ള വൈരാഗ്യം, അനഹങ്കാരം, ജരാവ്യാധികൾ ജീവിതത്തിന്റെ ഭാഗമാണെന്ന് മനസ്സിലാക്കൽ, പുത്രദാരങ്ങളിൽ അനാസക്തി, അവരുടെ സുഖദുഃഖങ്ങളിൽ അഭിമാനമില്ലായ്മ, എല്ലാറ്റിലൂം സമചിത്തത്വം, ഈശ്വരനിൽ അനന്യഭക്തി, ഏകാന്തവാസത്തോടഭിരുചി, ദുർജനങ്ങളുമായി സംസർഗം ഇല്ലായ്മ, ജ്ഞാനം മോക്ഷകാരണമാണെന്ന അറിവ്. ഇവയാണ് ഭഗവാൻ പറയുന്ന മൂല്യങ്ങൾ. ഈ യോഗ്യതകൾ വേണമെന്ന് പറഞ്ഞിട്ടുള്ളത് നമ്മെ നിരുത്സാഹപ്പെടുത്താനല്ല. ആത്മീയമാർഗ്ഗത്തിൽ പുരോഗതി കൈവരിക്കുന്നില്ലെങ്കിൽ എന്താണതിനു കാരണമെന്നന്വേഷിക്കാൻ ആത്മപരിശോധനയ്ക്കു വേണ്ടിയാണ് ഈ മൂല്യങ്ങൾ തന്നിട്ടുള്ളത്. ഇതിൽ പറഞ്ഞിട്ടുള്ളതിനെല്ലാമുള്ള ഒരു പ്രത്യേകത എന്തെന്നാൽ, ഇവയെല്ലാം പരസ്പരം ബന്ധപ്പെട്ടാണ് കിടക്കുന്നത്. അതിനാൽ, ഇന്ദ്രിയ വിഷയങ്ങളോടുള്ള വൈരാഗ്യവും ഈശ്വര ഭക്തിയുമുണ്ടെങ്കിൽ ബാക്കിയുള്ളവ സമ്പാദിക്കൽ എളുപ്പമായിരിക്കും.

(തുടരും.....)




# തെക്കേമാരിയമ്മൻ കോവിൽ

## മീനഭരണി ഗുരുതി ഉത്സവം

**2026 മാർച്ച് 20, 21, 22 തീയതികളിൽ**

**2026 മാർച്ച് 22-ാം തീയതി ഞായറാഴ്ച ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിന്റെ കാർമ്മികത്വത്തിൽ**

**വിശേഷാൽ വലിയ ഗുരുതി**

**നടത്തുന്നതാണ്.**

## എറണാകുളം കരയോഗം

# വിഷു വിപണനമേള 2026

**02 – 04 – 2026 വ്യാഴാഴ്ച മുതൽ 15 – 04 – 2026 ബുധനാഴ്ച വരെ**
**ടി. ഡി. എം ഹാളിൽ**

ഏപ്രിൽ മാസം 2 – ാം തീയതി രാവിലെ 10.00 ന് വിഷു വിപണന മേള ആരംഭിക്കുന്നു. ഉപ്പേരികൾ, കൊണ്ടാട്ടങ്ങൾ, പാലട, വിവിധയിനം പ്രഥമനുകൾ എന്നിവ ടി. ഡി. എം ഹാളിലെ വിഷു വിപണനമേളയിൽ നിന്നും ലഭിക്കുന്നതാണ്. എല്ലാ ദിവസവും രാവിലെ 10.30 മുതൽ വൈകുന്നേരം 7.00 മണി വരെയായിരിക്കും വിപണനമേളയുടെ കൗണ്ടർ പ്രവർത്തിക്കുന്നത്.

## *വിഷു – പ്രഥമനുകൾ , വിഷു – സദ്യ*

**(ചോറ് ഒഴികെ)**

*വിഭവങ്ങൾ*

2 ഇനം പ്രഥമനുകൾ, സാമ്പാർ, അവിയൽ, കാളൻ, ഓലൻ, എരിശ്ശേരി, പച്ചടി, കിച്ചടി, തോരൻ, അച്ചാർ (3 തരം), ഉപ്പേരി (2 തരം), പരിപ്പ്, നെയ്യ്, മോര്, രസം, പപ്പടം, പഴം, ഇല

എന്നിവ അടങ്ങിയ **4 പേർക്കുള്ള സദ്യ കിറ്റൊന്നിന് 1500/- രൂപ**

പ്രഥമനുകൾ / സദ്യകിറ്റ് ഇവ മുൻകൂറായി ബുക്കു ചെയ്യുവാൻ ഏപ്രിൽ മാസം 8 – ാം തീയതി മുതൽ 13 – ാം തീയതി വരെ രാവിലെ 11.00 മണി മുതൽ വൈകുന്നേരം 4.00 മണി വരെ ടി. ഡി. എം ഹാളിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

വിഷു ദിവസം രാവിലെ 9 നും 10.30 നും ഇടയ്ക്ക് മാത്രമേ ബുക്ക് ചെയ്ത പ്രഥമനുകൾ / സദ്യകിറ്റ് ഇവയുടെ വിതരണം ഉണ്ടായിരിക്കുകയുള്ളൂ. അതുകൊണ്ട് കൃത്യസമയത്ത് തന്നെ എത്തി പ്രഥമനുകൾ / സദ്യകിറ്റ് എന്നിവ ഏറ്റുവാങ്ങേണ്ടതാണ് എന്ന് അറിയിക്കുന്നു.

എറണാകുളം കരയോഗം മാംഗല്യ ട്രസ്റ്റ്

**N.B:** വിപണനമേളയിൽ നിന്ന് ഉൽപന്നങ്ങൾ വാങ്ങുവാൻ വരുന്നവർ ക്യാരീബാഗ് കൊണ്ടുവരേണ്ടതാണ്.

# ആഗോള താപനം - പ്രതിബന്ധങ്ങളും ദുരന്തങ്ങളും

എൻ. രാജശേഖരൻ - 9895550719

(തുടർച്ച.....)

**അടിയന്തിര പരിഹാര മാർഗ്ഗങ്ങൾ :- ജന ശ്രദ്ധയ്ക്ക്**

ആഡംബര പൂർണ്ണമായ ജീവിതത്തിൽ നിന്ന് മിതത്വത്തിലേക്ക് മാറി ലളിതമായ ജീവിതം നയിക്കാൻ തയ്യാറാകണം. എന്ത് വന്നാലും ഒന്നും സംഭവിക്കില്ല എന്ന ചിന്താഗതി ഉടൻ തന്നെ മാറ്റിയെടുത്ത്, കാര്യങ്ങളെ അതീവ ഗൗരവമായി കാണാൻ മനസ്സിനെ മാറ്റിയെടുക്കണം. മനുഷ്യ മനസ്സുകളിൽ വലിയ മാറ്റങ്ങൾ വരുത്താൻ ഓരോരുത്തരും മനഃപ്പൂർവ്വം ശ്രമിക്കണം. കരുണയിലേക്കും, ദയയിലേക്കും മനസ്സിനെ മാറ്റിയെടുക്കണം.

കാർബൺഡൈഓക്സൈയിഡിന്റെ (Co2) അന്തരീക്ഷത്തിലേക്കുള്ള അഭൂതപൂർണ്ണമായ വ്യാപനം എന്ത് വിലകൊടുത്തും തടയേണ്ടതുണ്ട്. ഇക്കാര്യത്തിൽ നമുക്ക് ചെയ്യാൻ കഴിയുന്ന ഏക മാർഗ്ഗം മരങ്ങൾ വ്യാപകമായി വെച്ച് പിടിപ്പിക്കുക എന്നത് മാത്രമാണ്. മരങ്ങളെപ്പോലെയോ, അതിലും ഉപരിയായോ ഇക്കാര്യത്തിൽ നമ്മെ സഹായിക്കുന്നത് മുളകളാണ്. മരങ്ങളും മുളകളും അന്തരീക്ഷത്തിൽ വ്യാപിച്ചു കിടക്കുന്ന കാർബൺഡൈഓക്സൈഡിനെ വലിച്ചെടുത്ത് നമുക്ക് ആവശ്യമുള്ള ഓക്സിജനെ നൽകുക എന്ന അതിമഹത്തായ സേവനമാണ് നൽകുന്നതെന്ന കാര്യം ഓരോരുത്തരും ഓർക്കേണ്ടതാണ്. അന്തരീക്ഷത്തിൽ ഓക്സിജൻ കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിൽ ഈ പ്രവർത്തി എത്ര മഹത്താണ് എന്ന് സ്മരണയിലിരിക്കണം. നിരത്തുകൾക്കിരുവശത്തും, ജംഗ്ഷനുകളിൽ, പാർക്കുകളിൽ, ബസ്സ്സ്റ്റാൻഡുകളിൽ, ഓട്ടോസ്റ്റാൻഡുകളിൽ, സ്കൂൾ കോമ്പൗണ്ടുകളിൽ അങ്ങനെ എത്ര ഒഴിഞ്ഞ സ്ഥലമുണ്ട് നമുക്ക്. അവിടെയെല്ലാം മരങ്ങളും മുളകളും നട്ടുപിടിപ്പിക്കാം. അങ്ങനെ ചുട്ടുപഴുക്കുന്ന നമ്മുടെ ഭൂമിയെ നമുക്ക് രക്ഷിക്കാം. സ്വന്തം സ്ഥലത്ത് നിറയെ മരങ്ങൾ നട്ടുപിടിപ്പിച്ച് വനമാക്കി മാറ്റിയ കായംകുളം സ്വദേശി ദേവകി അമ്മ, പ്രൊഫ. തങ്കമണി, മാലിപ്പുറം സ്വദേശി മുരുകേശൻ അങ്ങനെ എത്രയോ മഹത് വ്യക്തികൾ നമുക്ക് ചുറ്റുമുണ്ട്. അവരെ നമുക്ക് മാതൃകയാക്കാം.

അതുപോലെ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ പരിസ്ഥിതിസംരക്ഷണ സംഘടനകളും മുന്നോട്ടു വരണം. ഇത് ഈ ലോകത്തിന്റെ നന്മയ്ക്ക് വേണ്ടിയും കൂടാതെ ജീവിക്കുന്ന കോടാനുകോടി ജന്തുജാലങ്ങൾക്കും നമ്മുടെ അനന്തര തലമുറയ്ക്കും വേണ്ടിയുള്ള അതിമഹത്തായ സേവനമാണെന്ന് ഓർക്കണം. കൂടാതെ ഇപ്പോൾ 4, 5 സെന്റ് സ്ഥലത്ത് മിയാവാക്കി വനങ്ങൾ വച്ചുപിടിപ്പിക്കാൻ കഴിയുന്നതാണ്.

കാർബൺഡൈഓക്സൈഡിന്റെ (Co2) അന്തരീക്ഷത്തിലേക്കുള്ള വ്യാപനം തടയാൻ ഏറ്റവും ഫലപ്രദമായ മാർഗ്ഗം വ്യാപകമായി മരങ്ങൾ വെച്ചുപിടിപ്പിക്കുക എന്നത് തന്നെയാണ്. വൃക്ഷങ്ങൾ വെട്ടിനശിപ്പിക്കുമ്പോൾ അന്തരീക്ഷത്തിൽ ജലാംശം പ്രദാനം ചെയ്യുന്ന ഉറവിടമാണ് നാം ഇല്ലാതാക്കുന്നത്. മരങ്ങളും അവയുടെ ശാഖകളും നിഷ്കരുണം നാം അരിഞ്ഞ് വീഴ്ത്തുമ്പോൾ അന്തരീക്ഷത്തിലെ കാർബൺഡൈഓക്സൈഡിനെ വലിച്ചെടുക്കുന്ന മഹത്തായ സേവനമാണ് ഇല്ലാതാക്കുന്നത്. ഒരു ഹെക്ടർ വനം 750 ടൺ കാർബൺഡൈഓക്സൈഡിനെയാണ് അന്തരീക്ഷത്തിൽ നിന്ന് നീക്കം ചെയ്യുന്നതെന്ന് സ്മരണയിലിരിക്കണം.

നിരത്തുകൾക്കിരുവശത്തും , ജംഗ്ഷനുകളിൽ, ഓട്ടോസ്റ്റാൻഡുകളിൽ, ബസ്സ്റ്റാൻഡുകളിൽ, പാർക്കുകളിൽ, ക്ഷേത്രപരിസരങ്ങളിൽ, പള്ളിവക സ്ഥലങ്ങളിൽ - അങ്ങനെ എത്രയെത്ര സ്ഥലങ്ങളുണ്ട് നമുക്ക്. അവിടെയെല്ലാം മരങ്ങൾ വെച്ചുപിടിപ്പിക്കണം. കൂടാതെ വിശുദ്ധ സർപ്പക്കാവുകൾ പുനരുദ്ധരിക്കണം. കൂടുതൽ മരങ്ങൾ വെച്ചുപിടിപ്പിക്കുന്നവർക്ക് വൃക്ഷമിത്ര അവാർഡും, ക്യാഷ് അവാർഡും നൽകണം. വിശുദ്ധകാവുകൾ, വ്യക്തികൾ നട്ട് സംരക്ഷിച്ചു വരുന്ന ചെറുവനങ്ങൾ, എന്നിവകൾക്ക് സംരക്ഷണ വേതനം നൽകണം. പല യൂറോപ്യൻ രാജ്യങ്ങളിലും ഇത്തരം സംരക്ഷണ വേതനം നൽകി വരുന്നുണ്ട്. അനധികൃതമായി മരം മുറിച്ചാൽ സൗദി അറേബ്യയിൽ 59 കോടി രൂപ പിഴയും 10 വർഷം തടവുമാണ് ശിക്ഷ. ആഡംബര പൂർണ്ണമായ ജീവിതത്തിൽ നിന്ന് മിതത്വത്തിലേക്ക് മാറി ലളിതമായി ജീവിതം നയിക്കാൻ തയ്യാറാകണം. എന്ത് വന്നാലും ഒന്നും സംഭവിക്കില്ല എന്ന ഭൂരിഭാഗം ജനങ്ങളുടെ ചിന്താഗതി മാറ്റിയെടുത്ത് കാര്യങ്ങളെ ഗൗരവമായി കാണാൻ മനുഷ്യർ തയ്യാറാകണം.

ജൈവ സമ്പന്നവും, പ്രകൃതി മനോഹരവുമായിരുന്ന ഈ ഭൂമിയെ നാം മാലിന്യകൂമ്പാരമാക്കി മാറ്റിയില്ലേ? മാലിന്യങ്ങൾ വലിച്ചെറിഞ്ഞ് നമുക്ക് ജീവിക്കാൻ തന്ന ഭൂമി, സമുദ്രം, നദികൾ, പുഴകൾ, കുളങ്ങൾ, നെൽവയലുകൾ തുടങ്ങിയവയെല്ലാം മലിനമാക്കുകയോ നശിപ്പിക്കുകയോ ചെയ്തു കഴിഞ്ഞു. ഈ ഭുമിയിലുള്ളതെല്ലാം സമസ്ത ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണെന്ന് എപ്പോഴും ഓർക്കണം.

ഇപ്പോഴെങ്കിലും, ഈ അവസാന നാളുകളിലെങ്കിലും പരിസ്ഥിതിയോടുള്ള പ്രതിപ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ മനുഷ്യൻ - ഈ ഭൂമിയിലെ ചിന്താശക്തിയുള്ള ഏക ജീവി - മുന്നോട്ടു വരണ്ടതാണ്. ഇപ്പോൾ അതിന് തയ്യാറായില്ലെങ്കിൽ ഈ ഭൂമുഖത്ത് നിന്ന് മനുഷ്യന്റെ മാത്രമല്ല സർവ്വ ജീവജാലങ്ങളുടെയും സർവ്വനാശത്തിലായിരിക്കും അവസാനിക്കുക. പ്രകൃതി നൽകാൻ പോകുന്ന തിരിച്ചടി അത്ര ഭയാനകവും, ഭീകരവുമായിരിക്കും

മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലകളെയും തച്ചുടക്കുന്ന ഈ ആഗോള താപനവും അതിതീവ്ര കാലാവസ്ഥമാറ്റങ്ങളും, പലരും വിചാരിക്കുന്നതുപോലെ അനേക വർഷങ്ങൾക്കുശേഷം മാത്രം സംഭവിക്കാനിരിക്കുന്ന ഒരു കാര്യമല്ല. ഇത് ഒരു വർത്തമാന കാലാവസ്ഥ അനുഭവമാണ്. കൂടുതൽ കൂടുതൽ ദുരന്തങ്ങൾ എത്താൻ ഇനി വൈകില്ല. മനുഷ്യന്റെ ആരോഗ്യവും, പണവും, സമ്പാദ്യവുമെല്ലാം ഇല്ലാതാക്കുന്ന ഈ പ്രതിസന്ധിയുടെ ആരംഭം എങ്ങനെയാണെന്ന് ആർക്കുമറിയില്ല എന്നതാണ് സത്യം. ലോകത്തിന്റെ മൊത്തം കാലാവസ്ഥയും, പരിസ്ഥിതിയും ആവാസവ്യവസ്ഥകളുമെല്ലാം മാറ്റി മറിക്കുന്ന ഈ ഭയാനക പ്രതിഭാസത്തിന്റെ പ്രതിഫലനം നൂറ്റാണ്ടുകളോളം തുടരുമെന്നാണ് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നത്.

മഹാമാരിയുടെ നാളുകളിൽ വീടുകൾക്കുള്ളിൽ ഒതുങ്ങിക്കഴിഞ്ഞിരുന്ന മനുഷ്യൻ, അതെല്ലാം തന്നെ മറന്ന് പഴയ ദുഷ്പ്രവർത്തികൾ ആവർത്തിക്കുകയാണല്ലോ ഇപ്പോഴും. സർവ്വനാശത്തിൽ അവസാനിക്കുന്ന ഈ പ്രവർത്തികളിൽ നിന്നെല്ലാം മനുഷ്യൻ പിന്മാറേണ്ടതുണ്ട്. അന്തരീക്ഷതാപനിലയും, തീവ്രകലാവസ്ഥാമാറ്റങ്ങളും ഇപ്പോൾ നിയന്ത്രിക്കാനെങ്കിലും നമുക്ക് കഴിഞ്ഞില്ലെങ്കിൽ പിന്നെ ഒരിക്കലും അതിന് കഴിഞ്ഞില്ലെന്ന് വരും. ചർച്ചകൾക്കും, പ്രഭാഷണങ്ങൾക്കും മറ്റുമായി സമയം പാഴാക്കാതെ, ചെയ്യാനുള്ള ചെറിയ പ്രവർത്തികളെങ്കിലും ചെയ്ത് അന്തരീക്ഷത്തിലെ കാർബണിന്റെ സാന്നിദ്ധ്യം കുറക്കാൻ നമുക്ക് പരമാവധി ശ്രമിക്കാം. അഞ്ചു വർഷം നാം പ്രവർത്തിച്ചാൽ ഈ വൻദുരന്തങ്ങളിൽ നിന്ന് നമ്മുടെ

ഭൂമിയെ രക്ഷിക്കാൻ കഴിയും. വേഗമാകട്ടെ നമുക്ക് ഒരുമിച്ച് നിന്ന് പ്രവർത്തിക്കാം. ഇനി വെറുതെ കളയാൻ സമയമൊട്ടുമില്ല.

### ദുരന്തങ്ങളെത്താൻ ഇനി വൈകില്ല

ദുരന്തങ്ങളെത്താൻ ഇനി വൈകില്ല. കാലാവസ്ഥ ദുരന്തങ്ങൾ മനുഷ്യന് മേൽ പതിക്കാൻ കുറെ വർഷങ്ങൾ കുടി കഴിയുമെന്ന ധാരണയാണ് ഗവേഷകർക്ക് പോലും ഇതുവരെ ഉണ്ടായിരുന്നത്. എന്നാൽ 2025- ൽ തന്നെ തുടക്കമുണ്ടാകുമെന്നാണ് ലോകമെമ്പാടുമുള്ള 41 കാലാവസ്ഥാ ശാസ്ത്രജ്ഞന്മാർ ഇപ്പോൾ മുന്നറിയിപ്പ് നൽകിയിരിക്കുന്നത്. ഈ പ്രതിസന്ധി എവിടെ നിന്നായിരിക്കുമെന്നോ, മനുഷ്യന്റെ ആരോഗ്യവും പണവുമെല്ലാം ഇല്ലാതാക്കുന്ന ഈ പ്രതിസന്ധിയുടെ ആരംഭം എങ്ങനെയാണെന്നോ ആർക്കുമറിയാമായിരുന്നില്ല. എന്നാൽ, ഒരു കാര്യം ഇപ്പോൾ ഏറെക്കുറെ വ്യക്തമാകുന്നു. കാലാവസ്ഥ മാറ്റങ്ങളുടെ വരാൻ പോകുന്ന എല്ലാ പ്രതിസന്ധികളും ജനജീവിതം ദുസ്സഹമാക്കുമെന്ന് പുതിയ പഠനങ്ങൾ വ്യക്തമാക്കുന്നു. എല്ലാവരെയും ഒരുപോലെ ബാധിക്കുന്നതും ഭീതിജനകമായ മാറ്റങ്ങൾക്ക് എല്ലാവരും ഇരയാകുന്നതുമാണ് എന്നതിൽ സംശയിക്കേണ്ടതില്ല. നിലക്കാത്ത അതിശക്തമായ മഴക്കും ഉരുൾപൊട്ടലിനും, ചുഴലിക്കാറ്റിനും ഭയാനകമായ വരൾച്ചക്കും ഇരയാകേണ്ടി വരും, ഒരു തെറ്റും ചെയ്യാത്ത പാവങ്ങൾ പോലും.

കാലാവസ്ഥയിൽ വലിയ മാറ്റങ്ങളാണ് വരുന്നത്! അതാകട്ടെ, ഭൂമിയിലെ ജീവന്റെ നിലനിൽപ്പിനുവരെ വൻ ഭീഷണിയാകും. പുതിയ ഗവേഷണ റിപ്പോർട്ടുകളും അത് തന്നെയാണ് പറയുന്നത്. ലോകം മുഴുവനുമുള്ള കാലാവസ്ഥയെ സ്വാധീനികരിക്കുന്നതാണ് 'ഗൾഫ് ഡീം' ഉൾപ്പെടുന്ന അറ്റ്ലാന്റിക് സമുദ്ര പ്രവാഹങ്ങൾ. ഇതിലെ ഒരു സംവിധാനം 2030 - കളുടെ അവസാനത്തിൽ തകരുക തന്നെ ചെയ്യും. ഇത് സംഭവിച്ചു കഴിഞ്ഞാൽ ലോകത്തിലെ മൊത്തം കാലാവസ്ഥയും, പരിസ്ഥിതിയും, ആവാസവ്യവസ്ഥകളുമെല്ലാം തന്നെ മാറിമറിയുമെന്നതാണ് മറ്റൊരു ഭയാനകമായ വസ്തുത. ഇതിന്റെ പ്രതിഫലനം നൂറ്റാണ്ടുകളോളം തുടരുന്നതുമാണ്. ലോകത്തിലെ 41 പരിസ്ഥിതി ഗവേഷകരാണ് ഇവ പുറത്ത് വിട്ടിരിക്കുന്നത്.

### ആറാം കൂട്ടവംശ നാശം

ഭൂമി ഇപ്പോൾ ആറാം കൂട്ടവംശനാശത്തിന്റെ പടിവാതിൽക്കൽ എത്തി നിൽക്കുകയാണെന്ന് മയാമി സർവ്വകലാശാലയിലെ റോബർട്ട് കോവി എന്ന ശാസ്ത്രജ്ഞന്റെ നേതൃത്വത്തിൽ നടത്തിയ പഠനങ്ങൾ വ്യക്തമാക്കിയിരിക്കുന്നു. നേരത്തെ ഭൂമിയിൽ നടന്ന അഞ്ചു കൂട്ടവംശനാശങ്ങളും പ്രകൃതിപരമായ കാരണങ്ങൾ കൊണ്ടാണ് സംഭവിച്ചത്. എന്നാൽ, ഇപ്പോൾ സംഭവിച്ചേക്കാവുന്ന ആറാം കൂട്ടവംശനാശം മനുഷ്യന്റെ തെറ്റായ പ്രവർത്തനങ്ങൾ കൊണ്ട് മാത്രമാണ് സംഭവിക്കുന്നതെന്നും, 1500 മുതൽക്കുള്ള കാലയളവിൽ രണ്ടരലക്ഷം സ്പീഷീസുകൾ ഭൂമിയിൽ നിന്നും ഇല്ലാതായിട്ടുണ്ടെന്നും റോബർട്ട് കോവിയുടെ പഠനത്തിൽ തുടർന്ന് പറയുന്നുണ്ട്.

### വൻതോതിലുള്ള ബോധവൽക്കരണം

സംഭ്രമജനകമായ ഈ കാലാവസ്ഥ പ്രതിസന്ധിയിൽ നിന്ന് ഭൂമിയെ രക്ഷിക്കാൻ അതിശക്തമായ മുന്നേറ്റങ്ങൾ എല്ലാ ഭാഗത്തുമുള്ള ജനങ്ങളിൽ നിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. അതിന് വേണ്ടത് വൻതോതിലുള്ള ബോധവൽക്കരണ നടപടികളാണ്. ആഗോളതാപനം മൂലമുണ്ടാകുന്ന ഭവിഷ്യത്തുകൾ സാമാന്യ ജനങ്ങളെ പ്രത്യേകിച്ച് വിദ്യാർത്ഥികളെയും, യുവാക്കളെയും പറഞ്ഞു മനസ്സിലാക്കിക്കേണ്ടിയിരിക്കുന്നു. പ്രകൃതിയിൽ നിന്നുള്ള പാഠങ്ങൾ അവരെ പറഞ്ഞ് മനസ്സിലാക്കി അവരുടെ കാഴ്ചപ്പാടും ജീവിത ശൈലിയും മാറ്റിയെടുക്കണം. ഭയാനകമായ ഭവിഷ്യത്തുകൾ അവരുടെ മനസ്സിൽ ശക്തമായ മുന്നേറ്റങ്ങൾ സൃഷ്ടിക്കുക

യും അപ്രകാരമുള്ള മുന്നേറ്റങ്ങൾ, മലിനീകരണം കുറക്കാനുള്ള നടപടികൾ സ്വീകരിക്കാൻ സർക്കാരുകളെ പ്രേരിപ്പിക്കുകയും ചെയ്യും.

2100 ആകുമ്പോഴേക്കും, ആഗോള താപനില സർവ്വകാല റിക്കാർഡ് ഭേദിക്കുന്നതായിരിക്കും. ഭക്ഷ്യക്ഷാമം, ഭക്ഷ്യവസ്തുക്കളുടെ വിലയിലുണ്ടാകുന്ന കുതിച്ചുയരൽ, പുഴ്ത്തിവെയ്പ്, കുടിവെള്ള ക്ഷാമം, നിലക്കാത്ത അഭയാർത്ഥി പ്രവാഹം, പകർച്ചവ്യാധികളുടെ വരവ് അവയുടെ വ്യാപനം അങ്ങനെ എണ്ണമറ്റ ദുരന്തങ്ങൾ ഒന്നിന് പുറകെ മറ്റൊന്നായി ലോകമാസകലം പ്രത്യേകിച്ച് വികസ്വര രാജ്യങ്ങളിലും, ദരിദ്രരാജ്യങ്ങളിലും വ്യാപിക്കവേ, യുദ്ധസമാനമായ കലാപങ്ങൾക്കും സംഘർഷങ്ങൾക്കും ഇടവരുത്തുന്നതുമാണ്. കുടിവെള്ളത്തിനും, ആഹാരപദാർത്ഥങ്ങൾക്കും വേണ്ടി മണിക്കുറുകൾ ആളുകൾ കാത്തുനിൽക്കേണ്ടിവരുന്ന ദയനീയ കാഴ്ചകൾ എവിടെയും ദൃശ്യമാകുന്നതാണ്.


ഈ ദുരന്തങ്ങൾക്കും, ഭാവിയിലുണ്ടാകാൻ പോകുന്ന ദുരന്തങ്ങൾക്കും ആധാരമായ സാഹചര്യങ്ങൾ സൃഷ്ടിച്ചതിൽ - ആഗോള താപനത്തിൽ - ഒരു പങ്കും വഹിക്കാത്ത കോടാനുകോടിപ്പാവങ്ങളാണല്ലോ ഈ ദുരിതങ്ങളെല്ലാം സഹിക്കേണ്ടി വരുന്നത്! എന്താണ് അവർ ചെയ്ത കുറ്റമെന്ന ചോദ്യത്തിന് ഉത്തരം നൽകാൻ, അത്യാർഭാടമായ ജീവിതരീതികളും , സാമ്പത്തിക വികസനങ്ങളും പ്രദാനം ചെയ്ത സമ്പന്ന രാജ്യങ്ങളിലെ സർക്കാരുകളും, കോർപ്പറേറ്റുകളും ബാദ്ധ്യസ്ഥരാണ്.

ആഗോള താപനത്തിന്റെ ഫലമായുണ്ടാകുന്ന സമസ്ത ദുരിതങ്ങളിൽ നിന്നും ഈ പട്ടിണിപ്പാവങ്ങളെയും, ജീവന്റെ തുടിപ്പ് വളരാൻ സഹായിച്ച ജനനിയെയും, രക്ഷിക്കേണ്ട കടമ നമുക്കെല്ലാമാണ് അതിനുള്ള ലളിതവും, ഏവർക്കും ചെയ്യാവുന്നതുമായ ഒരു പദ്ധതി താഴെ വിവരിക്കുകയാണ്.

(തുടരും...)

# നാലാം ചരമവാർഷികം

**10-3-2026**



വാത്സല്യനിധിയായ ഞങ്ങളുടെ അച്ഛൻ ശ്രീ. സി. കൃഷ്ണമൂർത്തി ഞങ്ങളെ വിട്ടു പിരിഞ്ഞിട്ട് നാല് വർഷം തികയുന്നു. അച്ഛന്റെ സ്നേഹസ്മരണകൾക്ക് മുമ്പിൽ ബാഷ്പാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ആ പുണ്യാത്മാവിന്റെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

**മകൾ** : സീത
**കൊച്ചുമക്കൾ :** ഉമാദേവി, ശ്രീദേവി

**സി. കൃഷ്ണമൂർത്തി**
പ്രിയദർശിനി
ചിറ്റൂർ റോഡ്, കൊച്ചി-35

# സുബൈദ ടീച്ചർ

പ്രീത ജയകുമാർ - 8319638274

അമ്മയുടെ സ്കൂളിൽ വെച്ചാണ് സുബൈദ ടീച്ചറെ ആദ്യമായി പരിചയപ്പെടുന്നത്. സാമാന്യം തടിച്ച്, ഇരുനിറത്തിലുള്ള ശരീര പ്രകൃതി. മുഖമൊഴിച്ചുള്ള ഭാഗം 'മക്കന' യിൽ മറഞ്ഞിരുന്നു. വാതോരാതെ സംസാരിക്കാൻ അല്പം മടിയുള്ള പ്രകൃതം. കുറച്ചൊരു 'റിസർവ്ഡ് ടൈപ്പ്' അങ്ങനെ പറയാം, അല്ലേ?

സ്കൂളിലെ അറബിക് ടീച്ചർ ആയിരുന്നു സുബൈദ ടീച്ചർ. അമ്മയുടെ ഓഫീസ് മുറിയിൽ അതിഥിയായിരുന്നപ്പോൾ, തട്ടിക കൊണ്ട് മറച്ച ക്ലാസ്മുറിയിൽ നിന്നും അറബിക് പദങ്ങൾ ഒഴുകി വന്നു.

'കിത്താബുൻ' പുസ്തകം
'കലമുൻ' പെന്ന്, പേന

പിരീഡ് കഴിയാനുള്ള ബെൽ അടിച്ചപ്പോൾ 'പർദ്ദ' യിൽ പൊതിഞ്ഞ ഒരു രൂപം പുറത്ത് വന്നു. 'സുബൈദ, എന്റെ ഓൾഡ് സ്റ്റുഡന്റും ഇവിടുത്തെ അറബിക് ടീച്ചറും ആണ്. ഉപചാര വാക്കുകൾ അധികം നീണ്ടുപോയില്ല. താൻ അവിടെ ഏവർക്കും പരിചിതയായതിനാൽ തന്നെപ്പറ്റി അമ്മ അധികം വർണ്ണിച്ചില്ല. 'സുബൈദേ, ഇതാണ് എന്റെ കുട്ടി. ലീവിൽ വന്നതാണ്.' ടീച്ചറോടെന്നപോലെ അമ്മ പറഞ്ഞു. സ്കൂൾ വിട്ട് അമ്മയോടൊപ്പം ഒതുക്കുകൾ ഇറങ്ങുമ്പോൾ സുബൈദ ടീച്ചറും കൂടെയുണ്ടായിരുന്നു. 'കുറച്ചങ്ങോട്ട് നടന്നാൽ കവലയെത്താം, അവിടെ നിന്നും ബസ്സിന് വേണം പോവാൻ.' 'അത്ര ദൂരമൊന്നും ബസ്സിലിരിക്കേണ്ട ട്ടോ...' എനിക്ക് മനസ്സിലാവാനെന്നോണം സുബൈദ ടീച്ചർ മൊഴിഞ്ഞു. ചെമ്മൺ പാത പാടത്തിലേയ്ക്ക് ചേരുന്ന വഴിയിൽ വെച്ച് ടീച്ചർ പിരിഞ്ഞു. 'ഇനിയും കാണണം കുട്ടീനേ' ഞാൻ തലയാട്ടി സമ്മതിച്ചു. ഒരു ചെറുപുഞ്ചിരി പൊതുവെ ശാന്തമായ ആ മുഖത്ത് പരത്തി അവർ നടന്നു നീങ്ങി. പാടത്തിന്റെ വരമ്പത്തേയ്ക്ക് ഇറങ്ങി നടന്നപ്പോൾ സുബൈദ ടീച്ചറെക്കുറിച്ച് കൂടുതൽ അറിയാൻ മനസ്സ് വെമ്പൽ കൊണ്ടു. തന്റെ ആകാംക്ഷ അമ്മയെ അറിയിച്ചു.

'സുബൈദ ഇവിടെ ജോലിയായിട്ട് ഒരു വർഷമാവുന്നതേയുള്ളൂ. സൽസ്വഭാവിയാണ്. കല്യാണം കഴിഞ്ഞിട്ടേറെയായെങ്കിലും കുട്ടികളൊന്നുമായില്ല.' സംസാരം പിന്നെയും നീണ്ടുപോയി. പാടത്തിന്റെ കരയ്ക്കുള്ള അയ്യപ്പൻ കാവും അമ്പലക്കുളവും തന്റെ ശ്രദ്ധ വേർപെടുത്തി. എത്രയോ തവണ ചാടി തിമിർത്ത കുളം! വർഷക്കാലത്ത് മുകളിലെ പടവുവരെ വെള്ളം കയറും. 'അയ്യപ്പൻ കാവ് അമ്പലക്കുളം നിറഞ്ഞൊഴുകിയാൽ പിന്നെ ആവർഷം വെള്ളക്ഷാമമുണ്ടാകില്ല', പഴമക്കാർ പറയും. ഏറ്റവും മുകളിലെ പടവിനു തൊട്ടു താഴെയാണ് ഓവുചാൽ. കുളം നിറഞ്ഞുകവിയുമ്പോൾ വെള്ളം ആ ഓവിലൂടെയാണ് പാടത്തേയ്ക്ക് ഒഴുകുക. പക്ഷേ ഇപ്പോൾ വെള്ളം അടിയിലെത്തിയിരിക്കുന്നു. ആകെ പച്ച നിറവും. ലേശം ചേറുനാറ്റവുമുണ്ടായിരുന്നു. അമ്മ വീണ്ടും എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. എന്തോ, ഒന്നും ഗ്രഹിക്കാൻ കഴിഞ്ഞില്ല. പാടത്തു നിന്നും ഇടവഴിയിലേക്ക് കയറി. സുബൈദ ടീച്ചർക്ക് ബസ്സു കിട്ടിക്കാണും. മനസ്സ് അലസമായി മന്ത്രിച്ചു.

സന്ധ്യയ്ക്ക് കൈയ്യും കാലും മുഖവും കഴു

കി നാമം ജപിച്ചു. ടിവി യിൽ വിശേഷിച്ചൊരു പ്രോഗ്രാമുമില്ലെന്നു തോന്നി. കുറച്ചു നേരം കണ്ടെന്നു വരുത്തി, ബാക്കി വെച്ച നോവൽ വീണ്ടും വായിക്കാൻ എടുത്തു. 'സുബൈദ ടീച്ചർ ഇപ്പോൾ വീട് എത്തിക്കാണും, എന്തു ചെയ്യുന്നുണ്ടാവുമിപ്പോൾ?' മനസ്സ് എവിടെയൊക്കെയോ ചുറ്റിക്കറങ്ങുന്നു......അവധി തീർന്ന് ജോലിസ്ഥലത്തേയ്ക്ക് മടങ്ങി. ഇടയ്ക്ക് അമ്മ എഴുത്തിൽ സുബൈദ ടീച്ചറെക്കുറിച്ച് പരാമർശിക്കാൻ മറന്നില്ല. അല്ലെങ്കിലും അമ്മയുടെ എഴുത്ത് വായിച്ചാൽ നാട്ടിൽ പോയി വന്ന പ്രതീതിയാണ്. സകല വിവരങ്ങളും വിശദമായി കുറിയ്ക്കാൻ മറക്കാറില്ല, അമ്മ. കത്തുകളിലൂടെയല്ലാതെ, സുബൈദ ടീച്ചർ അധികം ഓർമ്മിക്കാൻ അവസരം തന്നില്ല.

അടുത്ത എഴുത്തിൽ അമ്മ തന്റെ വിവാഹക്കാര്യം സൂചിപ്പിച്ചിരുന്നു. ഏതാണ്ട് എല്ലാം ഒത്ത സ്ഥിതിക്ക് ഈ വരുന്ന അവധിക്കാലത്ത് നടത്താൻ തീരുമാനിച്ച മട്ടാണ്. നിശ്ചയം അടുത്തു തന്നെയുണ്ടാകും. നേരത്തേ അറിയാവുന്ന ബന്ധമായിരുന്നതിനാൽ ചടങ്ങുകളേ ബാക്കിയുണ്ടായിരുന്നുള്ളൂ...കല്യാണത്തിന് അമ്മയുടെ സ്കൂളിൽ നിന്നും എല്ലാ മാഷന്മാരും ടീച്ചർമാരും ഒരു വണ്ടിയിൽ തന്നെ നേരത്തേ എത്തിച്ചേർന്നിരുന്നു. 'ടീച്ചർ ചെറുപ്പത്തിൽ ഇതുപോലെ തന്നെയായിരുന്നിരിക്കണം. വധുവിനെ കണ്ട സുബൈദ ടീച്ചർ അഭിപ്രായപ്പെട്ടു. വലിയ സമ്മാനപ്പൊതി കൈയ്യിൽ ഏൽപ്പിച്ച് ടീച്ചർ ഒതുങ്ങി നിന്നു. ഊണിനു ശേഷം അവർ എപ്പോഴാണ് തിരിച്ചു പോയതെന്നു അറിയാൻ കഴിഞ്ഞില്ല. തിരക്കിനിടയിൽ താനത് ശ്രദ്ധിച്ചതുമില്ല. പിന്നീട് സമയം കിട്ടുമ്പോഴൊക്കെ ടീച്ചർ ഞങ്ങളുടെ സംസാരവിഷയമായി.

സുബൈദ ടീച്ചർ അവരുടെ മുറച്ചെറുക്കനെയാണ് നിക്കാഹ് ചെയ്തിരുന്നത്. ഒരു യാഥാസ്ഥിക മുസ്ലിം കുടുംബം. ഭർത്താവ്, മുഹമ്മദ് കുട്ടി ഗൾഫിലാണ്. ടീച്ചറെ പെരുത്തു സ്നേഹിക്കുന്ന കെട്ടിയോൻ, എല്ലാ വരവിനും അവരെ സ്വർണ്ണം കൊണ്ടു മൂടി. പക്ഷേ അതൊന്നും പ്രദർശിപ്പിക്കുന്നത് ടീച്ചറുടെ ശീലമായിരുന്നില്ല. ഐശ്വര്യ സമൃദ്ധമായ അവരുടെ ജീവിതം സർവേശ്വരനു പോലും സുഖിച്ചിട്ടുണ്ടാവില്ല. അതല്ലേ, ഒരു തീരാശാപം അടിച്ചേൽപ്പിച്ചത്, പുത്രദുഃഖം. ഭൂമിയിലെ ദുഖസത്യം! ഒരുപാട് ചികിൽസകൾ നടത്തി. ഫലമുണ്ടായില്ല. സ്നേഹലോലുപനായിരുന്ന ഭർത്താവ് അവരെ സമാശ്വസിപ്പിച്ചു. രണ്ടുപേരും അനാഥാലയങ്ങളിൽ കുട്ടികൾക്കായി തങ്ങളാലാവുന്നതൊക്കെ ചെയ്തു. ആ ദുഃഖം അലട്ടാതിരിക്കാൻ, ലീവ് തീരുന്നത് വരെ ആ ദമ്പതികൾ ഉല്ലാസയാത്രകളിൽ മുഴുകി.

ഭർത്താവിന്റെ വീട്ടിൽ, സുബൈദ ടീച്ചർ ഒരു സ്നേഹപാശം പോലെ എല്ലാവരെയും തന്നോട് ചേർത്ത് വരിഞ്ഞു കെട്ടി. ഭർത്താവിന്റെ പെങ്ങളുടെ മകൾ ആയിഷ അവരുടെ പ്രത്യേക സ്നേഹം പിടിച്ചു പറ്റിയിരുന്നു. പെങ്ങളുടെ ബിസിനസുകാരനായ ഭർത്താവ്, പെട്ടെന്നാണ് മരണമടഞ്ഞത്. അതോടെ അവരുടെ കുടുംബം സാമ്പത്തികമായി ക്ഷീണിച്ചു. ആങ്ങള സഹായിക്കാഞ്ഞിട്ടല്ല. എന്നാലും കുടുംബനാഥന്റെ അകാല ചരമം ആയിഷയുടെ കുടുംബത്തെ തളർത്തി. ആയിഷയുടെ താഴെ അനിയനും അനിയത്തിയും കൂടി ഉണ്ടായിരുന്നു. ഇരട്ടകളായിരുന്നു അവർ. അവളുടെ വാപ്പയുടെ അമ്മ, വല്ല്യമ്മയും അവരോടൊപ്പമായിരുന്നു. കുട്ടികളുടെ പഠിപ്പും, വല്ല്യുമ്മയുടെ ചികിത്സയും മറ്റുള്ള ചെലവുകളും ആയിഷയുടെ ഉമ്മയ്ക്ക് താങ്ങാവുന്നതിലും അധികഭാരമായിരുന്നു. ഭർത്താവിന്റെ അഭാവത്തിൽ, ബിസിനസ് തളർച്ചയുടെ വക്കിലുമായിരുന്നു. സുബൈദടീച്ച

റുടെ സ്നേഹപൂർണ്ണമായ നിർബന്ധമായിരുന്നു, ആയിഷയെ അവരുടെ കൂടെ താമസിച്ചു പഠിപ്പിക്കുക എന്നത്. അങ്ങനെ ആയിഷ അവരുടെ സ്നേഹത്തണലിൽ അവിടെ കഴിഞ്ഞു. സ്വന്തം മകളെ എന്നപോലെ സുബൈദ ടീച്ചർ അവളെ നോക്കി.

പത്താം ക്ലാസ്സ് കഴിഞ്ഞ്, പ്രീഡിഗ്രി ഫസ്റ്റ് ഗ്രൂപ്പ് എടുത്തു തന്നെ ആയിഷ പഠിച്ചു. അടുത്തുള്ള കോളജിൽ നിന്നു അവൾ പ്രീഡിഗ്രി പൂർത്തിയാക്കി. പ്രീഡിഗ്രി കഴിഞ്ഞപ്പോൾ അവളുടെ വാപ്പയുടെ വീട്ടുകാർ അവളുടെ നിക്കാഹ് കാര്യം സൂചിപ്പിക്കാൻ തുടങ്ങി. പെൺകുട്ടികൾ പഠിപ്പേറിയാൽ വിവാഹ കമ്പോളത്തിൽ പ്രശ്നം നേരിടുമെന്നായിരുന്നു അവരുടെ പേടി. എന്നാൽ ആയിഷയുടെ കാര്യത്തിൽ ടീച്ചറുടെ കടുംപിടുത്തം കാരണം അവളുടെ വിദ്യാഭ്യാസം തുടർന്നു. പഠിക്കാൻ മിടുക്കിയായ അവളെ അവർ സ്വന്തം ചെലവിൽ ടീച്ചർ ട്രെയിനിംഗിന് പറഞ്ഞയച്ചു. രണ്ടു വർഷം കൊണ്ടു ആയിഷ ട്രെയിനിങ് പൂർത്തിയാക്കി, അടുത്തുള്ള സ്കൂളിൽ ടീച്ചർ ആയി ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

വിവാഹാലോചനകൾ തുടരെത്തുടരെ വന്നു കൊണ്ടിരുന്നു. അതിൽ നിന്നും ബോധിച്ച ഒരു പയ്യനെ ടീച്ചർ തന്നെ തിരഞ്ഞെടുത്തു. ആഘോഷമായി ആ കുട്ടിയുടെ വിവാഹം ടീച്ചർ മുൻകൈ എടുത്ത് നടത്തി കൊടുക്കുകയും ചെയ്തു. തന്റെ സ്വർണത്തിന്റെ നല്ലൊരു പങ്ക് അവർ ആയിഷയ്ക്കായി നൽകി. അവൾ അവരുടെ ഉത്തരവാദിത്വമായി അവർ കരുതി. കഴിഞ്ഞ തവണത്തെ കത്തിൽ അമ്മ ആസന്തോഷ വാർത്തയും കുറിച്ചിരുന്നു. സുബൈദ ടീച്ചറുടെ ദാമ്പത്യ വല്ലരി പൂവിടാൻ പോകുന്നു! മനസ്സ് ഒരുപാട് സന്തോഷിച്ചു. ഒട്ടേറെ നാളത്തെ ചികിത്സയ്ക്കും പ്രാർത്ഥനയ്ക്കും ഫലമുണ്ടായിരിക്കുന്നു! പക്ഷേ നാട്ടിൽ പോകാനിനിയും ഏറെ ദിവസങ്ങളുണ്ട്. ജോലിത്തിരക്കു കാരണം കൂടുതൽ വിശേഷങ്ങൾ അറിയാൻ കഴിഞ്ഞില്ല. മധ്യവേനലവധിക്കാലത്ത് നാട്ടിലുണ്ടാവുക വളരെ സന്തോഷജനകമാണ്. ഒരു തനി നാടൻ പെണ്ണായി, നാട്ടുകാരിയായി ജീവിക്കുക അതിലേറെ അഭികാമ്യവും. ഉത്സവങ്ങൾക്ക് കൊടിയേറുന്നത് അപ്പോഴാണ്. പാലക്കാടൻ വാണിയന്മാർ വലിയ വലിയ 'പൊരി' ച്ചാക്കുകളുമായി നിരനിരയായി, പാതയിലൂടെ നടന്നു നീങ്ങും. കറുമുറെയുള്ള ചൂടുപൊരിയും 'ഉറിയപ്പവും' നിർലോഭം കിട്ടുന്ന കാലം. തണുത്ത പൊരി തിന്നാൻ ഒരു രസവുമില്ല.'ചയ് ചയ്' എന്ന് കടിക്കുമ്പോൾ പല്ലിലൊക്കെ ഒട്ടിപ്പിടിക്കും. കുപ്പി വള, റബ്ബർ വള, ചാന്ത്, പൊട്ട് ഒക്കെ നിറച്ച്, വളച്ചെട്ടിച്ചിമാർ പടിക്കൽ വന്ന് വാദിച്ചു കച്ചവടം നടത്തും. പെണ്ണുങ്ങളും കുട്ടികളും കൈ നിറച്ച് കുപ്പിവളയിടും, പിന്നെ വാസനച്ചാന്ത്, സിന്ദൂരം, റിബൺ എന്നുവേണ്ട ലൊട്ടുലൊടുക്ക് സാധനങ്ങളുടെ പട്ടിക വേറെ. അതൊക്കെ ഒരു കാലം. ഇന്ന് ആർക്കും ഇതൊന്നും വേണ്ട. പൊരിക്കച്ചവടക്കാർ മൊത്തം ചാക്കുകൾ ലോറിയിൽ കയറ്റി കൊണ്ടുവന്ന് കച്ചവടം നടത്തി. വഴിയിലൂടെ നടന്നുള്ള വിറ്റഴിക്കൽ നിർത്തി വളപ്പെട്ടിക്കാരൻ സ്വന്തം കട തുറന്നു. എങ്കിലും ഇനിയും കൈമോശം വരാത്ത ഒരു 'മാമൂൽ' കൂടിയുണ്ട്. 'മോര് പാർച്ച'. ദൂരദേശങ്ങളിൽ നിന്നും നടന്നെത്തുന്ന ആൾക്കാർക്ക് ക്ഷീണം അകറ്റാൻ ഉള്ള ഒരു ഉപാധി. സംഭാരവെള്ളം വലിയ കുട്ടകങ്ങളിലും തൊട്ടികളിലും നിറച്ചുവെയ്ക്കും. ആർക്കും എത്ര വേണമെങ്കിലും സേവിക്കാം. ഓരോരോ വീട്ടുകാരുടെ വകയാണിത്. അവനവന്റെ ശേഷിക്കൊത്ത് ഓരോരുത്തരും നടത്തുന്നു. കാലക്രമേണ തങ്ങളുടെ സൗകര്യം പാർത്ത്, ഈ പ്രസ്ഥാനത്തിന് വിരാമമിട്ടവരും ഉണ്ട്. എങ്കിലും തന്റെ വീട്ടിലിപ്പോഴുമത് മുടങ്ങിയി

ട്ടില്ല. നാരകത്തിന്റെ ഇലയും മുളകും ചതച്ചിട്ട്, പുളിക്കുന്ന സംഭാരത്തിന്റെ രുചിയൊന്നു വേറെ! ഉത്സവകാലം കഴിയുന്നതോടെ കച്ചവടക്കാർ പാതിയൊഴിഞ്ഞ ചാക്കുകളുമായി താന്താങ്ങളുടെ നാടുകളിലേക്ക് മടങ്ങും. ഉത്സവപ്പറമ്പും കാവും പരിസരവുമൊക്കെ ശൂന്യമാവും. നാട്ടിൽ നിന്നും നഗരങ്ങളിൽ ചേക്കേറിയവർക്കോ, തിരിച്ചു പോകാനുള്ള സമയവുമായി. നാട്ടിലെത്തിയപ്പോഴേക്കും പിന്നെ തിരക്കായി. വീണു കിട്ടിയ ഒരു ദിവസം സുബൈദ ടീച്ചറെക്കുറിച്ച് അമ്മയോട് തിരക്കി. എന്തോ അമ്മ മൗനം ഭജിച്ചു. വീണ്ടും ആരാഞ്ഞപ്പോൾ നിശ്ശബ്ദതയുടെ ആവരണം ഭേദിച്ചു.

'സുബൈദ നമ്മളെയൊക്കെ വിട്ടുപോയി' എത്ര സന്തുഷ്ടയായിരുന്നു, ആകുട്ടി, അതിനായുസ്സു കൊടുത്തില്ല. മൂന്നു മാസം ഒരു കുഴപ്പവുമില്ലാതെ പിന്നിട്ടു. പിന്നെ എന്തൊക്കെയോ കോംപ്ലിക്കേഷൻസ്. അഡ്മിറ്റ് ചെയ്തപ്പോൾ ഡോക്ടർ ഉടനെ ഓപ്പറേഷൻ നിർദ്ദേശിച്ചു. ഓപ്പറേഷൻ തിയേറ്ററിന് പുറത്ത് കൊണ്ടുവന്നപ്പോൾ സുബൈദ തീരെ ക്ഷീണിതയായിരുന്നു. വല്ലാത്ത അസ്വാസ്ഥ്യമനുഭവിച്ചിരുന്നിരിക്കണം, പാവം, വീണ്ടും തീയേറ്ററിലേക്ക് കൊണ്ടുപോയി. പിന്നെ പുറത്ത് വന്നപ്പോഴേക്കും..... പിന്നെയൊന്നും ചോദിക്കാനായില്ല. അമ്മ തുടർന്നു... ഇപ്പോൾ നാലുമാസമായി. മുഹമ്മദ് കുട്ടി തിരിച്ചു പോയി. വീണ്ടും വന്നു. ആരോ പറഞ്ഞാണറിഞ്ഞത്, രണ്ടാമത് നിക്കാഹ് കഴിഞ്ഞത്രേ. ഭാരിച്ച മനസ്സോടെ ലീവ് കഴിഞ്ഞ് മടങ്ങി. സംഭവ ബഹുലമായി ഒരു വർഷം പിന്നിട്ടു. ഇതിനകം മുഹമ്മദ് കുട്ടി ഒരച്ഛനായി. സുബൈദ ടീച്ചറുടെ കുടുംബവുമായുള്ള സകല ബന്ധവും അയാൾ വിച്ഛേദിച്ചു. ടീച്ചർക്കായി സമ്മാനിച്ചിരുന്ന പൊന്നുമുഴുവൻ അയാൾ തിരികെ വാങ്ങി, പുതിയ ബീവിക്ക് കൊടുത്തു. ഇന്നവർ രണ്ടുപേരും കുഞ്ഞിനോടൊത്ത് ഗൾഫിലാണ്. കാലം മായ്ക്കാത്ത വരകളില്ല. ശരിയാണ്, ഒരാളുടെ ഓർമ്മയിൽ മറ്റൊരാൾക്ക് എത്രനാൾ തങ്ങി നിൽക്കാനാവും? ഏതു ബന്ധവും ഒരു നാൾ മരവിച്ചു പോയേക്കാം. ദൂരേ, അങ്ങകലെ, സ്വർഗവാതിൽ തുറന്ന് ടീച്ചർ ഇടയ്ക്കെങ്കിലും താഴേക്ക് വീക്ഷിക്കുന്നുണ്ടാവും, ഇക്കാനെ ഒരു നോക്കു കാണാൻ.... സമാന്തര രേഖകൾ സന്ധിക്കുന്നിടത്ത് വെച്ച് ടീച്ചറും ഭർത്താവും കണ്ടുമുട്ടുമായിരിക്കും. ■

---


**എറണാകുളം കരയോഗം ടെമ്പിൾ ട്രസ്റ്റിന്റെ കീഴിലുള്ള**

**ചെറായി തൃക്കടക്കാപ്പിള്ളി ശ്രീ ദുർഗ്ഗാ ഭഗവതിക്ഷേത്രത്തിലെ**

**2026-ാമാണ്ട് പ്രതിഷ്ഠാദിന താലപ്പൊലി മഹോത്സവം**

തന്ത്രിമുഖ്യൻ ബ്രഹ്മശ്രീ പുലിയന്നൂർ ശശി നമ്പൂതിരിപ്പാടിന്റെ
മുഖ്യ കാർമ്മികത്വത്തിൽ 2026 ഏപ്രിൽ 12-ാം തീയതി നടത്തപ്പെടുന്നു.

**12-4-2026 ഞായറാഴ്ച : ശുദ്ധികലശം**

രാവിലെ 5ന് - നടതുറപ്പ്, 5.30ന് - അഭിഷേകം, 6.00ന് - ഗണപതിഹവനം
9ന് - നവകം, പഞ്ചഗവ്യം, കലശാഭിഷേകം, 11.30ന് - ഉച്ചപൂജ
വൈകിട്ട് 6.00ന് - ദീപാരാധന, 6.30ന് - താലം എഴുന്നള്ളിപ്പ്

**രാവിലെ മുതൽ നടക്കൽ പറ ഉണ്ടായിരിക്കുന്നതാണ്.**

കഥ

# ഫ്ലൈറ്റ് നമ്പർ 303

വിവ: റ്റി. എൻ. റ്റി നായർ – 9447064246

**(*ഫ്ലൈറ്റ് നമ്പർ 303* സുനിൽ ചോപ്ര ഇംഗ്ലീഷിൽ എഴുതിയ ചെറുകഥയുടെ സ്വതന്ത്രാനുവാദം: സുപ്രസിദ്ധനായ എഴുത്തുകാരൻ ഖുശ്വന്ത് സിങ്ങ് സമാഹരിച്ച The Best Indian Short stories- Vol. 1- ൽ ഉദ്വേഗജനകമായ ഈ കഥ ഉൾപ്പെടുത്തിയിട്ടുണ്ട്.)**

എന്റെ പേര് സുനിൽ ചോപ്ര... ലണ്ടനിൽ ഞാൻ പഠിക്കാൻ പോയപ്പോൾ മുതൽ എന്റെ കൂട്ടുകാർ എന്നേ ചോപ്സി എന്നുവിളിക്കാൻതുടങ്ങി. അധികം വൈകാതെ തന്നെ എനിക്ക് കുറെ രസികന്മാരായ കൂട്ടുകാരെ കിട്ടി. കാമ്പസിനു തൊട്ടുപുറത്ത് സ്വകാര്യവസതിയിലായിരുന്നു താമസം. എന്റെ പരിചയക്കാരിൽ പലരും സമൂഹത്തിലെ കുസൃതിക്കൂട്ടത്തിൽ പെടുന്നവരായിരുന്നു..

അതേ സമയം അവരെല്ലാം ഉൻമേഷവാൻമാരുമായിരുന്നു. അതിലൊരാളായിരുന്നു എല്ലാവരും റമ്മിയെന്നു വിളിക്കുന്ന സരസനായ സുഹൃത്ത്. ഞാൻ റമ്മിയെ പരിചയപെട്ടത് ലണ്ടനിലെ സോഹോ ഡിസ്ട്രിക്റ്റിലുള്ള ഒരു പബ്ബിൽ വച്ചാണ്. പിന്നെ കാന്തത്തിൽ ഇരുമ്പു പൊടികൾ മാതിരി ഞങ്ങൾ റമ്മിക്കു ചുറ്റും കൂടി. ത്രസിപ്പിക്കുന്ന അനുഭവകഥകളുടെ കടലായിരുന്നു റമ്മി. ശരിയായ ഒരുലകം ചുറ്റും വാലിബൻ!

ട്രാമ്പ് കപ്പലുകളിലെ സഹായിയായി പല രാജ്യങ്ങളിലെ പലതരക്കാരായ ജനങ്ങളുമായി ഇടപെടുകയും വിചിത്രവും പലപ്പോഴും അപകടകരങ്ങളുമായ അനുഭവങ്ങൾ നേരിടുകയും ചെയ്തിട്ടുള്ള സാഹസികൻ. അക്കൂട്ടത്തിൽ അഫ്ഗാനിസ്ഥാനിലെ കൊള്ളക്കാർ മുതൽ എത്യോപ്യയിലെ സ്വവർഗ്ഗരതിക്കാർ വരെ അയാൾക്കു ഭീഷണിയായിട്ടുണ്ട്. പക്ഷെ അവയൊക്കെ കൈകാര്യം ചെയ്യാനുള്ള മിടുക്കും ചുറുചുറുക്കും അയാൾക്കുണ്ടെന്ന് എനിക്കു ബോദ്ധ്യമായിട്ടുണ്ട്.

ഒന്നുരണ്ടു കാര്യങ്ങൾ റമ്മിയെപ്പറ്റി എടുത്തു പറയേണ്ടതുണ്ട്. പേരു കേട്ടിട്ട്, റമ്മി ഒരു ചീട്ടുകളിക്കാരനാണെന്നു തെറ്റിദ്ധരിക്കരുത്. തക്കം കിട്ടിയാൽ മിക്കദിവസവും വൈകുന്നേരങ്ങളിൽ രണ്ടു മൂന്നു ലാർജെങ്കിലും റം കഴിക്കുമായിരുന്നു ഇഷ്ടൻ. അതുകൊണ്ടായിരിക്കണം ഞാൻ പരിചയപ്പെടുമ്പോൾ ചങ്ങാതിയെ ലണ്ടനിലെ എല്ലാ സ്നേഹിതരും റമ്മി എന്നു വിളിച്ചു പോന്നത്... പക്ഷെ റമ്മിക്കു മറ്റൊരു വിശിഷ്ടമായ കഴിവുണ്ടായിരുന്നു. താക്കോലില്ലാത്തതു കൊണ്ട് തുറക്കാൻ പറ്റാതെ, കടുംപിടിത്തം പിടിക്കുന്ന ഏതു താഴും റമ്മിയുടെ മാന്ത്രികവിരൽ സ്പർശിച്ചാൽ വഴങ്ങുമെന്ന് റമ്മി തെല്ലഹങ്കാരത്തോടെ പറയുന്നത് കേട്ടിട്ടുണ്ട്. അധോലോകനായകന്മാർ പലരും റമ്മിയുടെ സേവനത്തിനു വേണ്ടി വൻ സാമ്പത്തിക പ്രലോഭനങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ടത്രെ. റമ്മി, പക്ഷെ, റിസ്ക് എടുക്കാൻ മുതിർന്നില്ല. വളരെ അടുത്ത ചങ്ങാതിമാർക്കു വേണ്ടി വല്ലപ്പോഴും അയാൾ പൂട്ടുതുറന്നു സഹായിച്ചിട്ടുണ്ട് എന്നും ഒരിക്കലെന്നോടു പറഞ്ഞു.

എന്റെ സഹപാഠികളെക്കാളും നാട്ടുകാരായ ഇന്ത്യാക്കാരേക്കാളും റമ്മിയുടെ സാഹസികതയും വൈചിത്ര്യമുള്ള അനുഭവകഥകളും എന്നെ അയാളുടെ ആരാധകനാക്കി. റമ്മി അത്യാവശ്യങ്ങൾക്കു വിദേശപര്യടനത്തിലല്ലാത്തപ്പോൾ, ഞങ്ങൾ തമ്മിൽ കാണാത്ത ദിവസങ്ങൾ കുറവായിരുന്നു. അങ്ങനെ ഉല്ലാസമായി നാളുകൾ കഴിഞ്ഞു. ഞാൻ എന്റെ പരീക്ഷകളിൽ മുടങ്ങാതെ തോറ്റു കൊണ്ടിരുന്നു. ബിസിനസ്സിൽ വീട്ടുകാരെ സഹായിക്കാൻ എന്നെ തിരിച്ചു വിളിച്ചു. ഞാൻ

നാട്ടിലേക്കു മടങ്ങുന്നതിനു മുൻപ് റമ്മി അപ്രതീക്ഷിതമായി ഇംഗ്ലണ്ടിന് പുറത്തെവിടെയോ സർക്കീട്ടിലായിരുന്നു. അതുകൊണ്ട് ചങ്ങാതിയുമായി ബന്ധപ്പെടാൻ കഴിഞ്ഞില്ല.

നാട്ടിൽ വന്നുകഴിഞ്ഞ് ബിസിനസ്സ് വെല്ലുവിളികൾ നേരിട്ടുകൊണ്ടിരുന്ന ഞാൻ പതുക്കെ ലണ്ടനിലെ എന്റെ കൂട്ടുകെട്ടിന് പുറത്തായി. എങ്കിലും റമ്മിയുടെ ഓർമ്മകൾ ഇടക്കിടെ മനസ്സിൽ കടന്നുവരുമായിരുന്നു. അയാളുടെ ജീവിതം എങ്ങനെയൊക്കെയായിരിക്കുമെന്നറിയാൻ ഞാൻ ആഗ്രഹിച്ചിരുന്നു. ഇതറിയാൻ കുറച്ചു കാലം കൂടി പക്ഷെ, കാത്തിരിക്കേണ്ടിവന്നു. ഒരു യാദൃശ്ചികസാഹചര്യമതിനുണ്ടായി.

ബിസിനസ് സംബന്ധമായി എനിക്ക് അമേരിക്കയിൽ പോകേണ്ടതായി വന്നു. ഞാൻ മടക്കയാത്രയിൽ, ന്യൂയോർക്കിൽ നിന്നു ലണ്ടനിലേക്കുള്ള എന്റെ ഫ്ലൈറ്റ് പ്രതീക്ഷിച്ച് കെന്നഡി എയർപോർട്ടിൽ ഇരിക്കയായിരുന്നു. പെട്ടെന്നാണ് എന്നെ ഞെട്ടിപ്പിക്കുന്ന കാഴ്ച ഞാൻ കണ്ടത്. റമ്മി എന്റെ തൊട്ടടുത്തു കൂടി പോകുന്നു. അയാളുടെ രണ്ടു കൈകളും ചേർത്ത് വിലങ്ങിട്ടിരിക്കുന്നു. മുഷിഞ്ഞുചുളിഞ്ഞ അയാളുടെ വേഷവും തളർന്ന മുഖവും കണ്ടു ഞാൻ പകച്ചു നിന്നു. ബ്രിട്ടീഷുകാരെന്നു തോന്നിക്കുന്ന മഫ്റ്റിവേഷക്കാരായ രണ്ടു പോലീസുകാരുടെ അകമ്പടിയുമുണ്ട്. ഞാൻ ചാടിയെഴുനേറ്റ് എന്റെ ബ്രീഫ് കേസും കൈയിലെടുത്ത് അവരുടെ പിന്നാലെ ഓടിയെത്തി. റമ്മിയുടെ പേര് ഉറക്കെ വിളിച്ചു. അതെ, റമ്മി തന്നെ. അയാളൊന്നു നിന്നു; തിരിഞ്ഞു നോക്കി... എന്നെ കണ്ടയുടൻ വിലങ്ങിട്ട കൈകൾ നീട്ടിപ്പിടിച്ചു കൊണ്ട്, ക്ഷീണിതനായ അയാളെന്റെ അരികിൽ വന്നു; കൂടെ ബലിഷ്ഠകായന്മാരായ പോലീസുകാരും. ഞാൻ ഞെട്ടലിൽനിന്നു രക്ഷപ്പെടാനാകാതെ റമ്മിയോടു കാര്യമന്വേഷിച്ചു. പോലീസുകാർ ഞങ്ങൾ തമ്മിലുള്ള മുൻപരിചയത്തിന്റെ കാര്യങ്ങളൊക്കെ ചോദിച്ചറിഞ്ഞു. ഇതിനിടയിൽ, തന്റെ അവസ്ഥ റമ്മിയും വിശദീകരിച്ചു. രണ്ടു കൊള്ളക്കാർക്കു വേണ്ടി ഒരു ദുർബ്ബല നിമിഷത്തിൽ താൻ തന്റെ താഴുതുറക്കൽ മാജിക്കു പ്രയോഗിച്ചതാണ് തന്നെ ഈ അവസ്ഥയിൽ എത്തിച്ചതെന്നു റമ്മിപറഞ്ഞു. വളരെ വിലപ്പെട്ട കുറെ പെയിന്റിങ്ങുകൾ കൊള്ളയടിക്കാനതു വഴിതെളിച്ചത്രെ. തനിക്കു വൻ പ്രതിഫലവുംകിട്ടി. ഇംഗ്ലണ്ടിൽ നിന്നു താൻ അമേരിക്കയിലേക്കു കടന്നു "പക്ഷെ ഈ സ്കോട്ട്ലൻഡ് യാർഡ് വീരൻമാർ എന്നെ പിടികൂടി ചങ്ങാതീ... എനിക്കിനി രക്ഷയില്ല. ഇവരിട്ടിരിക്കുന്ന ഈ പൂട്ട് തുറക്കാനെനിക്കാവില്ല", എന്റെ പ്രിയപ്പെട്ട റമ്മി നിസ്സംഗനായി പറഞ്ഞു. അക്ഷമരായ പോലിസുകാർ, വർത്തമാനം മതിയാക്കി വരാൻ റമ്മിയുടെ ചുമലിൽ തട്ടി നിർബന്ധിച്ചു. ഉടനെയുള്ള ലണ്ടൻ ഫ്ലൈറ്റിന് പോകണമെന്നു പറഞ്ഞ് അവർ തിടുക്കത്തിൽ റമ്മിയെയും കൂട്ടി അവർക്കു പോകേണ്ട ബ്രിട്ടീഷ് എയർവെയ്സ് ഫ്ലൈറ്റ് നമ്പർ 303-ന്റെ ടെർമിനലിലേക്കു നടന്നു നീങ്ങി. ആൾക്കൂട്ടത്തിൽ മറയും വരെ റമ്മി തിരിഞ്ഞുനോക്കി കൂച്ചുവിലങ്ങിട്ട കൈകൾ ചലിപ്പിച്ചു യാത്ര പറയുന്നുണ്ടായിരുന്നു. എന്റെ മേൽവിലാസവും മറ്റും അയാളെ അറിയിക്കാൻ സാധിച്ചില്ലല്ലോ എന്നു ഞാൻ പരിതപിച്ചു. അധികം കഴിയുംമുൻപ്, ന്യൂയോർക്കിൽ നിന്നു ലണ്ടനിലേക്കുള്ള ബ്രിട്ടീഷ് എയർവേയ്സ് ഫ്ലൈറ്റ് 303 അരമണിക്കൂർ വൈകിയേ പുറപ്പെടുകയുള്ളൂ എന്ന അറിയിപ്പു കേട്ടു. അപ്പോൾതന്നെ എന്റെ ഫ്ലൈറ്റ് യഥാസമയം പുറപ്പെടാനുള്ള അറിയിപ്പും വന്നു. ലണ്ടനിലെ ഹീത്ര്യൂ വിമാനത്താവളത്തിൽ ഞാനിറങ്ങിക്കഴിഞ്ഞ്, ഏതാനും മിനുട്ടുകൾക്കുള്ളിൽ റമ്മിയുടെ ഫ്ലൈറ്റ് എത്തിച്ചേരും അങ്ങനെ വന്നാൽ, എനിക്ക് ഒരിക്കൽ കൂടി എന്റെ പഴയചങ്ങാതിയെ കാണാൻ കഴിഞ്ഞേക്കുമെന്നു ഞാൻ പ്രതീക്ഷിച്ചു. എന്റെ ഫ്ലൈറ്റ് കൃത്യസമയത്തിനു ന്യൂയോർക്കിൽ നിന്നു പറന്നുയർന്നു. ഏഴു മണിക്കൂർനേരത്തെ സ്വച്ഛമായ യാത്രക്കു ശേഷം, അറ്റ്ലാന്റിക്ക് മഹാസമുദ്രം താണ്ടി എന്റെ വിമാനം ഹീത്ര്യുവിൽ ഇറങ്ങി.

റമ്മിയെയും കൊണ്ടു വരുന്ന ഫ്ളൈറ്റിന്റെ വരവ് അറിയിച്ചപ്പോൾ, ഞാൻ പെട്ടെന്നു ചെക്ക് ഔട്ട് ചെയ്യാൻ പുറപ്പെട്ടു. കസ്റ്റംസ് ക്ലിയറൻസ് കഴിഞ്ഞ് ഞാൻ എയർപോർട്ട് ബാൽക്കണിയിൽ കാത്തു നിന്നു. കുറച്ചു സമയത്തിനകം, റമ്മിയുടെ വിമാനം വലിയ അലർച്ചയോടെ ഇറങ്ങി, പതുക്കെ ഞരങ്ങി നിൽക്കുന്നതു ഞാൻ കണ്ടു. അടുത്തക്ഷണത്തിൽ ചാരനിറത്തിലുള്ള ഒരു മെർസിഡിസ് കാർ, പാർക്കിംഗ് ഏരിയയിൽ നിന്ന് മെല്ലെ ഫസ്റ്റ്ക്ലാസ്സ് കാബിന്റെ വാതിലിനു സമീപത്തെത്തി നിന്നു. ഏതോ പെരിയ VIP- യെ സ്വീകരിക്കാനെത്തിയതാണതെന്ന് എനിക്കു മനസ്സിലായി. പ്ലെയിനിന്റെ വാതിൽ തുറന്നു പുറത്തേക്ക് ടോപ്ഹാറ്റും സൂട്ടും അണിഞ്ഞ ഒരു മനുഷ്യൻ ഇറങ്ങി വരുന്നുണ്ടായിരുന്നു. അയാളുടെ ടൈപിന്നും കഫ് ലിംക്സും സൂര്യപ്രകാശത്തിൽ മിന്നിത്തിളങ്ങുന്നുണ്ടായിരുന്നു. അയാളോടൊപ്പം പുറത്തേക്കു വന്ന ക്യാപ്റ്റനും പൈലറ്റുമാരും വി. ഐ.പിയെ ഉപചാരപൂർവ്വം വണങ്ങുന്നുണ്ടായിരുന്നു. ഞാൻ വി. ഐ. പി-യെ സൂക്ഷിച്ചുനോക്കി. അമ്പരപ്പോടെ ഞാൻ മനസ്സിലാക്കി. അതെ; അതു റമ്മിയായിരുന്നു. അയാളുടെ പിറകിലായി സ്കോട്ട്ലൻഡ് യാർഡിലെ പൊലിസുദ്യോഗസ്ഥന്മാരുമുണ്ടായിരുന്നു. നിമിഷനേരത്തിനുള്ളിൽ റമ്മി എന്ന VIP- യെയും കൊണ്ട് മെർസിഡിസ് പുറത്തേക്കു പാഞ്ഞു പോയി. ഞാൻ ഇന്ദ്രജാലം കണ്ടവനെപ്പോലെ സ്തംഭിച്ചു നിന്നു പോയി. മുഷിഞ്ഞ വേഷവും കൈവിലങ്ങും ധരിച്ച റമ്മിയെന്ന കുറ്റവാളിക്ക് ഇക്കഴിഞ്ഞ ഏഴുമണിക്കൂർ നേരത്തെ വിമാനയാത്രക്കിടയിൽ എന്തു മറിമായമാണുണ്ടായതെന്ന ചോദ്യത്തിന് ഉത്തരം കിട്ടാതെ ഞാൻ ഏതാനും നാളുകൾക്കുള്ളിൽ ഇന്ത്യയിലേക്കു മടങ്ങി..

റമ്മിയുടെ നിഗൂഢകഥയുടെ ചുരുളഴിയാൻ എനിക്ക് എട്ടൊൻപതു മാസങ്ങൾ കാത്തിരിക്കേണ്ടി വന്നു. ഞാൻ വീണ്ടും അമേരിക്കയിൽ ഹോളിവുഡ്ഡിൽ എന്റെ ഒരു തിരക്കഥ സിനിമയാക്കുന്നതു സംബന്ധിച്ചുള്ള ചർച്ചക്കായി പോയി. അവിടെ നിന്ന് ലാസ് വേഗാസിലെ ഒരു കസീനോയിൽ അല്പം ഗാംബ്ലിങ്ങിന് സമയം കണ്ടെത്തി. എന്തൊരു യാദൃച്ഛികത! ഒറ്റനോട്ടത്തിൽ ഒരു സിനിമാനടിയാണെന്നു തോന്നിപ്പിക്കുന്ന ഒരു ബ്ലോണ്ടു സുന്ദരിയുമൊത്ത് റമ്മി അടുത്ത ടേബിളിൽ! ഞങ്ങൾ പരസ്പരം നോക്കി. റമ്മി ഓടി വന്ന് എന്നെ കെട്ടിപ്പിടിച്ചു...

'ചോപ്സി, ചങ്ങാതീ, താനിവിടെ?'.... എന്റെ പരിപാടിയെകുറിച്ചൊക്കെ ഞാൻ ചുരുക്കത്തിൽ പറഞ്ഞൊപ്പിച്ചുവെങ്കിലും റമ്മിയുടെ കഥ കേൾക്കാനുള്ള എന്റെ ഉദ്വേഗം അയാൾക്കു മനസ്സിലായതുപോലെ തോന്നി. അയാൾ ബ്ലോണ്ട് പെൺകുട്ടിയോടെന്തൊക്കെയോ പറഞ്ഞു. അവൾ ഉടൻ തന്നെ സ്ഥലം വിട്ടു... 'ചോപ്സി, എനിക്കറിയാം എന്റെ കഥ കേൾക്കാനുള്ള തിടുക്കത്തിലാണ് താനെന്ന്'; റമ്മി ഫ്ളൈറ്റ് നമ്പർ 303-യിലെ തന്റെ കഥ വിസ്തരിക്കാൻ തുടങ്ങി. സ്തോഭജനകമായ ആ കഥയുടെ ചുരുക്കമിതാണ്.

റമ്മി സ്കോട്ട്ലൻഡ് യാർഡ് അതികായന്മാരുടെ കൂടെ തന്റെ വിധിയേപഴിച്ചു കൊണ്ടു ഫ്ളൈറ്റിൽ കയറി. ഭക്ഷണം കഴിക്കാൻ നേരത്തു മാത്രം അവർ കൈയ്യാമം അഴിച്ചുകൊടുത്തു. പൊതുവെ മര്യാദയായി പെരുമാറി. ഫ്ളൈറ്റ് രണ്ടുമൂന്നു മണിക്കൂറോളം അററ്ലാന്റിക്കിനു മുകളിലൂടെ ശാന്തമായി പറന്നു കാണണം. ഇടക്ക് ക്യാപ്റ്റൻ കോക്ക്പിറ്റിനു വെളിയിൽ വരുന്നതുകണ്ടു. അദ്ദേഹത്തിന്റെ ഒരു സ്നേഹിതനായിരിക്കണം, ഒരാളുടെ കൂടെ വന്നിരുന്നു വർത്തമാനം പറഞ്ഞുകൊണ്ടിരുന്നു. വീണ്ടും കോക്ക്പിറ്റിൽ നിന്ന് രണ്ടുപേർകൂടി പുറത്തു വന്നു അവർ സഹപൈലറ്റുമാരാണെന്ന് തോന്നി. അവർക്കു വേണ്ട പാനീയങ്ങൾ കഴിച്ചിട്ട് ഇടനാഴിയിൽ നിന്നു സംസാരിച്ചുകൊണ്ടിരുന്നു. കുറച്ചു സമയം അങ്ങനെ പോയി ഈ സമയമത്രയും താൻ അസ്വസ്ഥനായി ചുറ്റുപാടുകൾ വീക്ഷിച്ചു കൊണ്ടിരുന്നു. മറ്റു യാത്ര ➞

ക്കാർ മിക്കവരും ഉറക്കത്തിലാണ്. ചിലർ ലാപ് ടോപ്പുകളിൽ പരതിക്കൊണ്ടിരിക്കുന്നു. താനോ? രക്ഷപ്പെടാനുള്ള എല്ലാ വാതിലുകളും അടഞ്ഞി രിക്കുന്ന അവസ്ഥയിലും. അപ്പോഴാണ് കോക്ക് പിറ്റിൽ നിന്ന് നാലാമതൊരാൾ, അയാൾ നാവി ഗേറ്ററാണെന്നു തോന്നി ഒരു പെൻസിലും പി ടിച്ചുകൊണ്ട് പുറത്തുവന്നതും നല്ല ശബ്ദത്തിൽ കോക്ക്പിറ്റിന്റെ വാതിൽ അടഞ്ഞതും ഒരുമി ച്ചായിരുന്നു. പിന്നെയെല്ലാം പെട്ടെന്നായിരുന്നു' റമ്മിപറഞ്ഞുനിർത്തി.

"എന്നിട്ട്?"ഞാൻ എന്റെ ഉത്കണ്ഠ മറ യ്ക്കാനാവാതെ ഉച്ചത്തിൽ ചോദിച്ചു. റമ്മി തുടർന്നു. പരിഭ്രമിച്ച നാവിഗേറ്റർ ഉള്ളിൽ കട ക്കാൻ നോക്കി; വാതിൽ ലോക്കായിരിക്കുന്നു; തുറക്കാൻ സാധിക്കുന്നില്ല. പ്ലെയിൻ ഓട്ടോ പൈലറ്റിലായിരുന്നു. ക്യാപ്റ്റനും, സഹപൈ ലറ്റുമാരും എല്ലാം വാതിൽ തുറക്കാൻ ശ്രമി ച്ചു വിഫലം! അതിനിടയിൽ, അറ്റ്ലാന്റിക്കിലെ അന്തരീക്ഷം മോശമായി വരുന്നതായി തോന്നി. പ്ലെയിൻ ഭയങ്കരമായി കുലുങ്ങിത്തുടങ്ങി. ഉറങ്ങിയവർ ഉണർന്നു പരിഭ്രാന്തരാകാനും സ്ത്രീകളും കുട്ടികളും മുറവിളി കൂട്ടാനും തുടങ്ങി. ഏറെ നേരത്തെ ശ്രമത്തിനു ശേഷവും വാതിൽ അടഞ്ഞുതന്നെ കിടന്നു ഭീതിയും ആസന്നമായ അനിവാര്യദുരന്തത്തെക്കുറി ച്ചുള്ള ആശങ്കയും യാത്രക്കാരെയും ക്യാപ്റ്റ നടക്കമുള്ള വൈമാനികരെയും പരിഭ്രാന്തരാക്കി. ആ മുഹൂർത്തത്തിൽ സ്കോട്ട്ലൻഡ് യാർഡ് ഭീമൻമാർ എന്നെ സമീപിച്ചു. കാര്യം മനസ്സി ലാക്കിയ ഞാൻ, എനിക്കു വേണ്ട പ്രതിഫ ലം എന്തെന്ന് അവരെ മനസ്സിലാക്കി. അവർ ആലോചിച്ചു. ഞങ്ങൾ ഒരു ജെന്റിൽമെൻസ് എഗ്രീമെൻറിൽ എത്തി വിലങ്ങുകൾ അഴിഞ്ഞു. എങ്കിലും എനിക്കും വളരെ ഉത്കണ്ഠയും ഭയവു മുണ്ടായിരുന്നു. മൂന്നൂറോളം യാത്രക്കാരുടെ ജീവൻ ത്രാസിൽ ആണ്. എനിക്കതിന് കഴി ഞ്ഞില്ലെങ്കിൽ എല്ലാവരുടെയും കഥ എന്താവും?! താൻ വിജയിച്ചാൽ നുറുകണക്കിനു യാത്രക്കാർ ജീവിക്കും. ജീവിതത്തിലേക്കും സ്വാതന്ത്ര്യ ത്തിലേക്കുമുള്ള തന്റെ വാതിലും അതോടെ തുറന്നു കിട്ടും. സ്കോട്ട്ലൻയ്യാർഡ്, ക്യാപ്റ്റ നുമായി സംഭാഷണത്തിലേർപ്പെട്ടു. ഏതാനും നിമിഷങ്ങൾക്കകം ഇളകിമറിയുന്ന ജനങ്ങളെ ശാന്തരാക്കിയിട്ട്, ക്യാപ്റ്റൻ എന്നെ എന്റെ വെല്ലുവിളി അഭിമുഖീകരിക്കാൻ അടഞ്ഞു കിട ക്കുന്ന കോക്ക്പിറ്റ് വാതിലനടുത്തേക്കു നയിച്ചു. അതിനിടയിൽ വളരെ മാന്യമായിവേഷം ധരി ച്ച ഒരു വൃദ്ധൻ എന്നെ സമീപിച്ചിട്ടു പറഞ്ഞു. 'മകനെ, ഈ കതകു തുറക്കാൻ നിനക്കു കഴി ഞ്ഞാൽ, നീ അതിൽ ഒരിക്കലും പശ്ചാത്തപി ക്കേണ്ടി വരില്ല. ഇത്രയും പറഞ്ഞിട്ട്, തന്റെ കോട്ടിന്റെ പോക്കറ്റിൽനിന്നും ഒരു ചെക്ക്ബു ക്ക് എടുത്തിട്ട് എനിക്ക് ആവശ്യമുള്ള തുക പറ യാൻ പറഞ്ഞു. കുഴങ്ങി നിന്ന എന്നേ നോക്കി അയാൾ വീണ്ടും പറഞ്ഞു. 'നിങ്ങളുടെ അറിവി ലേക്ക് ഞാൻ പറയുകയാണ് ഞാൻ ലഡ്വിഗ്.... ലോകത്തിലെ ഏറ്റവും വലിയധനികരിൽ ഒരാ ളാണ്; അഞ്ചുലക്ഷം ഡോളർ നിങ്ങൾക്കു മതി യാകുമോ?' (*ഡാനിയൽ ലഡ്വിഗ്,1982-ൽ ലോ കത്തിലെ ഏറ്റവും വലിയ സമ്പന്നനെന്നറി യപ്പെട്ട വ്യവസായ പ്രമുഖൻ) ഞാൻ അറിയാതെ തലയാട്ടി സമ്മതം മൂളി. എന്നിട്ട്, അടുത്തു നിന്ന ഒരു പെൺകുട്ടിയോട് ഞാൻ അവളുടെ ഹെയർപിൻ ആവശ്യപ്പെട്ടു.

നിർനിമേഷരായി നിൽക്കുന്ന ആളുകളെ വകഞ്ഞു മാറ്റി ഞാൻ വാതിലിലെലോക്കു പരിശോധിക്കാൻ മെല്ലെ കുനിഞ്ഞു. ലോക്ക് അത്ര എളുപ്പം മെരുങ്ങുന്ന ഒന്നായിരുന്നില്ല... പ ക്ഷെ, അഞ്ചു മിനിട്ടു നേരത്തെ പരിശ്രമത്തിനൊ ടുവിൽ വാതിൽ 'ക്ലിക്ക്' എന്ന ശബ്ദത്തോടെ തുറന്നു. "ഹാവൂ" .... റമ്മിയുടെ കഥ കേട്ടു ഞാ ൻ ഉറക്കെ ആശ്ചര്യപ്പെട്ടു. അയാൾ തുടർന്നു.

"ചോപ്സി, അവിടെ നടന്ന കൈയടിയും കോലാഹലവും മിനിട്ടുകൾ നീണ്ടു നിന്നു. ക്യാപ് റ്റനും കൂട്ടരും എനിക്ക് അഭിവാദ്യം തന്നിട്ട്, ഓട്ടോപൈലറ്റിലായിരുന്ന ഫ്ലൈറ്റിന്റെ നിയ ന്ത്രണം ശരിയായ നിലയിൽ കൊണ്ടു വന്നു.

മി. ലഡ്വിഗ് ഉടൻ തന്നെ അഞ്ഞൂറായിരം ഡോളറിന്റെ ചെക്ക് എന്റെകൈയ്യിൽ തന്നു. മറ്റൊരാൾ അയാളുടെ വിലയേറിയ ഒരു ടോപ് ഹാറ്റ് എന്നെ അണിയിച്ചു. വേറെ ഒരു മാന്യൻ അയാളുടെ മനോഹരമായ സൂട്ട് എനിക്കണിയുവാൻ തന്നു. മറ്റൊരാൾ അയാളുടെ റ്റൈപിന്നും, ഇനിയുമൊരാൾ അയാളുടെ ഡയമൺഡ്കഫ് ലിങ്സും എനിക്കു പാരിതോഷികമായി തന്നു. സ്കോട്ലൻഡ് വീരന്മാരിലൊരുത്തന്റെ കൈയ്യിലിരുന്ന കൈയ്യാമത്തിലേക്ക് ഞാൻ ഒളികണ്ണിട്ടു നോക്കിക്കൊണ്ട് അതെല്ലാം സസന്തോഷം വാങ്ങി! എന്നെ അദ്ഭുതപ്പെടുത്തിയ മറ്റൊരു കാര്യം, കോക്ക്പിറ്റിന്റെ വാതിൽ അടഞ്ഞപ്പോൾ ഏറ്റവും കൂടുതൽ അലമുറയിട്ട ഒരമേരിക്കൻ വൃദ്ധ എന്റെയടുത്തെത്തി രണ്ടു കവിളിലും മാറി മാറി ചുംബിച്ചു. എന്നിട്ടവർ ആഹ്ലാദത്തോടെ പറഞ്ഞു. “ഹീത്രൂവിൽ നിങ്ങൾ ഇറങ്ങുമ്പോൾ നിങ്ങളെ കാത്ത് എന്റെ ബെൻസ് അവിടെയുണ്ടായിരിക്കും. ആ കാർ ഇനി നിങ്ങളുടേതായിരിക്കും”. ചോപ്സി, ഞാൻ അദ്ഭുതംകൊണ്ടു കണ്ണു തള്ളി നിന്നു പോയി.....റമ്മി കഥയുടെ ഭരതവാക്യത്തിലേക്കു കടക്കുകയായിരുന്നു. എങ്കിലും പിന്നെയും ഞാൻ ജിജ്ഞാസയോടെ ചോദിച്ചു. “എന്നിട്ട്?”

‘എന്നിട്ടെന്താകാൻ? ഞാൻ വാഷ്റൂമിലേക്കു പോയി; എനിക്കു കിട്ടിയ പുതിയ വേഷമൊക്കെയണിഞ്ഞു. ഹീത്രൂവിൽ വിമാനമിറങ്ങുമ്പോൾ ഷോഫർഡ്രിവൺ ബെൻസുകാറിൽ യാത്ര ചെയ്യേണ്ടതല്ലെ! ... അതിനനുസരിച്ച് ഒരുങ്ങി..’, റമ്മിപറഞ്ഞുനിർത്തി. വിധിയുടെ വിളയാട്ടം!! ഫ്ലൈറ്റ് 303- യിലെ ക്യാപ്റ്റന്റെ കാബിൻഡോറടഞ്ഞ സാഹചര്യം കേവലം യാദൃച്ഛികമായിരുന്നോ? ഏതായാലും, അതായിരുന്നു, റമ്മിയുടെ രക്ഷാവാതിൽ തുറക്കാനുള്ള നിമിത്തത്താക്കോൽ!! ■


**7-ാം ചരമ വാർഷികം**

**05-03-2026**



**ഡോ. എം. ചന്ദ്രിക**
W/o മോഹൻ കൈമൾ
വാക്കേയിൽ ഹൗസ്, 36/344
കത്രിക്കടവ്, എറണാകുളം




**Ernakulam Karayogam**
T.D.M.Hall Complex, D.H.Road, Kochi - 682016

# ബർബരികൻ

ഡോ. രാജേശ്വരി കുഞ്ഞമ്മ – 9388382009

ബർബരികൻ എന്ന കഥാപാത്രം പാണ്ഡവന്മാരും കൗരവപാണ്ഡവയുദ്ധവുമായും ബന്ധമുള്ള ഒരു കഥാപാത്രമാണ്. പക്ഷെ മഹാഭാരതത്തിൽ ഈ വർണ്ണനയില്ല. കുറച്ചൊക്കെ അവിഭാജ്യഘടകമായ ഈഷ കഥാപാത്രത്തെക്കുറിച്ചുള്ള അന്വേഷണത്തിന്റെ ഒടുവിൽ സ്കന്ദപുരാണത്തിൽ നിന്നും വിവരങ്ങൾ ലഭിച്ചു. കൗമാരികാഖണ്ഡത്തിൽ അർജ്ജുന തീർത്ഥയാത്രാ സമാപ്തി വിവരിച്ചു കഴിയുമ്പോഴാണ് ഭീമന്റെ പുത്രൻ ഘടോൽക്കചന്റെ പുത്രനായ ബർബരീകോൽപത്തിയെക്കുറിച്ച് വിവരിക്കുന്നത്. സൂര്യചന്ദ്രാദികൾ ഉള്ളിടത്തോളം കാലം ബർബരീകന്റെ കീർത്തി നിലനിൽക്കുമെന്നും ദേവലോകത്തിൽ നീ സഞ്ചരിക്കുമെന്നും കുട്ടികളുടെ ബാലപീഢ, ബർബരികനെ ഭജിച്ചാൽ മാറിക്കിട്ടുമെന്നും ശ്രീകൃഷ്ണൻ അനുഗ്രഹിച്ച ബർബരനെ സ്തുതിക്കുന്ന സ്തുതിഗീതം “ജയ ജയ ചതുര ശീതി കോടി പരവാര” എന്നു തുടങ്ങി “ജയ ജയ കലികാല വന്ദിത നമോസ്തേ പാഹി പാഹി” എന്നതാണ്.

ബർബരികന്റെ ജനനവും അന്ത്യവും എല്ലാം ശ്രീകൃഷ്ണഭഗവാനുമായി ബന്ധപ്പെട്ടതാണ്. ദ്രൗപദീപരിണയത്തിന് ശേഷം ഇന്ദ്രപ്രസ്തത്തിൽ താമസമുറപ്പിച്ച പാണ്ഡവരും കൃഷ്ണനും സംസാരിച്ചുകൊണ്ടിരുന്ന സ്ഥലത്തേക്ക് ഭീമ പുത്രനായ ഘടോൽകചൻ എത്തി. യുധിഷ്ഠിരനും മറ്റും സന്തോഷത്താൽ ആലിംഗനം ചെയ്തു. അമ്മ തപസ്സിലേർപ്പെട്ടിരിക്കുകയാണെന്നും അമ്മ പറഞ്ഞതനുസരിച്ച് മേരുവിന്റെ താഴ്വരയിൽ നിന്നും വരികയാണെന്നും പറഞ്ഞു. പിതാക്കളെ കാണാനും തന്നെ ഏതെങ്കിലും ചുമതലയിൽ ഏർപ്പെടുത്തണമെന്ന് പറയാനുമാണിവിടെ വന്നിരിക്കുന്നതെന്ന് പറഞ്ഞു. എല്ലാവർക്കും സന്തോഷമായി. യുധിഷ്ഠിരൻ പറഞ്ഞു, എട്ടു തരത്തിലുള്ള ദേവയോനിയിൽ ജനിച്ചവർ പെട്ടെന്ന് യൗവ്വനത്തിലെത്തും. അതുകൊണ്ട് ഇവന്റെ വിവാഹം ഉടനെ നടത്തണം. കൃഷ്ണൻ പറഞ്ഞു, ഇവന്റെ വധു പ്രാഗ്ജ്യോതിഷത്തിലുണ്ട്. (ആസ്സാമിലാണ് പ്രാഗ്ജ്യോതിഷം. അന്ന് നരകാസുരന്റെ തലസ്ഥാനമായിരുന്നു) മുരാസുരനേയും നരകാസുരനേയും കൃഷ്ണൻ വധിച്ചുകഴിഞ്ഞപ്പോൾ മുരാസുര പുത്രി കൃഷ്ണനോടു യുദ്ധത്തിനെത്തി. കൃഷ്ണന്റെ അസ്ത്രങ്ങളെല്ലാം അവൾ മുറിച്ചു കളഞ്ഞു. ആ സമയം കാമാക്ഷി എന്ന ദേവി കൃഷ്ണന്റെ മുൻപിൽ വന്ന് ഇവളെ വധിക്കാൻ ഭഗവാന് സാധിക്കയില്ല എന്നു പറഞ്ഞു. ദേവി അനുഗ്രഹിച്ചു കൊടുത്ത വാൾ അവളുടെ പക്കലുണ്ട്. അവളെ കൃഷ്ണൻ പറഞ്ഞതനുസരിച്ച് ദേവി ചെന്ന് പിൻതിരിപ്പിക്കാൻ ശ്രമിച്ചു. ഭാവിയിൽ നിന്റെ ശ്വശുരനാണെന്നും ഭീമന്റെ പുത്രൻ ഘടോൽകചൻ നിന്നെ വിവാഹം ചെയ്യുമെന്നും പറഞ്ഞു. കൃഷ്ണൻ അവളെ സമാധാനിപ്പിച്ചു. ഭഗദത്തൻ എന്നയാളെ രാജാവാക്കി സംരക്ഷണ ചുമതല ഏൽപ്പിച്ചു. തിരികെ ദ്വാരകയിലേക്ക് പോന്നു. വാഗ്വാദത്തിലും യുദ്ധത്തിലും ജയിക്കുന്നവന് മാത്രമേ അവളെ വിവാഹം കഴിക്കാൻ സാധിക്കുള്ളുവെന്നും പറഞ്ഞു. ഇത്രയും കേട്ട യുധിഷ്ഠിരന് ഘടോൽകചനെ അവടേക്കയ്ക്കാൻ ഭയം. ലഭിക്കാൻ പ്രയാസമുള്ളതിനെ നേടിയെടുക്കലാണ് ക്ഷത്രിയധർമ്മം എന്ന് പറഞ്ഞ് ഭീമൻ ഘടോൽക്കചന് അനുമതി നൽകി. അർജ്ജുനൻ, കൃഷ്ണൻ എന്നിവരും

ഉത്സാഹപ്പെടുത്തി. എന്റെ പിതാക്കന്മാർക്ക് നാണക്കേടുണ്ടാക്കാതെ ഞാൻ നോക്കിക്കൊള്ളാമെന്ന് പറഞ്ഞു. കൃഷ്ണൻ ധൈര്യം കൊടുക്കാമെന്നു പറഞ്ഞു. അങ്ങനെ ഘടോൽക്കചൻ പ്രാഗ്ജ്യോതിഷത്തിലേക്കു പോയി. അവിടെ നിന്നുണ്ടായ പ്രലോഭനങ്ങളിലൊന്നും വീഴാതെ മൗരീപുത്രിയുടെ അടുത്തെത്തി. ഒരു കഥ പറയാനാവശ്യപ്പെട്ടപ്പോൾ ഘടോൽകചൻ കൃഷ്ണനെ സ്മരിച്ച് കഥ പറയാൻ തുടങ്ങി. ചോദ്യത്തിൽ തോറ്റ അവൾ പിന്നീട് യുദ്ധമാക്കി മാറ്റി. അവസാനം അവൾ പറഞ്ഞു, ഞാൻ എന്നോടൊപ്പം ഈ ഗൃഹത്തേയും അഛനമ്മമാരേയും എല്ലാം അങ്ങേക്ക് സമർപ്പിച്ചിരിക്കുന്നു. അപ്പോൾ ഘടോൽക്കചൻ പറഞ്ഞു, മാതാപിതാക്കളുള്ള താൻ അവരുടെ സമ്മതത്തോടെയുള്ള വിവാഹമാണ് കാംക്ഷിക്കുന്നത്. അതുകൊണ്ട് എന്നെ ഇപ്പോൾ തന്നെ ഇന്ദ്രപ്രസ്ഥത്തിലേക്ക് കൊണ്ടു പോകണം. ഞങ്ങളുടെ കുലാചാരമായ ഭാര്യ ഭർത്താവിനെ വഹിച്ച് കൊണ്ടുപോകണമെന്ന ചടങ്ങോടുകൂടി അവിടെ ചെല്ലുമ്പോൾ അവരുടെ സമ്മതത്തോടുകൂടി ഞാൻ നിന്നെ വിവാഹം കഴിക്കാം. അങ്ങനെ അവരുടെ വിവാഹം നടന്നു. അവർ അവരുടെ രാജ്യത്തിലേക്കു പോയി. മനർവ്വി ഗർഭിണിയായി. അവർക്ക് ഒരു പുത്രൻ ജനിച്ചു. അവൻ ഉടൻതന്നെ യൗവ്വനയുക്തനായി. തനിക്കൊരു പേരും എന്തു ചെയ്യണമെന്നും പറയണമെന്ന് മാതാപിതാക്കളോട് പറഞ്ഞു. ഘടോൽക്കചൻ പറഞ്ഞു, ബർബരാകാരമാണ് നിന്റെ മുടിക്ക്, അതിനാൽ നിന്റെ പേര് ബർബരീകൻ എന്നായിരിക്കും. വംശത്തിന്റെ ശ്രേയസ്സ് നിലനിർത്തുകയും ചെയ്യുമെന്നനുഗ്രഹിച്ചു.

ഘടോൽക്കചൻ മകനുമായി ദ്വാരകയിലെത്തി കൃഷ്ണനെ കണ്ടു. എന്തു ചെയ്യണമെന്നും ശ്രേയസ്സ് എന്താണെന്നും മറ്റുമുള്ള ചോദ്യത്തിന് വിശദമായി മറുപടി കൊടുത്ത് ഗുപ്ത ക്ഷേത്രത്തിൽ നാരദൻ പ്രതിഷ്ഠിച്ച നാല് ദിക്ദേവിമാരുടേയും അനുഗ്രഹത്തിന് വേണ്ടി പ്രാർത്ഥിക്കുവാൻ പറഞ്ഞു. ബർബരീകൻ ദേവിയെ പൂജിച്ച് പ്രസാദിപ്പിച്ചു. ബർബീരകൻ പല പ്രലോഭനങ്ങൾക്കും വശംവദനാകാതെ നിത്യബ്രഹ്മചാരിയായി ജീവിക്കുവാൻ തീരുമാനിച്ചു. അദ്ദേഹത്തിന്റെ കൂടെ തപസ്സുചെയ്ത വിജയൻ ബർബരീകനോടു നന്ദി പറഞ്ഞു. ഹോമസ്ഥിതമായ സിന്ദൂരസദൃശമായ ഭസ്മം കൊടുത്തു. ഇത് ശത്രുനാശത്തിന് സഹായിക്കുമെന്ന് പറഞ്ഞു. പ്രതിഫലം വാങ്ങില്ലായെന്നു പറഞ്ഞ ബർബരീകനോട് ദേവന്മാർ ഇതു സ്വീകരിക്കണമെന്നും കൗരവരുടെ കയ്യിൽ ഇതു കിട്ടിയാൽ സർവ്വനാശം ഉണ്ടാകുമെന്നും അതുകൊണ്ട് ബർബരീകൻ അത് സൂക്ഷിക്കണമെന്നും പറഞ്ഞു. ദേവിയെ ഭജിച്ച് ബർബരീകൻ അവിടെ കഴിയുന്നതിനിടയിൽ ചൂതിൽ പരാജയപ്പെട്ട പാണ്ഡവരെ കണ്ടു. പക്ഷെ ഇതുവരെ കണ്ടിട്ടില്ലാത്തതിനാൽ തിരിച്ചറിഞ്ഞില്ല. ദാഹിച്ചു വലഞ്ഞ ഭീമൻ അവിടെ കണ്ട ദേവീകുണ്ഡത്തിലെ ജലം കുടിക്കുവാൻ ചെന്നു. കൈകാൽ കഴുകിയ ഭീമനോട് ബർബരീകൻ വഴക്കിട്ടു. ജലം അശുദ്ധമാക്കാൻ പാടില്ലായെന്നും വേറെ എവിടെയെങ്കിലും പോയി കഴുകിയിട്ടുവേണം അതിലിറങ്ങാനെന്നും ഒക്കെ ബർബരീകൻ പറഞ്ഞു. വഴക്ക് കൂടി വന്നു. അവസാനം ദ്വന്ദയുദ്ധം തുടങ്ങി. ഇതൊന്നും ദേവി മറ്റുള്ളവരെ കാണിച്ചില്ല. ബോധംകെട്ട ഭീമനെ സമുദ്രത്തിലെറിയാൻ തുടങ്ങിയ ബർബരീകനോട് അശരീരി പറഞ്ഞു, ഇതു നിന്റെ മുത്തച്ഛനായ ഭീമനാണ്, പൂജനീയനാണ്. ബർബരീകൻ ഭീമനെ താഴെയിറക്കി ക്ഷമാപണം നടത്തി. ഇതുവരെ കാണാത്തതുകൊണ്ട് തിരിച്ചറിഞ്ഞില്ലായെന്നും ധർമ്മത്തെ രക്ഷിക്കുന്നവനാണ് ക്ഷത്രിയനെന്നും പറഞ്ഞു. പക്ഷെ താൻ തീർത്ഥത്തിൽ ദേഹത്യാഗത്തിനു പോവുകയാണെന്നു പറഞ്ഞ ബർബരീകനോട് ഭീമൻ പിൻതിരിയാൻ പറഞ്ഞു. നിന്നെ കൃഷ്ണൻ കൊല്ലുമെന്നൊക്കെ പറഞ്ഞു സമാധാനപ്പെടുത്തി. രുദ്രനാണ് തന്നെ മോചിപ്പിച്ചതെന്നു മനസ്സിലാക്കിയ

ബർബരീകൻ അവിടെ ഭീമേശ്വരലിംഗം പ്രതിഷ്ഠിച്ചു.

13 വർഷം കഴിഞ്ഞപ്പോൾ യുദ്ധാരംഭം കുറിച്ചു. രണ്ടുകൂട്ടരും യുദ്ധസന്നാഹങ്ങളുടെ കണക്കുകൾ പറഞ്ഞു. പരസ്പരം ആരെ എത്ര ദിവസം കൊണ്ട് കൊല്ലുമെന്ന ചോദ്യവും ഉത്തരവും ഒക്കെ പറഞ്ഞ് പലരും വീരവാദം മുഴക്കി. അപ്പോൾ ബർബരീകൻ പറഞ്ഞു, ഇവരെയെല്ലാം ഒറ്റ ദിവസം കൊണ്ടു കൊല്ലാൻ ഞാൻ മാത്രം മതി. 9 കോടി രാക്ഷസന്മാരെ ഒറ്റക്ക് കൊന്നവനാണ് താനെന്നു പറഞ്ഞു. കൃഷ്ണന്റെ എങ്ങനെയെന്ന ചോദ്യത്തിന് ഉത്തരമായി ബർബരീകൻ വില്ലുകുലച്ച് ഭസ്മം കൊണ്ട് അമ്പയച്ചു. എല്ലാവരുടേയും മർമ്മസ്ഥാനത്ത് അമ്പ്പതിച്ചു. പാണ്ഡവരുടേയും അശ്വത്ഥാമാവിന്റേയും ശരീരത്ത് പതിച്ചില്ല. ബർബരീകൻ കൃഷ്ണനോടു പറഞ്ഞു മർമ്മസ്ഥാനം മനസിലാക്കി. ഇനി അവിടേക്ക് അമ്പയച്ചു കൊന്നാൽ പോരേ. ആ സമയം കൃഷ്ണൻ ക്രുദ്ധനായി ചക്രമെടുത്ത് ബർബരീകന്റെ കഴുത്തു മുറിച്ചു. എന്തിനാണ് വധിച്ചതെന്ന് ആർക്കും മനസിലായില്ല. എല്ലാവരും ദുഃഖിതരായി. ഈ സമയം 14 ദേവിമാരവിടെ പ്രത്യക്ഷ്യപ്പെട്ടു ഘടോൽക്കചനോടു പറഞ്ഞു, ഭൂമിദേവി ഭാരത്താൽ വിഷമിച്ചു. ഭാരം കുറക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ ബ്രഹ്മാവ് മഹാവിഷ്ണുവിനോടാവശ്യപ്പെട്ടു. അവിടെയുണ്ടായിരുന്ന സൂര്യവർമ്പൻ എന്ന രാക്ഷസൻ താൻ ഭൂമിയൽ അവതരിച്ച് ഭൂമിഭാരം തീർക്കാമെന്നു പറഞ്ഞു. നിനക്കു ഭൂമിഭാരം തീർക്കാനുള്ള ആദ്യശ്രമത്തിൽതന്നെ കൃഷ്ണന്റെ കൈകൊണ്ട് അന്ത്യം സംഭവിക്കുമെന്ന് പറഞ്ഞു. ഇതാണിവിടെ നടന്നത്. ദേവി പറഞ്ഞതെല്ലാം കൃഷ്ണൻ ശരിവെച്ചു. അപ്പോൾ ദേവി അവന്റെ ശിരസ്സെടുത്ത് ജരാനരകളില്ലാതാക്കി യുദ്ധം കാണാൻ തനിക്കവസരം വേണമെന്ന അപേക്ഷയിൽ ഈ ശിഖിരത്തിൽ കയറിയിരുന്ന് യുദ്ധം കാണാനും ബർബരികന്റെ കീർത്തി നാലുപാടും കേൾക്കുമെന്നും പറഞ്ഞു.

യുദ്ധം കഴിഞ്ഞു. എല്ലാവരുടെയും മുൻപിൽ വെച്ച് യുധിഷ്ഠിരൻ പറഞ്ഞു, എല്ലാ അനുഗ്രഹങ്ങളും സഹായങ്ങളും കൃഷ്ണൻ മൂലമുണ്ടായതാണ്. ഭീമൻ പറഞ്ഞു, ദുര്യോധനനെ വരെ വധിച്ചു ജയിച്ച തന്നെ മറികടന്ന കൃഷ്ണനാണോ പ്രാമുഖ്യം. അർജ്ജുനൻ പറഞ്ഞു, എന്റെ മുൻപിൽ നിന്ന ഒരാളാണ് എല്ലാം ചെയ്തത്. അല്ലെങ്കിൽ ഉയരത്തിലിരുന്നു കണ്ട നിന്റെ പുത്രനോടു ചോദിക്കാം. ബാർബരികൻ പറഞ്ഞു, ശത്രുക്കളോടു യുദ്ധം ചെയ്യുന്ന ഒരാളെ ഞാൻ കണ്ടു. ഇടതു വശത്ത് 5 മുഖം, വലതു വശത്ത് ഒരു മുഖം നരനും. ഇടതുവശത്ത് ശൂലം പിടിച്ച 10 കൈകൾ, വലതു വശത്ത് ശംഖുചക്രാദികൾ ധരിച്ച 4 കൈകൾ. ഇടതു വശത്ത് ജഡാധാരി, വലതുവശത്ത് കിരീടധാരി. വീണ്ടും ഇടതുവശത്ത് ഭസ്മധാരി, വലതു വശത്ത് ചന്ദനധാരി. ചന്ദ്രധാരിയും കൗസ്തുഭ ഭൂഷിതനുമായ ഒരാളെയാണ് ഞാൻ കണ്ടത്. മറ്റാരും യുദ്ധത്തിൽ കൊന്നിട്ടില്ല. എല്ലാവരും അത്ഭുതപ്പെട്ടു. കൃഷ്ണൻ ഭീമന്റെ കൈ പിടിച്ച് ആകാശമാർഗ്ഗം തെക്കുഭാഗത്തേക്ക് പോയി. നീ ശൂരനാണെങ്കിൽ ഇതിന്റെ അടിയിൽനിന്ന് മണ്ണെടുത്ത് വരൂ. ഭീമൻ ഗരുഡന്റെ പുറത്തു നിന്നും ചാടി. തിരിച്ചവന്നു പറഞ്ഞു, തനിക്കു പറ്റില്ല. കൃഷ്ണൻ ആ നദിയുടെ മേൽ കൈയ്യ്‌വെച്ചു. നദി നാലായി ചുരുങ്ങി. കുംഭകർണ്ണന്റെ ശിരസ്സ് രാമബാണങ്ങളേറ്റു വീണ ഒരു ഭാഗമാണ് ഈ സരസ്സ്. ഭീമൻ ക്ഷമ യാചിച്ചു. തിരിച്ചുവന്ന് അവർ ബാർബരീകനെ കണ്ടു. കൃഷ്ണൻ ബാർബരീകനോടു ഗുപ്തക്ഷേത്രം ഉപേക്ഷിക്കരുതെന്നും ദുഷ്കർമ്മങ്ങളെല്ലാം ക്ഷമിക്കണമെന്നും പറഞ്ഞു. ബാർബീരകൻ തിരിച്ചുപോയി.

കൃഷ്ണന്റെ അനുഗ്രഹത്താൽ ഖട്ടുശ്യംജി ടെംബിൾ എന്ന ക്ഷേതം രാജസ്ഥാനിലുള്ള ഖട്ടു എന്ന സ്ഥലത്താണ് ഉള്ളത്. ഇവിടെ ബാർബിരകനെ ഖത്തുശ്യാംജി എന്ന പേരിൽ

ആരാധിക്കുന്നു. പരാജിതരുടെ സഹായി, അതായത് നഷ്ടപ്പെടുന്നവരുടെ ആശ്രയം എന്ന അർത്ഥത്തിലാണ് ചരിത്രമനുസരിച്ച് ഈ ക്ഷേത്രം നിർമ്മിച്ചത്. രൂപ്സിംഗചൗധാൻ എന്ന ഒരു പ്രാദേശിക ഭരണാധികാരി 1027- ലാണ് ഇതു പണിതത്. ബാർബരികന്റെ 3 വരങ്ങളായ മൂന്ന് അമ്പുകൾ, ഒന്ന് ശത്രുവിന്റെ മർമ്മം കണ്ടുപിടിക്കുക, അമ്പെയ്യുക, പാടെ നശിപ്പിക്കുക. അതും ആരാണോ ക്ഷീണിതരാവുക അവരെ രക്ഷിക്കുക. ബാർബറിക് സന്തോഷ പൂർവ്വം തന്റെ തല കൃഷ്ണനു നല്കിയെന്നാണ് പറയപ്പെടുന്നത്. കലിയുഗത്തിൽ വട്ടുശ്യംജി എന്ന പേരിൽ ആരാധിക്കുമെന്നും അനുഗ്രഹിച്ചതായി പറയുന്നു.

ബാർബറിക് സിദ്ധ അംബികമാരെ ആരാധിച്ചു അങ്ങനെയാണ് വരം ലഭിച്ചത്. ഈ ക്ഷേത്രത്തിന് 1000 വർഷത്തോളം പഴക്കമുണ്ട്. ■

## എറണാകുളം കരയോഗം ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2026 ഫെബ്രുവരി മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1 | എം. രാമചന്ദ്രൻ, A-1, പ്ലാറ്റിനം വിസ്റ്റ, ശാസ്താ ടെമ്പിൾ റോഡ്, എറണാകുളം–17 | 5500 |
| 2 | ദേവി മേനോൻ, മുല്ലോത്ത് അമ്പാടി, ചിറ്റൂർ റോഡ്, കൊച്ചി –11 | 5000 |

**മിനിക്കഥ**

**ഉണ്ണി വാരിയത്ത് – 9867179480**

# ഒരു ശരാശരിക്കാരൻ

അവൻ പരീക്ഷകളിൽ തോൽക്കാറില്ല. കഷ്ടിച്ചു ജയിക്കും എന്നു മാത്രം. അതിന്റെ പേരിൽ രക്ഷിതാക്കൾ അവനെ വഴക്കു പറയാറുണ്ട്. അവൻ ഒരു ശരാശരി വിദ്യാർത്ഥി മാത്രമാണെന്ന് അദ്ധ്യാപകരും വിധിയെഴുതി.

എങ്കിലും, അശ്രാന്തപരിശ്രമത്താൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കാൻ അവന് സാധിച്ചേനേ. പക്ഷേ, അതിന് ആത്മവിശ്വാസമോ ശുഭാപ്തിവിശ്വാസമോ ഇല്ലല്ലോ അവന്!


## 2026 ഫെബ്രുവരി മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**ചന്ദ്രശേഖരൻ മേനോൻ (L/1695),**
ശാസ്താ നിവാസ്, D2CB Apartment,
പാലാരിവട്ടം



**ടി. സരോജിനി ദേവി (L/5299)**
2nd Floor, പത്മം അപ്പാർട്ട്മെന്റ്സ്,
മാണിക്കത്ത് റോഡ്, കൊച്ചി-16



**സി. ഹേമചന്ദ്രൻ (L/3354)**
52/2665, NO.6, സ്റ്റെർലിംഗ് അപ്പാർട്ട്മെന്റ്സ്,
ഭട്ടതിരിപ്പാട് റോഡ്, കലൂർ-17

# പത്തിന്റെ ചരിത്രം

യു. എസ്. രവീന്ദ്രൻ – 9496120978

ഒരു കല്പത്തിനു ശേഷം ഭൂമി പുനർജനിക്കുകയാണെങ്കിൽ ഇപ്പോഴത്തെ മനുഷ്യരൂപത്തിൽ തന്നെ ആയിരിക്കുമോ അന്നുണ്ടാകുന്ന മനുഷ്യരൂപവും? പരിണാമ പ്രക്രിയയിൽ ശക്തിയായ ക്രമരാഹിത്യ (randomness) വിശേഷമുണ്ട്. വിവിധ ജീനുകളിൽ പതിക്കുന്ന കോസ്മിക് കിരണങ്ങൾ മൂലം തുടക്കത്തിൽ ചെറിയ അനന്തരഫലങ്ങളേ (consequences) ഉണ്ടാകുകയുള്ളൂ. എങ്കിലും പിന്നീട് അചിന്തനീയമായ മാറ്റങ്ങൾക്ക് അത് കാരണമാകുന്നു. ചരിത്ര ദൃഷ്ടാന്തങ്ങൾ പ്രകാരം ആകസ്മികതയ്ക്ക് ജൈവ ശാസ്ത്രത്തിൽ നിർണ്ണായകമായ സ്ഥാനം ഉണ്ട്. നിർണ്ണായകമായ സംഭവങ്ങൾ എത്രകാലം മുൻപ് സംഭവിച്ചുവോ അത്ര തന്നെ ശക്തമായി വർത്തമാനകാലത്തേയും സ്വാധീനിച്ചേക്കാം.

ലോകത്തുള്ള ഒരു ജീവിയും ഒരു നിമിഷം കൊണ്ട് സൃഷ്ടിക്കപ്പെട്ടതല്ല. ഒരു രൂപം ഉരുത്തിരിഞ്ഞുവന്ന് കാലാന്തരത്തിൽ പലപല മ്യൂട്ടേഷനുകളും (Mutations) സംഭവിച്ച് ഒരു പുതിയ ജീവിയായി പരിണാമം സംഭവിച്ചതാണ് ഓരോ ജീവിയും. ചാൾസ് ഡാർവിൻ (Charles Darwin) 1859–ൽ എഴുതിയ (Origin of species) ഇതിനെ പറ്റി വിശദമായി വിവരിക്കുന്നുണ്ട്. ഹിന്ദു പുരാണങ്ങളിൽ അത് ദശാവതാരമായി ഡാർവിന്റെ പരിണാമസിദ്ധാന്തഘോഷണത്തിന് എത്രയോമുമ്പ് അവതരിപ്പിച്ചിട്ടുണ്ട്.

നമ്മുടെ കൈകൾ തന്നെ നോക്കുക. നമുക്ക് തള്ളവിരലടക്കം ഒരു കൈയ്യിൽ 5 വിരലുകൾ ഉണ്ട്. സാധാരണയായി നാം നമുക്ക് വേണ്ട ജോലികൾ ഈ അഞ്ച് വിരലുകൾ ഉപയോഗപ്പെടുത്തി സാധിച്ചെടുക്കുന്നു. തള്ളവിരലടക്കം ആറ് വിരലുകൾ ആണെങ്കിലും, രണ്ടു തള്ളവിരലടക്കം അഞ്ചു വിരലുകളാണെങ്കിലും എല്ലാ കാര്യങ്ങളും നടന്നു പോകുമായിരുന്നു. വിരലുകൾ അതാത് സ്ഥാനത്ത് ഉള്ളത് പ്രകൃതിയുടെ ഏറ്റവും നല്ല സംവിധാനമായി കരുതുന്നു. നമുക്ക് അഞ്ച് വിരലുകളുള്ളത് നമ്മുടെ പൂർവ്വികരായ ഡിവോണിയൻ (Devonian) മത്സ്യത്തിന്റെ ചിറകുകളിൽ (Fins) അഞ്ച് എല്ലുകൾ ഉണ്ടായിരുന്നതുകൊണ്ടായിരിക്കണം. നാല് എല്ലുകൾ ഉള്ളതോ ആറ് എല്ലുകളുള്ളതോ ആയ മത്സ്യമായിരുന്നു നമ്മുടെ പൂർവ്വികർ എങ്കിൽ കൈയ്യിൽ നാല് വിരലുകളോ 6 വിരലുകളോ ഉണ്ടാകുമായിരുന്നു. അത് തികച്ചും സാധാരണ എന്ന് നമ്മൾ കരുതിയേനെ – ഇപ്പോൾ അഞ്ച് വിരലുകൾ സാധാരണ എന്ന് കരുതുന്നതുപോലെ.

ഒന്ന് തൊട്ട് പത്തുവരെ എണ്ണുന്നത് വിരലുകൾ പത്തെണ്ണമായതുകൊണ്ടാണ്. പത്തു കഴിഞ്ഞാൽ പത്തും ഒന്നും പതിനൊന്ന്, പത്തും രണ്ടും പന്ത്രണ്ട് എണ്ണുന്നതുപോലെ മനുഷ്യന്റെ രണ്ടു കൈയ്യിലും കൂടി 8 വിരലുകൾ ആണ് ഉണ്ടായിരുന്നതെങ്കിൽ എട്ട് എണ്ണി കഴിഞ്ഞാൽ എട്ടൊന്ന്, എട്ടുരണ്ട് എന്ന് എണ്ണിയേനെ. 9 എന്ന അക്കവും 10 എന്ന അക്കവും കണ്ടുപിടിക്കില്ലായിരുന്നു. രണ്ട് കൈയ്യിലും കൂടി 12 വിരലുകളായിരുന്നുവെങ്കിൽ 12 കഴിഞ്ഞാൽ പന്ത്രണ്ടൊന്ന്, പന്ത്രണ്ട് രണ്ട് എന്ന് എണ്ണുമായിരുന്നു. പത്തിനെ അടിസ്ഥാനമാക്കിയുള്ള കണക്കുകൾ വിരലുകളുടെ എണ്ണമനുസരിച്ച് എട്ടിനേയോ പന്ത്രണ്ടിനേയോ അടിസ്ഥാനമാക്കിയിട്ടുള്ളതാകുമായിരുന്നു. ഇപ്പോഴത്തെ ശതമാനത്തി (Percentage) നു പകരം 8 വിരലുകളാണെങ്കിൽ അഷ്ടോഷ്ടമാനവും, 12 വിരലുകളാണെങ്കിൽ ദശോദ്വയദയോദ്വയ മാനവും ആയിപ്പോയേനെ.

ഇതേ സവിശേഷത നമ്മുടെ സത്വത്തിന്റെ പല മേഖലകളിലും ഉണ്ടാകുമായിരുന്നു. നമ്മുടെ പാരമ്പര്യമായ സത്വം, ആന്തരിക രാസഘടന, നമ്മുടെ രൂപം, ഉയരം, അവയവ സംവിധാനം, ഇഷ്ടാനിഷ്ടങ്ങൾ, വികാരവിചാരങ്ങൾ, മൃദു-ഗൗരവ സ്വഭാവ വിശേഷങ്ങൾ, കാര്യങ്ങളോടുള്ള സമീപനം തുടങ്ങിയവ പരിണാമ പ്രക്രിയയിലൂടെ പുരോഗമിക്കുമ്പോൾ വന്നു ചേരുന്ന സവിശേഷതകൾ ആണ്. ■

# ഒന്ന് ചോദിച്ചോട്ടെ?

ഡോ. ദേവീദാസ് വെള്ളോടി - 9747480903

**1. ദിനചര്യ ആവശ്യമുള്ളതാണോ?**

അതെ. എന്തുകൊണ്ട് ദിനചര്യ പ്രധാനമാണ്? ക്രമബദ്ധമായ ജീവിതം-സമയത്തെ ശരിയായി ഉപയോഗിക്കാൻ സഹായിക്കുന്നു.
ആരോഗ്യ സംരക്ഷണം-ഉറക്കം, ഭക്ഷണം, വ്യായാമം എന്നിവ ക്രമത്തിൽ ആക്കുന്നു.
മാനസിക സമാധാനം-അനാവശ്യ സമ്മർദ്ദം കുറയ്ക്കുന്നു.
ഉൽപാദനക്ഷമത-ജോലി/പഠനം കൂടുതൽ ഫലപ്രദമാക്കുന്നു.
ശീലങ്ങളിലെ സ്ഥിരത-നല്ല ശീലങ്ങൾ വളർത്താൻ സഹായിക്കുന്നു.
പ്രത്യേകിച്ച് കുട്ടികൾക്കും വിദ്യാർത്ഥികൾക്കും ദിനചര്യ പഠനത്തിൽ ശ്രദ്ധ വർദ്ധിപ്പിക്കുകയും, ആത്മവിശ്വാസം കൂട്ടുകയും ചെയ്യുന്നു. മുതിർന്നവർക്കും ദൈനംദിന ചുമതലകൾ എളുപ്പത്തിൽ കൈകാര്യം ചെയ്യാനും, ആരോഗ്യകരമായ ജീവിതശൈലി നിലനിർത്താനും സഹായിക്കുന്നു.

**2. ദിവസം എത്ര മണിക്കൂർ ഉറങ്ങണം?**

ഉറക്കത്തിന്റെ ആവശ്യമായ സമയം പ്രായം അനുസരിച്ച് വ്യത്യാസപ്പെടുന്നു .
കുഞ്ഞുങ്ങൾ (0–5 വയസ്)10–14 മണിക്കൂർ
കൗമാരക്കാർ (13–18 വയസ്)8–10 മണിക്കൂർ
മുതിർന്നവർ (18–70 വയസ്)7–9 മണിക്കൂർ
സാധാരണയായി മുതിർന്ന ഒരാൾക്ക് 7–8 മണിക്കൂർ ഉറക്കം മതിയാകും.
ഉറക്കം കുറയുമ്പോൾ:ക്ഷീണം, ശ്രദ്ധക്കുറവ്, മാനസിക സമ്മർദ്ദം, ആരോഗ്യപ്രശ്നങ്ങൾ എന്നിവ വരും.

**3. പ്രഭാത ഭക്ഷണം നിർബന്ധമാണോ?**

അതെ, പ്രഭാതഭക്ഷണം (Breakfast) സാധാരണയായി വളരെ പ്രധാനപ്പെട്ടതാണ്.

**എന്തുകൊണ്ട് ?**

ഊർജം നൽകുന്നു-രാത്രി മുഴുവൻ ഉപവാസത്തിനുശേഷം ശരീരത്തിന് ഊർജം ആവശ്യമാണ്. ശ്രദ്ധയും ഓർമ്മയും വർദ്ധിക്കുന്നു. -വിദ്യാർത്ഥികൾക്കും ജോലിക്കാർക്കും ഏറെ സഹായകരം. ശരീരത്തിലെ ദഹനപ്രക്രിയ തുടങ്ങാൻ സഹായിക്കുന്നു. അമിതഭക്ഷണം ഒഴിവാക്കുന്നു-രാവിലെ കഴിക്കാതെ ഇരുന്നാൽ ഉച്ചയ്ക്ക് കൂടുതലായി കഴിക്കാൻ സാധ്യതയുണ്ട്.

**4. ഇടക്ക് പട്ടിണി കിടക്കുന്നത് നല്ലതാണോ?**

ക്രമബദ്ധമായ ഉപവാസം (Intermittent Fasting). ചിലർക്കൊക്കെ നല്ലതാകാം. ശരീരഭാരം നിയന്ത്രിക്കാൻ സഹായിക്കും, ദഹനം മെച്ചപ്പെടുത്താം ചിലർക്കു ബ്ലഡ് ഷുഗർ നിയന്ത്രണത്തിൽ സഹായം. പക്ഷേ അനാരോഗ്യം ഉള്ളവർ ഇത് ഡോക്ടർ ഉപദേശം പ്രകാരം ചെയ്യുന്നത് സുരക്ഷിതമാണ്. പ്രത്യേകിച്ച് ഷുഗർ (ഡയബീറ്റിസ്) ഉള്ളവർ, ഗർഭിണികൾ, വയറുവേദന/അസിഡിറ്റി ഉള്ളവർ അനിയന്ത്രിതമായി പട്ടിണി കിടക്കുന്നത് നല്ലതല്ല. അത് തലചുറ്റൽ, അസിഡിറ്റി ക്ഷീണം എന്നിവ ഉണ്ടാക്കും.

**5. ചായയാണോ കാപ്പിയാണോ ആരോഗ്യത്തിന് നല്ലത്?**

ഇത് നിങ്ങൾ എത്ര കുടിക്കുന്നു, എങ്ങനെ കുടിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് ഇരിക്കുന്നത്.

**A. കാപ്പിയുടെ ഗുണങ്ങൾ:**

കൂടുതൽ കഫെയ്ൻ- ഉടൻ ഉണർവ്വ്, ശ്രദ്ധയും ഏകാഗ്രതയും വർധിപ്പിക്കും. ചില പഠനങ്ങളിൽ കരൾ ആരോഗ്യത്തിന് ഗുണം കാണുന്നു

ദോഷങ്ങൾ (കൂടുതൽ കുടിച്ചാൽ): ഹൃദയമിടിപ്പ് കൂടുക, അസിഡിറ്റി, ഉറക്കക്കുറവ്. സാധാരണയായി ദിവസത്തിൽ 1–2 കപ്പ് മതി.

**B. ചായയുടെ ഗുണങ്ങൾ:**

കഫെയ്ൻ കുറവ്-സൗമ്യമായ ഉണർവ്. ആന്റിഓക്സിഡന്റുകൾ (പ്രത്യേകിച്ച് ഗ്രീൻ ടീ). ദഹനത്തിന് സഹായം. ദോഷങ്ങൾ (കൂടുതൽ കുടിച്ചാൽ): അസിഡിറ്റി, ദുശ്ശീലം, പഞ്ചസാര കൂടുതലായി ചേർത്താൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകും.

**6. പഞ്ചസാരയോ ശർക്കരയോ -ആരോഗ്യത്തിന് ഏതാണ് നല്ലത്?**

**പഞ്ചസാര (Refined Sugar):** പൂർണ്ണമായി ശുദ്ധീകരിച്ചതാണ്. കലോറി മാത്രം-പോഷകഗുണം ഇല്ല. രക്തത്തിലെ ഷുഗർ പെട്ടെന്ന് ഉയരും അമിതമായി കഴിച്ചാൽ പ്രമേഹം, ഭാരം കൂടൽ, പല്ല് പ്രശ്നങ്ങൾ

**ശർക്കര (Jaggery):** കരിമ്പിൽ നിന്ന് കുറച്ച് പ്രോസസ്സിംഗ് മാത്രം ചെയ്തു ഉണ്ടാക്കുന്നത്. ഇരുമ്പ്, കാൽസ്യം പോലുള്ള ചെറിയ തോതിൽ ധാതുക്കൾ ഉണ്ട്. ദഹനത്തിന് സഹായകരമാകാം പക്ഷേ കലോറി പഞ്ചസാരയോട് ഏകദേശം സമം. ശർക്കര പഞ്ചസാരയെക്കാൾ അല്പം നല്ലത്, കാരണം കുറച്ച് പോഷകങ്ങൾ ഉണ്ട്. പക്ഷേ രണ്ടും മിതമായി മാത്രം ഉപയോഗിക്കണം.

**7. മോര് ആണോ തൈര് ആണോ-ഏതാണ് നല്ലത്?**

രണ്ടിനും ആരോഗ്യഗുണങ്ങളുണ്ട്. ഉപയോഗിക്കുന്ന സാഹചര്യം അനുസരിച്ചാണ് തിരഞ്ഞെടുക്കേണ്ടത്.

**തൈര് (Curd) ഗുണങ്ങൾ:** പ്രോട്ടീൻ, കാൽസ്യം സമൃദ്ധം, പ്രോബയോട്ടിക് ബാക്ടീരിയ-ദഹനത്തിന് നല്ലത്,വയറുവേദന/അസിഡിറ്റി കുറയ്ക്കാൻ സഹായം. ശ്രദ്ധിക്കുക. രാത്രി കൂടുതലായി കഴിച്ചാൽ കഫം/വർദ്ധിക്കുമെന്നതിനാൽ രാത്രി തൈര് കഴിക്കുന്നത് ഒഴിവാക്കാം. ചുമ, കഫക്കെട്ട് എന്നിവ ഉള്ളവർ തൈരും മോരും കഴിക്കണ്ട.

**മോര് (Butter milk) ഗുണങ്ങൾ:** ലഘുവായത്-ദഹനത്തിന് എളുപ്പം, വേനൽക്കാലത്ത് ശരീരം തണുപ്പിക്കും, വയറിളക്കം, അസിഡിറ്റി എന്നിവയ്ക്കു നല്ലത്. കലോറി കുറവ് - ഭാരം നിയന്ത്രിക്കാൻ സഹായം, ദിവസേന ലഘുവായി കുടിക്കാനെങ്കിൽ- മോര് നല്ലത്
പോഷകഗുണം, പ്രോട്ടീൻ എന്നിവക്ക് തൈര് നല്ലത് പൊതുവെ, ഉച്ചഭക്ഷണത്തിന് ശേഷം ഒരു ഗ്ലാസ് മോര് വളരെ നല്ലതാണ്.

**8. നിലക്കടലയോ കശുവണ്ടിയോ-ഏതാണ് ആരോഗ്യത്തിന് നല്ലത്?**

രണ്ടും ഗുണകരമാണ്. പക്ഷേ ലക്ഷ്യം അനുസരിച്ച് തിരഞ്ഞെടുക്കാം

**നിലക്കടല (Peanut)ഗുണങ്ങൾ:** പ്രോട്ടീൻ കൂടുതലായി ഉണ്ട്. ഫൈബർ ദഹനത്തിന് നല്ലത്, വില കുറവ്, എളുപ്പം ലഭ്യം, ഹൃദയാരോഗ്യത്തിനുള്ള നല്ല കൊഴുപ്പ് ഇതിലുണ്ട്. ശ്രദ്ധിക്കുക: അലർജി ഉള്ളവർ ഒഴിവാക്കണം, വറുത്തതിൽ ഉപ്പു കൂടുതലാകരുത്.

**കശുവണ്ടി (Cashew)ഗുണങ്ങൾ:** നല്ല കൊഴുപ്പ് (Healthy fats), മഗ്നീഷ്യം, സിങ്ക് പോലുള്ള ധാതുക്കൾ, ഊർജം കൂടുതൽ നൽകും. ശ്രദ്ധിക്കുക: കലോറി കൂടുതലാണ് ഭാരം കൂടാൻ സാധ്യത. കൂടുതലായി കഴിച്ചാൽ കൊഴുപ്പ് കൂടുതലാകും. പ്രോട്ടീനും ദിനംപ്രതി ലഘുവായി കഴിക്കാമെങ്കിൽ നിലക്കടല നല്ലത്. ഊർജവും പോഷകഗുണവും വേണ്ടവർക്ക് കശുവണ്ടി നല്ലത്. രണ്ടും ഒരു പിടി (handful) മാത്രം ദിവസത്തിൽ മതിയാകും. പാവങ്ങളുടെ പ്രോട്ടീൻ ആണ് നിലക്കടല.

**9. ഭക്ഷണത്തിന് മുൻപോ ശേഷമോ വെള്ളം കുടിക്കണോ?**

ഭക്ഷണത്തിന് മുൻപ് വെള്ളം കുടിക്കുന്നത് നല്ലത്. ഭക്ഷണത്തിന് 20–30 മിനിറ്റ് മുമ്പ് ഒരു ഗ്ലാസ് വെള്ളം കുടിക്കുന്നത് നല്ലതാണ്.

ദഹനപ്രക്രിയയ്ക്ക് സഹായിക്കും, അമിതഭക്ഷണം ഒഴിവാക്കാൻ സഹായിക്കും. ഭക്ഷണത്തിനിടെ അധികം വെള്ളം കുടിക്കേണ്ട. ചെറിയ സിപ്പുകൾ (sips) മതിയാകും. ഭക്ഷണം കഴിഞ്ഞ് 20–30 മിനിറ്റ് കഴിഞ്ഞ് വെള്ളം കുടിക്കുന്നത് നല്ലത്. ഉടനെ അധികം കുടിക്കുന്നത് ചിലർക്കു ദഹനക്കുറവ്/അസിഡിറ്റി ഉണ്ടാക്കാം.

**10. മധുരം (സ്വീറ്റ്) ഭക്ഷണത്തിന് മുൻപോ ശേഷമോ ഏതാണ് നല്ലത്?**

ഭക്ഷണത്തിന് മുൻപ് മധുരം കഴിച്ചാൽ രക്തത്തിലെ ഷുഗർ പെട്ടെന്ന് ഉയരും. കൂടുതൽ വിശപ്പ് തോന്നാൻ ഇടയാകും. അമിത ഭക്ഷണം ഉണ്ടാകാം സാധാരണയായി ഇത് ശുപാർശ ചെയ്യാറില്ല. ഭക്ഷണം കഴിഞ്ഞ് മധുരം കഴിച്ചാൽ ഭക്ഷണത്തോടൊപ്പം ഷുഗർ ഉയരുന്നത് അല്പം നിയന്ത്രിതമാകും. ചെറിയ അളവിൽ കഴിച്ചാൽ ദഹനത്തിന് വലിയ പ്രശ്നമില്ല. ഭക്ഷണം കഴിഞ്ഞ് ചെറിയ അളവിൽ മധുരം കഴിക്കുന്നത് കുഴപ്പമില്ല. എന്നാൽ, ദിവസേന അധികമായി മധുരം കഴിക്കുന്നത് ആരോഗ്യത്തിന് ഹാനികരം.

**11. വെജിറ്റേറിയൻ ആണോ നോൺ വെജിറ്റേറിയൻ ആണോ–ഏതാണ് ആരോഗ്യത്തിന് നല്ലത്?**

**വെജിറ്റേറിയൻ ഭക്ഷണം ഗുണങ്ങൾ**: ഫൈബർ കൂടുതലാണ്, ദഹനത്തിന് നല്ലത്, കൊളസ്ട്രോൾ കുറവ്, ഹൃദയാരോഗ്യത്തിന് സഹായകരം, ഭാരം നിയന്ത്രിക്കാൻ എളുപ്പം. ശ്രദ്ധിക്കുക: Vitamin B12 കുറവ് വരാം, പ്രോട്ടീൻ മതിയായ അളവിൽ ഉൾപ്പെടുത്തണം (പയർ, കടല, തൈര്, പാൽ)

**നോൺവെജിറ്റേറിയൻ ഭക്ഷണം ഗുണങ്ങൾ:** ഉയർന്ന ഗുണമേന്മയുള്ള പ്രോട്ടീൻ, Vitamin B12, ഇരുമ്പ് ധാരാളം, മത്സ്യത്തിലുള്ള ഒമേഗ 3 ഹൃദയത്തിന് നല്ലത്. ശ്രദ്ധിക്കുക: RED MEAT (ഇറച്ചി) അധികമാകരുത്, വറുത്ത ഭക്ഷണം ഒഴിവാക്കണം, കൊഴുപ്പ് നിയന്ത്രണം വേണം

**12. നാരുള്ള ഭക്ഷണം (Fiber-rich foods) ഏതെല്ലാമാണ്?**

നാരുകൾ (Fiber)- ദഹനത്തിന് വളരെ പ്രധാനമാണ്. മലബന്ധം ഒഴിവാക്കാനും, ഷുഗർ, കൊളസ്ട്രോൾ നിയന്ത്രിക്കാനും സഹായിക്കുന്നു.

**പച്ചക്കറികൾ:** ചീര, ബ്രോക്കോളി, കാരറ്റ്, ബീറ്റ്റൂട്ട്, കോവൽ, കാബേജ്, വെണ്ടക്ക തുടങ്ങിയവയിൽ ധാരാളം ഫൈബർ ഉണ്ട്.

**പഴങ്ങൾ:** ആപ്പിൾ (തൊലി സഹിതം), പേരയ്ക്ക, ഓറഞ്ച്, പപ്പായ, പഴം

**ധാന്യങ്ങൾ (Whole grains):** ഗോതമ്പ് (ആട്ട), ഓട്സ്, ബ്രൗൺ റൈസ്, റാഗി തുടങ്ങിയവയിൽ ധാരാളം ഫൈബർ ഉണ്ട്.

**പയർവർഗ്ഗങ്ങൾ:** കടല, ചെറുപയർ, പരിപ്പ്.

**കുരുക്കൾ (Nuts & Seeds):** നിലക്കടല, ബദാം, ഫ്ളാക്സ് സീഡ് (ചിയ വിത്ത്)

മുതിർന്നവർക്ക് ഏകദേശം 25–35 ഗ്രാം Fiber ആവശ്യമുണ്ട്. വെള്ളം മതിയായി കുടിക്കണം; അല്ലെങ്കിൽ നാരുകൾ കഴിച്ചാൽ മലബന്ധം വരാം.

**13. രാത്രി വൈകി വയറു നിറയെ ഭക്ഷണം കഴിക്കാമോ?**

സാധാരണയായി ശുപാർശ ചെയ്യാറില്ല. എന്തുകൊണ്ട് ഒഴിവാക്കണം? ദഹനം മന്ദഗതിയിൽ ആകുന്നു. രാത്രിയിൽ ശരീരത്തിന്റെ മെറ്റബോളിസം കുറയുന്നു. അതിനാൽ ഭക്ഷണം പെട്ടെന്ന് ദഹിക്കില്ല. അസിഡിറ്റി ഉണ്ടാകാം. അജീർണത്തെ ഉണ്ടാക്കാം. അധിക കലോറി ഉപയോഗിക്കാതെ ശരീരത്തിൽ സംഭരിക്കപ്പെടാം. ഇതു അമിത വണ്ണത്തിനു കാരണമാകുന്നു. ഉറക്കക്കുറവ്, ഗാഢമായ ഉറക്കം ലഭിക്കാതിരിക്കുക എന്നിവക്ക് കാരണമാകുന്നു.

നല്ല രീതിയേത്? ഉറങ്ങുന്നതിന് 2–3 മണിക്കൂർ മുമ്പ് ഭക്ഷണം കഴിക്കുക. ലഘുവായ ഭക്ഷണം (ചപ്പാത്തി + കറി / സൂപ്പ് / പച്ചക്കറി). വറുത്തതും അത്യധികം മധുരവും ഒഴിവാക്കുക. ■

# രണ്ടാം ലോകമഹായുദ്ധം

## ചരിത്രസ്മൃതികളിൽ ടി. ഡി. എം. ഹാൾ

സി. വി. സാജു – 9447438378



രണ്ടാം ലോക മഹായുദ്ധകാലത്ത് (1939 – 1945) സാമൂഹികമായി വലിയ മാറ്റങ്ങളുണ്ടായ പ്രദേശങ്ങളിലൊന്നാണ് എറണാകുളം. ബ്രിട്ടീഷ് നിയന്ത്രണത്തിലായിരുന്നു കൊച്ചി രാജ്യത്തിന്റെ ഭാഗമായിരുന്ന ഈ പ്രദേശം. ബ്രിട്ടീഷ് സർക്കാർ എറണാകുളത്തെ യുദ്ധകേന്ദ്രമാക്കിയില്ലെങ്കിലും സാമൂഹികസാമ്പത്തിക മാറ്റങ്ങൾ പ്രദേശത്തെ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. ബ്രിട്ടീഷ് സൈന്യത്തിലേക്ക് പ്രാദേശികമായി യുവാക്കളെ ചേർക്കുന്നതിനുള്ള പ്രധാന കേന്ദ്രങ്ങളിലൊന്ന് എറണാകുളത്തായിരുന്നുവെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്.സൈനീകരെ റിക്രൂട്ട്ചെയ്യാനുള്ള കേന്ദ്രം (ഇന്നത്തെ ടി. ഡി. എം. ഹാൾ) അധികാരികൾ ഇവിടെ ഒരുക്കി. ബ്രിട്ടീഷ് സൈന്യം മലബാറടക്കമുള്ള പ്രദേശങ്ങളിലെ യുവാക്കളെ സൈനിക സേവനത്തിനായി ഇവിടെ നിന്ന് തിരഞ്ഞെടുത്തയച്ചു. ബർമ്മയിലും, സിംഗപ്പൂരിലും, മലേഷ്യയിലുമൊക്കെയാണ് ഇവിടെ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവർ എത്തിച്ചേർന്നത്. മലബാറിൽ നിന്ന് എറണാകുളത്തെത്തി ഇവിടുത്തെ സൈനീക കേന്ദ്രത്തിൽ നിന്ന് ബർമയിലേക്ക് യാത്ര തിരിച്ച അനുഭവം കണ്ണൂർ ഏഴാം വില്ലേജിലെ നരിക്കോട്ടെ പരേതനായ പി. ടി. കുഞ്ഞിരാമൻ നായരുടെ ഓർമ്മയിലുണ്ടായിരുന്നു. ദിവസങ്ങളോളം ഇവിടെ താമസിച്ചാണ് സൈനീകനായി അദ്ദേഹം യാത്രതിരിച്ചത്. എറണാകുളത്തെ കുഞ്ചുനായർ എന്ന സ്നേഹിതന്റെ കൂടെയാണ് കുഞ്ഞിരാമൻ നായർ അല്പദിവസം താമസിച്ചത്.

ഊർജ്ജസ്വലരായ നായർ യുവാക്കളാണ് സൈനീക വൃത്തിയിലേർപ്പെടാനായി സന്നദ്ധത പ്രകടിപ്പിച്ച് കൂടുതലും എത്തിയിരുന്നതത്രെ. ബ്രിട്ടീഷ് സൈനീക മേധാവികളും ഇത്തരക്കാരെയാണ് കൂടുതലും പരിഗണിച്ച് പോന്നിരുന്നത്. രണ്ടാം ലോകമഹായുദ്ധകാലത്ത് പ്രധാനമായും സജീവമായിരുന്ന ബ്രിട്ടീഷ് ഇന്ത്യൻ ആർമിയുടെ റോയൽ ഇന്ത്യൻ ആർമി സർവീസ് കോർപ്സിലെ ജനറൽ ട്രാൻസ്പോർട്ട്, അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലായിരുന്നു കുഞ്ഞിരാമൻ നായർ സേവനമനുഷ്ഠിച്ചത്. പിന്നീട് 1945– ഓടെ സൈനിക സേവനം അവസാനിപ്പിച്ച് കുഞ്ഞിരാമൻ നായർ നാട്ടിലേക്ക് തിരിച്ചു. ബ്രിട്ടീഷ് രാജവംശത്തിലെ ജോർജ്ജ് ആറാമന്റെ ചിത്രം ആലേഖനം ചെയ്ത സർവീസ് മെഡൽ ഉൾപ്പടെ അദ്ദേഹം സൂക്ഷിച്ചുവച്ചിരുന്നുവെന്ന് മാധ്യമ പ്രവർത്തകനും അദ്ദേഹത്തിന്റെ കൊച്ചുമകനുമായ സി. വി. സാജു പറഞ്ഞു. അതേ സമയം യുദ്ധം ചെയ്യാനായി സന്നദ്ധരായ യുവാക്കൾ കടുത്ത ദേശീയവാദികളായിരുന്നുവെന്നാണ് ഇത് സംബന്ധിച്ച് പഠനം നടത്തിയവർ പറയുന്നത്. യുദ്ധം അവസാനിച്ച് കഴിഞ്ഞാൽ ഇന്ത്യക്ക്






സ്വാതന്ത്ര്യം ലഭിച്ചേക്കുമെന്ന ബ്രിട്ടീഷ് ഭരണാധികാരികളുടെ പ്രസ്താവന കൂടി കണക്കി

ലെടുത്താണ് രണ്ടും കൽപിച്ച് ദേശസ്നേഹി കളായ ചെറുപ്പക്കാർ ബ്രിട്ടീഷ് ഇന്ത്യൻ സൈന്യമായി യുദ്ധമുഖത്തെത്തിയത്. യുദ്ധാനന്തരം തങ്ങളുടെ മാതൃരാജ്യം അടിമത്തത്തിന്റെ ചങ്ങലകൾ പൊട്ടിച്ച് ഒരു സ്വതന്ത്ര റിപ്പബ്ലിക്കായി മാറുന്നത് കാണാൻ ആഗ്രഹിച്ചിരുന്നുവെന്ന് അന്ന് സൈനിക സേവനം നടത്തിയ ചിലരെങ്കിലും പിൽക്കാലത്ത് അനുസ്മരിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യസമര സേനാനിയും സംസ്കൃത പണ്ഡിതനുമായ നരിക്കോട്ടെ അത്തിലാടൻ കുഞ്ഞാൻകുട്ടി പണിക്കരുടെയും പരിയാരൻ തായലെ വീട്ടിൽ പാർവ്വതിയമ്മയുടെയും മൂന്ന് മക്കളിൽ മൂത്തയാളാണ് കുഞ്ഞിരാമൻ നായർ. വിദഗ്ദനായ ക്ഷേത്രശിൽപി കൂടിയായ അദ്ദേഹത്തിന് ക്ഷേത്ര നിർമാണത്തിലെ വൈദഗ്ദ്യം കണക്കിലെടുത്ത് പട്ടും വളയും ആചാരപ്പേരും ലഭിച്ചിട്ടുണ്ട്. പരേതയായ വടക്കന്മാർ വീട്ടിൽ കുഞ്ഞാതിയമ്മയാണ് ഭാര്യ. ഒമ്പത് മക്കളും കൊച്ചുമക്കളുമടങ്ങിയ കുടുംബമാണ് കുഞ്ഞിരാമൻ നായർക്കുള്ളത്. സ്വാതന്ത്ര്യ സമരസേനാനി പരേതനായ പരിയാരൻ തായലെ വീട്ടിൽ കോരൻ നായർ, പി ടി നാരായണിയമ്മ എന്നിവർ സഹോദരങ്ങളാണ്. ■

**ഗാന്ധി സൂക്തം**

## നാഗരികതയും സംസ്കാരവും

പടിഞ്ഞാറൻ സംസ്കാരം നാശകാരിയാണെന്നും കിഴക്കൻ സംസ്കാരം നിർമ്മാണാത്മകമാണെന്നും പറയാം. പടിഞ്ഞാറൻ സംസ്കാരം വിഘടിപ്പിക്കുന്നു. എന്നാൽ കിഴക്കൻ സംസ്കാരം സമന്വയിപ്പിക്കുന്നു. പടിഞ്ഞാറൻ സംസ്കാരത്തിന് ഒരു ലക്ഷ്യമില്ലെന്നും കിഴക്കൻ സംസ്കാരത്തിന് എക്കാലവും ലക്ഷ്യബോധമുണ്ടെന്നും ഞാൻ വിശ്വസിക്കുന്നു. പടിഞ്ഞാറൻ സംസ്കാരത്തേയും ക്രൈസ്തവ പുരോഗതിയേയും ഞാൻ കൂട്ടിക്കുഴയ്ക്കുന്നില്ല. ലോകമാകെ ടെലഗ്രാഫ് സമ്പ്രദായം വ്യാപിച്ചതും ടെലഫോൺ ബന്ധം സ്ഥാപിച്ചതും അല്ലെങ്കിൽ അതിവേഗത്തിലോടുന്ന തീവണ്ടികൾ ഏർപ്പെടുത്തിയതും ഒന്നും ക്രിസ്തീയ പുരോഗതിയുടെ അടയാളമായി ഞാൻ കണക്കുകൂട്ടുന്നില്ല.

പടിഞ്ഞാറൻ സംസ്കാരം പ്രവർത്തനനിരതമാണെന്ന് ഞാൻ കരുതുന്നു. എന്നാൽ കിഴക്കൻ സംസ്കാരത്തിൽ ചാരിതാർത്ഥ്യം മുന്നിട്ടുനിൽക്കുന്നു. ചിലപ്പോൾ അത് അലസതയിലേക്ക് വീണുപോയി എന്നും വരും. ഇന്ത്യയിലേയും ചൈനയിലേയും ജനങ്ങൾ – ജപ്പാനെ തൽക്കാലം ഒഴിവാക്കാം – പലപ്പോഴും ചാരിതാർത്ഥപരമായ ഒരുതരം നിഷ്ക്രിയാവസ്ഥയിൽ കഴിഞ്ഞു കൂടാറുണ്ട്. ചെറിയൊരു പ്രതിബന്ധം വന്നാൽ അവർക്ക് മടിപിടിക്കും. പടിഞ്ഞാറൻ സംസ്കാരത്തിന്റെ ചലനാത്മകമായ പ്രവർത്തനരീതി കൂടി സ്വായത്തമാക്കിയാൽ പിന്നെ കിഴക്കൻ സംസ്കാരം മേധാവിത്വം പുലർത്തും, കാരണം അതിന് വ്യക്തമായൊരു ലക്ഷ്യമുണ്ട്. എല്ലാ പ്രവർത്തന ശക്തികളും മൂലകേന്ദ്രത്തിൽ നിന്നും അകലേക്ക് പറന്നകലുന്ന സംസ്കാരത്തിന് അഥവാ അവസ്ഥയ്ക്ക് ലക്ഷ്യമുണ്ടാവാൻ വഴിയില്ല എന്നും അതേസമയം എല്ലാം ഒരു കേന്ദ്രത്തിലേക്ക് ആവാഹിക്കപ്പെടുന്നതിന് എപ്പോഴും ലക്ഷ്യമുണ്ടായിരിക്കുമെന്നും എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്നതാണല്ലോ. അതിനാൽ ഈ രണ്ടു സംസ്കാരങ്ങളും കൂടിച്ചേർന്ന് വ്യത്യസ്തമായ ഒരു ശക്തിവിശേഷമുണ്ടാക്കണമെന്നാണ് ഞാൻ പറയുന്നത്. അന്യോന്യം വെല്ലുവിളിക്കാത്ത ശിഥിലീകരിക്കാത്ത ഒരുമയുടെ ശക്തി. ഈ രണ്ടു സംസ്കാരങ്ങളും അന്യോന്യം ബന്ധപ്പെടണം. ഐക്യത്തോടെ പ്രവർത്തിക്കണം. രണ്ടും വൈരുദ്ധ്യാത്മക ശക്തികളാണെങ്കിൽ പോലും ഒരു പക്ഷേ പ്രകൃതിയുടെ നിലനിൽപ്പിന് രണ്ടും ആവശ്യമാണെന്ന് വരാം. ഈ രണ്ടു വിരുദ്ധ ശക്തികളേയും ഏതു രീതിയിൽ പ്രയോജനപ്പെടുത്തണമെന്ന് ബുദ്ധിയും ഹൃദയവുമുള്ള നമ്മൾ കണ്ടുപിടിക്കണം. അത് സാധിച്ചു കഴിഞ്ഞാൽ ഈ രണ്ടു സംസ്കരണങ്ങളും തമ്മിൽ ബന്ധപ്പെടാനും അതുവഴി നന്മ കൈവരിക്കാനും കഴിയുന്നതാണ്.

**മഹാത്മാഗാന്ധിയുടെ സമ്പൂർണ്ണ കൃതികൾ വാല്യം–8, പുറം 244–45**

യാത്രാ വിവരണം

# അസർബൈജാൻ യാത്ര...

ആരതി - 9388602778

(തുടർച്ച.....)

***ഏഴാം ദിവസം***

ഇന്നത്തെ ടൂർ ഞങ്ങൾ തുടങ്ങിയത് ഹോളിട്രിനിറ്റി കത്തീഡ്രൽ ഓഫ് ടിബിലിസിൽ നിന്നാണ്. ഇത് ലോകത്തിലെ ഏറ്റവും വലിയ ഓർത്തഡോക്സ് പള്ളികളിൽ ഒന്നാണ്. കിഴക്കൻ ഓർത്തഡോക്സ് പള്ളികൾ ഉയരത്തിന്റെ കാര്യത്തിൽ മൂന്നാമതാണ്. ഒരു സംസ്കാരത്തിന്റെ മുകളിലായി കാണുന്ന മറ്റൊന്ന് പോലെ അർമേനിയൻ പള്ളിയുടെ അവശിഷ്ടങ്ങളുടെ മുകളിലാണ് നിൽക്കുന്നത്. ഇതിനിടയിൽ അർമേനിയൻ ചർച്ചും അതിനോടനുബന്ധിച്ചുള്ള സെമിത്തേരിയും ഉണ്ടായിരുന്നു. അതായത് അർമേനിയൻ ചർച്ച് രൂപമാറ്റം വരുത്തി ക്രിസ്ത്യൻ ചർച്ച് ആക്കിയതാണത്. ഇതിന്റെ നിർമ്മാണത്തിന് ആഗോളതലത്തിൽ തന്നെ ധാരാളം ധനസമാഹരണം നടത്തിയിട്ടുണ്ട്. ഇന്ന് ഏറ്റവും വലിയ ഓർത്തഡോക്സ് പള്ളികളിൽ ഒന്നായിട്ടാണ് അറിയപ്പെടുന്നത് 1995-ൽ തുടങ്ങിയെങ്കിലും അർമേനിയയിലെ രാഷ്ട്രീയ അനിശ്ചിതത്വം മൂലം പള്ളി പൂർത്തീകരിക്കാൻ വളരെ വൈകി. 2002-ലാണ് ഇതിന്റെ പണികൾ പൂർത്തിയായത്. 2004 നവംമ്പർ 23 നാണ് ഇതിനെ (കാത്തലിക് പാടിയാടിക് ഓഫ് ജോർജിയ) എന്ന് നാമകരണം ചെയ്തിരിയ്ക്കുന്നത്. ഇതിന്റെ ആകെ വിസ്തീർണം 3000 sqt. മീറ്ററാണ്. ഇതിൽ 9 ചാപ്പലുകൾ ഉണ്ട്. ഓരോന്നിനും ഓരോ പുണ്യാളന്മാരുടെ പേരുകളാണ് നൽകിയിരിക്കുന്നത്. ഇവിടെയെല്ലാം ആരാധനകളും നടക്കുന്നുണ്ട്. വിലപിടിപ്പുള്ള രത്നങ്ങളാലും പെയിന്റിങ്ങുകളാലും അലംകൃതമായ ഈ ചാപ്പലുകളുടെ തറ മാർബിളിലാണ് തീർത്തിരിക്കുന്നത്. അൾത്താര മൊസേക്ക് കൊണ്ട് അലങ്കരിച്ചിട്ടുണ്ട്. ആർട്ടിസ്റ്റുകളുടെ ഒരു സംഘം ഒന്നിച്ചു പ്രവർത്തിച്ചാണ് ഇവിടുത്തെ പെയിന്റിങ്ങും മ്യൂറൽസും ഒക്കെ ഭംഗിയാക്കി തീർത്തത്. വിലപിടിപ്പുള്ള മാണിക്യ മരതകകല്ലുകൾ കൊണ്ടാണ് ഓരോ പുണ്യാളന്മാരുടെയും ചിത്രങ്ങൾ അലങ്കരിച്ചിരിക്കുന്നത്, ഇത് കൂടാതെ പാർക്കുപോലെ വിശാലമായ ഒരു സ്ഥലവും ഇവിടെയുണ്ട്. ഇവിടെ കാണികൾക്കു വിശ്രമിക്കാനുള്ള സൗകര്യമുണ്ട്. ജോർജിയ നല്ല ഉയരത്തിൽ സ്ഥിതിചെയ്യുന്ന സ്ഥലമായതുകൊണ്ട് ഫോട്ടോസൊക്കെ എടുക്കാൻ വളരെ സൗകര്യമാണ്. പള്ളികളാണ് ഇവിടെ കുടുതലുള്ളതെങ്കിലും അതിനോടനുബന്ധിച്ചുള്ള പൂന്തോട്ടങ്ങളെല്ലാം അതിമനോഹരങ്ങളാണ്. സാധാരണ പള്ളികളിലുള്ളതുപോലെ ക്ലോക്ടവർ ഇവിടെയുമുണ്ട്. പ്രത്യേകമായി പറയാനുള്ളത് ഇവിടെയും ധാരാളം യാചകരുണ്ട്. അതുകൊണ്ടു തന്നെ ജനങ്ങൾ അത്രക്ക് സാമ്പത്തിക ഉന്നമനം നേടിയിട്ടില്ല എന്ന് നമുക്ക് അനുമാനിക്കാം.

അവിടെനിന്ന് ക്ലോക്ടവറും പീഷോയു മൊക്കെ കാണാനായി വേഗമിറങ്ങി. അവിടെ നിന്ന് നേരെ പോയത് ലൈനിങ് ക്ലോക്ടവർ കാണാനാണ്. ഞങ്ങൾ അവിടെ എത്തിയപ്പോൾ മണി മുഴങ്ങേണ്ട (ക്ലോക് അടിക്കേണ്ട) സമയമായിരുന്നു. അതുകൊണ്ട് നല്ല തിരക്കായിരുന്നു. ആദ്യം ചെന്ന കുറെ ആളുകൾക്ക് മാത്രമേ കാണാൻ സാധിച്ചുള്ളൂ. കണ്ടാൽ പഴയതാണെന്ന് തോന്നുമെങ്കിലും 2010-ലാണ് ഈ ലീനിംഗ് ടവർ നിർമ്മിച്ചത്. റിസോഗബ്രിയാറ്റി പപ്പറ്റ് തീയേറ്ററിനടുത്താണ് ഈ ലീനിംഗ് ക്ലോകടവർ പണിതിരിക്കുന്നത്. നാലുവർഷമെടുത്താണ് റിസോ ഗബ്രിയാറ്റി തീയേറ്റർ പണിതത്. പഴയതുപോലെ തോന്നാനും, ചരിച്ചു പണിഞ്ഞതുമൊക്കെ മനപ്പൂർവ്വമാണെന്നാണ് പറയപ്പെടുന്നത്. പപ്പറ്റ് തീയേറ്റർ ആയതു

കൊണ്ട് അവിടെ പപ്പറ്റ് ഷോയും നടക്കുന്നുണ്ട്. 11 മണിക്കും 7 മണിക്കുമാണ് ഇവിടെ പ്രോഗ്രാം നടക്കുന്നത്. ഞങ്ങൾ അവിടെ ചെന്നപ്പോൾ പ്രോഗ്രാം നടന്നുകൊണ്ടിരിക്കുകയായിരുന്നു. ഓൾഡ് സിറ്റിയിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. അതിനടുത്ത സോവനീർ ഷോപ്പുകളും, ചർച്ചുകളുമുണ്ട്. ഓൾഡ് സിറ്റി ലൈനിലൂടെ നടന്നാണ് ഞങ്ങൾ തീയേറ്ററിന് മുന്നിലെത്തിയത്.

ഞങ്ങൾ അവിടെ ചെന്നപ്പോൾ ഒരു പപ്പറ്റ് ഷോ നടക്കുകയായിരുന്നു. അതിനടുത്തായി സോവനീറുകളും മറ്റും നിരത്തി വെച്ചിരിക്കുന്നതും കണ്ടു. പിന്നെ ഒരു ക്ലോക് ടവർ കണ്ടു. അതിനടുത്തുകൂടി ഓൾഡ് സിറ്റിയിലേക്ക് കയറി. അവിടവിടെ ചെറിയ കടകളുമുണ്ട്. പിന്നീട് ഒരു പാലം കടന്നു കേബിൾ കാറിലൂടെ ജോർജിയൻ സ്റ്റാച്യു ഉൾപ്പെടെ ജോർജിയൻ സിറ്റി ടൂറിനായി ഇറങ്ങി. അവിടെ വെച്ച് തന്നെ ലഞ്ചും കഴിച്ചു. ആഹാരത്തിന് അവർ അവരുടേതായ ബ്രഡ് ആണ് ഉണ്ടാക്കി തരുന്നത്. മിക്ക കടകളിലും അവരുടെ സ്വന്തം ഓവനും ഉണ്ട്. ബ്രഡ് ഓഡർ ചെയ്താൽ 20 മിനിറ്റിനകം ബ്രഡ് നമുക്ക് തരും. അതുപോലെ ആവശ്യക്കാർക്ക് ഹുക്കയും നല്കുന്നുണ്ടായിരുന്നു. ഇവിടെ തട്ടിപ്പുകാരും ഉണ്ടാകും. സൂക്ഷിക്കണം എന്ന് ഗൈഡ് ഞങ്ങൾക്ക് മുന്നറിയിപ്പ് തന്നിരുന്നു. അവിടെയെല്ലാം ചുറ്റിക്കറങ്ങി കണ്ടു, ഐസ്ക്രീമൊക്കെ കഴിച്ചു കേബിൾ കാറിൽ ജോർജിയ സ്റ്റാച്യു ഒക്കെ കാണാൻ പോയി. മൗണ്ടൻ ടോപ് വരെ എത്തി. അവിടെ ഇറങ്ങി ഓൾഡ് ഫോർട്ട് റസ്സിന് മുകളിലൂടെ നടന്നു. ഇവിടെയുള്ള മേദക്കി ചർച്ചിലും Bakthang Kaur Basily-യുടെ ചിത്രമുണ്ട്. AD 447 മുതൽ 552 വരെ അവിടം ഭരിച്ചിരുന്ന രാജാവായിരുന്നു അദ്ദേഹം. രാജാവ് ഒരു വലിയ കുതിരപ്പുറത്തിരിക്കുന്ന വെങ്കല പ്രതിമ കാണാം. 63 മീറ്ററോളം ഉയരമുള്ള ഒരു മനോഹര പ്രതിമയാണിത്. വളരെ പഴക്കമേറിയ ചർച്ചിൽ എല്ലാവർക്കും പ്രവേശനമുണ്ട്. തല മറച്ചിരിക്കണം എന്ന് മാത്രമേയുള്ളു. ഇപ്പോൾ ഇവിടെ പ്രാർത്ഥനകൾ നടക്കുന്നുണ്ട്.

എന്നാൽ റഷ്യൻ ഭരണകാലത്ത് ഈ കെട്ടിടം ജയിലായും തീയേറ്ററായും ഒക്കെ ഉപയോഗിച്ചിട്ടുണ്ട്. കമ്മ്യൂണിസ്റ്റു ഭരണകാലത്ത് മതആരാധനാക്രമങ്ങൾ ഇല്ലാതാവുകയും ആ കെട്ടിടം ഏതാണ്ട് ജീർണാവസ്ഥയിലാവുകയും ചെയ്തു. പിന്നീട് അത് പുനരുദ്ധരിപ്പിച്ച് വീണ്ടും പള്ളിയായി മാറ്റുകയാണുണ്ടായത്. ഇത് സ്ഥിതിചെയ്യുന്നത് ഒരു മലയുടെ മുകളിലായതുകൊണ്ട് ഒരു പ്രത്യേക ആകർഷണീയതയുണ്ട്. മലമുകളിൽ നിന്നും നോക്കിയാൽ യൂറോപ്യൻ സംസ്കാരമൊക്കെ നമുക്ക് കാണുവാൻ സാധിക്കും. അവിടുത്തെ കാഴ്ചകൾ കണ്ടശേഷം അവിടെനിന്നും പുതിയ ജോർജിയൻ സൈഡായ യൂറോപ്യൻ സക്വയറിൽ എത്തി. അവിടെ എത്താനായി കുറ നദിക്കു മുകളിലൂടെ പണിതിരിക്കുന്ന പീസ് ബ്രിഡ്ജ് കടന്നു വേണം പോകാൻ. 150 മീറ്ററോളം ഉയരത്തിൽ നിൽക്കുന്ന രൂപത്തിലാണ് ഈ പാലം നിർമ്മിച്ചിരിക്കുന്നത്. സ്റ്റീലും ഗ്ലാസും ഉപയോഗിച്ചാണ് ഇത് നിർമ്മിച്ചത്. ഇറ്റാലിയൻ ആർകിടെക്റ്റും ഡിസൈനറുമായ Michele De Lucchi -യാണ് ഈ പാലം നിർമ്മിച്ചത്. വൈദ്യുതാലങ്കാരം നിർമ്മിച്ചത് Philippe Marti -യുമാണ്. ആളുകൾ നടക്കുന്നതനുസരിച്ച് പ്രകാശ വീചികൾ മാറികൊണ്ടിരിക്കുമെന്നുള്ളത് ഒരു പ്രത്യേകതയാണ്.

യൂറോപ്പ്യൻ സക്വയറിൽ നല്ല പൂന്തോട്ടങ്ങളും നടക്കാൻ പറ്റിയ ധാരാളം സ്ഥലങ്ങളുമുണ്ട്. അവിടെ നിന്നും മദർ ഓഫ് ജോർജിയ സ്റ്റാച്യു കാണാൻ പോയി. സോളോലാക്കി മലനിരകളുടെ മുകളിലാണ് ഈ സ്റ്റാച്യു നിർമ്മിച്ചിരിക്കുന്നത്. ആദ്യം തടിയിൽ തീർത്ത ഈ സ്റ്റാച്യു പിന്നീട് അലുമിനിയം കൊണ്ട് പൊതിഞ്ഞ് ഭംഗിയാക്കുകയാണുണ്ടായിരുന്നത്. 1997-ൽ ഈ പ്രതിമയെ മാറ്റി അലുമിനിയത്തിൽ തന്നെ പുതിയൊരു പ്രതിമ നിർമ്മിച്ചു. ഇതിന് 20 മീറ്റർ ഉയരമുണ്ട്. ശത്രുക്കൾക്കെതിരെ വാളും, മിത്രങ്ങൾക്ക് വൈനും നൽകുന്നത് പ്രതിഫലിപ്പിക്കുന്ന രീതിയിലാണ് ഇതിന്റെ നിർമ്മാണം. വലതു കൈയ്യിൽ വാളും, ഇടതു കൈയ്യിൽ വൈനുമാണ് കാണിച്ചിരിക്കു

ന്നത്. അവിടെ എല്ലാവരും അവരവർക്കു ആവശ്യത്തിനുള്ള വൈൻ സ്വന്തമായി നിർമ്മിക്കുകയാണ് പതിവ്. ചിലർ മാത്രം വിൽപ്പനയ്ക്കായി നിർമ്മിക്കാറുമുണ്ട്. ജോർജിയൻ വൈൻ വളരെ പ്രസിദ്ധവുമാണ്. അതിനടുത്താണ് നരിക്കല ഫോർട്ടും, ബോട്ടാണിക്കൽ ഗാർഡനും. അങ്ങോട്ട് പോകാതെ കുറച്ചുനേരം അവിടെ നിന്ന് കാഴ്ചകൾ കണ്ടശേഷം ഞങ്ങൾ വീണ്ടും യൂറോപ്യൻ സക്വയറിലെത്തി.

അടുത്ത ദിവസത്തെ ടൂർ ആരംഭിച്ചത് പഴയ ജോർജിയയുടെ തലസ്ഥാനമായിരുന്ന Skate Town കണ്ടുകൊണ്ടായിരുന്നു. അവിടുത്തെ Svetitskhoveli കത്തീഡ്രൽ, ജോസഫ് സ്റ്റാൻലിന്റെ മ്യൂസിയവും, വീടും എല്ലാം കണ്ടു. പഠിക്കാൻ മിടുക്കനായ സ്റ്റാൻലിൻ നന്നായി പഠിച്ചു. ഒരു പുരോഹിതനാകാൻ വേണ്ടി പഠിച്ചെങ്കിലും പിന്നീട് അത് വേണ്ടന്നുവെച്ച് ഒരു ഒബ്സർവേറ്ററിയിൽ ജോലിക്കു ചേർന്നു. അവിടെ ജോലി ചെയ്തുകൊണ്ടിരുന്നപ്പോൾ സോഷ്യലിസ്റ്റ് ചിന്തയിൽ ആകൃഷ്ടനാകുകയും അതിനായി ആളുകളെ സംഘടിപ്പിക്കുകയും ചെയ്തു. കാറൽ മാക്സിന്റെ ദാസ് ക്യാപിറ്റൽ വായിച്ച് ഉത്സുകനായി കമ്യൂണിസ്റ്റ് സിദ്ധാന്തം പ്രവർത്തിപഥത്തിൽ കൊണ്ടുവരാനായി പ്രവർത്തിച്ചു. റഷ്യയുടെ ഭരണാധികാരി വരെയായി സ്റ്റാൻലിൻ. സ്റ്റാൻലിന്റെ സ്മരണയ്ക്കുള്ള മ്യൂസിയത്തിൽ അദ്ദേഹത്തിന്റെ സ്മരണകൾ ഓർമ്മിപ്പിക്കുന്ന ഒട്ടേറെ വസ്തുക്കൾ ഉണ്ട്. സ്റ്റാൻലിൻ രണ്ടു വിവാഹം കഴിച്ചിരുന്നു. ആദ്യഭാര്യ മരണപ്പെട്ട ശേഷമായിരുന്നു രണ്ടാം വിവാഹം. ഒരു മകൻ നാസി തടവറയിൽ വെച്ച് മരണപ്പെട്ടതായും പറയപ്പെടുന്നുണ്ട്. സ്റ്റാൻലിന്റെ മകൾ അച്ഛനുമായുള്ള അഭിപ്രായവ്യത്യാസം കൊണ്ടായിരിക്കാം യു. എസ്- ൽ താമസമാക്കിയത്. അവരുടെ പേര് സ്വറ്റ്ലാന എന്നായിരുന്നു. റഷ്യൻ വിപ്ലവകാലത്ത് കൊള്ളയും കൊലയും ബാങ്ക് കവർച്ചകളുമൊക്കെ ധാരാളം നടന്നിരുന്നു. ശരിക്കും ഉരുക്ക് മുഷ്ടിയോടെയുള്ള ഭരണമായിരുന്നു സ്റ്റാൻലിന്റേത്. എന്നാൽ വ്യവസായ വളർച്ചക്കു വേണ്ട സംവിധാനങ്ങളും, പഞ്ചവത്സര പദ്ധതികളും ഒക്കെ അദ്ദേഹം നടപ്പിലാക്കിയിരുന്നു. സ്റ്റാലിന്റെ വീടും അദ്ദേഹം ഉപയോഗിച്ചിരുന്ന വസ്തുക്കളും അദ്ദേഹത്തിന് വേണ്ടി മാത്രമുള്ളതായിരുന്നു. റെയിൽവേ ഗ്യാരേജും എല്ലാം കണ്ട് ഉച്ചയോടു കൂടി ഞങ്ങൾ അവിടെ നിന്നും പുറത്തിറങ്ങി. അവിടെ നിന്ന് ലഞ്ച് കഴിച്ചശേഷം മറ്റ് Mt Skheta എന്ന ടൗണിലേക്കും Jvari Monastery ലേക്കും പോയി. ഈ Monastery - യിൽ ഒരു വലിയ കുരിശ് ഉണ്ട്. പക്ഷെ സമയം വൈകിയിരുന്നതുകൊണ്ട് ഞങ്ങൾക്ക് കാണാൻ സാധിച്ചില്ല. അടുത്തയാത്ര വൈൻ ഉൽപ്പാദനകേന്ദ്രത്തിലേക്കായിരുന്നു. അവിടെ ഉള്ളിൽ കടന്നു പ്രവർത്തനങ്ങൾ കാണുകയും വൈൻ രുചിച്ചു നോക്കി അവരവർക്ക് രുചികരമെന്ന് തോന്നുന്നതിന്റെ നമ്പർ, കൗണ്ടറിൽ പറഞ്ഞ് ഓരോരുത്തരും അവരവരുടെ ആവശ്യത്തിന് വാങ്ങി. അവിടെ നിന്ന് പോയത് സിറ്റി ഓഫ് ലൗവ് എന്നറിയപ്പെടുന്ന Signagi-ലേക്കാണ്. അവിടുത്തെ പ്രത്യേകത പള്ളികൾ രാത്രിയിലും തുറന്നിരിക്കും. എപ്പോൾ വേണമെങ്കിലും വിവാഹം കഴിക്കാം. അവിടെയുള്ള കാഴ്ചകളെല്ലാം കണ്ട് City of Signagi-യോട് യാത്ര പറഞ്ഞു.

അടുത്ത ദിവസം മഞ്ഞിൽ കളിക്കാനായി എല്ലാവരും വേണ്ട വേഷവിധാനങ്ങളോടെ 7200 അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന Gndauri എന്ന High altitutude region - ലേക്ക് പുറപ്പെട്ടു. 120 km ദൂരംതാണ്ടി അവിടെയെത്തി. മഞ്ഞിനാൽ മൂടപ്പെട്ട മലകൾ കാണാൻ നല്ല ഭംഗിയാണ്. ടണലുകളിലൂടെയൊക്കെ യാത്ര ചെയ്ത് രണ്ടര മണിക്കൂറിനു ശേഷം ഞങ്ങൾ Gndauri -യിൽ എത്തി. ഓഫ് സീസൺ ആയതിനാൽ തിരക്ക് കുറവായിരുന്നു. ഞങ്ങൾ Snow cap mountain -ന്റെ താഴ്വരയിലെത്തി അവിടെനിന്നും Snow scooter -ലാണ് പോകേണ്ടത്. മുഴുവനായും മഞ്ഞ് മൂടിക്കിടക്കുന്ന പർവ്വതത്തിലൂടെയുള്ള യാത്ര ഏറെ ആനന്ദപ്രദമായിരുന്നു. ഏതാണ്ട് 45 മിനിറ്റെടുക്കും ബൈക്കിൽ ഇവിടെ എത്താൻ. ഇവിടെ കണ്ട ഒരു പ്രത്യേകത പല സ്ഥലങ്ങളി

ലുമുള്ള കെട്ടിടങ്ങളിൽ ഫോർ സെയിൽ എന്ന ബോർഡുകളുണ്ട്. അതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ കാലാവസ്ഥ വ്യതിയാനം കൊണ്ട് പ്രകൃതിക്കുണ്ടായ മാറ്റങ്ങൾ കാരണം ടൂറിസം പഴയതുപോലെ ലാഭകരമല്ലായെന്നാണ് അതിനാൽ പലരും ഇവിടം ഉപേക്ഷിച്ചു പോവുകയാണ്.

ജോർജിയയുടെ ഭരണം റഷ്യ ഏറ്റെടുത്ത ശേഷം അവിടെ ഉണ്ടാക്കിയെടുത്ത ഒരു സ്മാരകമാണ് Russia Georgia friendship monument .ഇതിന്റെ ഒരു ഭാഗത്ത് റഷ്യൻ ചരിത്രവും മറുവശത്ത് ജോർജിയൻ ചരിത്രവും ആലേഖനം ചെയ്തിരിക്കുന്നു. സെമി സർക്കിൾ ആകൃതിയിൽ പണിഞ്ഞിരിക്കുന്ന ഈ monument കാണാൻ വളരെ ഭംഗിയുള്ളതാണ്. സീസണല്ലാത്തതുകൊണ്ട് ഇവിടെയും വലിയ തിരക്കൊന്നും ഇല്ലായിരുന്നു. അവിടെ നിന്ന് ഞങ്ങൾ ലഞ്ച് കഴിക്കാനായി ഒരു ഇന്ത്യൻ റെസ്റ്റോറന്റിലേക്ക് പോയി. ലഞ്ചിന് ശേഷം തിബിലിസിയിലേക്കുള്ള മടക്കയാത്ര. ഏതാണ്ട് മൂന്ന് മണിക്കൂർ യാത്രയ്ക്ക് ശേഷം തിബിലിസിയിലെത്തി. ഞങ്ങളുടെ ടൂറിന്റെ അവസാന ദിവസമായിരുന്നു അന്ന്. പിറ്റേ ദിവസം ചെക്കൗട്ട് ചെയ്യുമെന്ന് പറഞ്ഞിരുന്നതുകൊണ്ട്. അടുത്ത ദിവസം ലഞ്ചിനു ശേഷം ഞങ്ങളെല്ലാവരും ലോബിയിൽ സാധനങ്ങളെല്ലാം വെച്ചശേഷം ഷോപ്പിംഗ് നടത്തി അതിനു ശേഷം നേരെ നാട്ടിലേക്ക് മടങ്ങാൻ എയർപോർട്ടിൽ എത്തി. അങ്ങനെ നന്നായി ആസ്വദിച്ച ഒരു യാത്ര അവസാനിച്ചു. ■




## എറണാകുളം കരയോഗത്തോടൊപ്പം

# കുട്ടികൾ ഒഴിവുകാലം ആസ്വദിക്കട്ടെ...!

**എറണാകുളം കരയോഗം ടി. ഡി. എം. ഹാളിൽ**
**2026 മെയ് 13 മുതൽ 17 വരെ**

കുട്ടികളുടെ വേനലവധി വിജ്ഞാനവും, വിനോദവും ഇടകലർന്നാഘോഷിക്കാൻ ഞങ്ങൾ അവസരം ഒരുക്കുന്നു. യോഗ, ഭജൻ, സൂംബാ ഡാൻസ്, കരകൗശലവിദ്യകൾ, സാഹിത്യ പരിചയം, പ്രസംഗപരിശീലനം തുടങ്ങിയവയും രണ്ടു ദിവസം നാടകക്കളരിയും ഉണ്ടായിരിക്കും. മെയ് 13 മുതൽ 17 വരെ 5 ദിവസങ്ങളിലായി നടത്തപ്പെടുന്ന ഈ ക്യാമ്പിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക.

**Mrs. Lakshmi Mohan - 9447068757 / Mrs. Subha Vijayakumar - 9446357315**

| | | |
|---|---|---|
| പ്രായ പരിധി | – | 9 വയസ്സു മുതൽ 15 വയസ്സു വരെ (std 5 to std 10 ) |
| സമയം | – | രാവിലെ 9.30 am to 5 pm |
| രജിസ്ട്രേഷൻ ഫീസ് | – | 1000 രൂപ |



ഓം

ജ്യോതിഷാചാര്യൻ: ജി. കെ. മേനോൻ

(2026 – മാർച്ച് 15 മുതൽ ഏപ്രിൽ 13 വരെ)

## 1201 – മീനമാസ ഫലം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Ernakulam Karayogam : ☎ 0484 - 2361160 8848036518, 9645683491



(**മേടക്കൂർ:** അശ്വതി, ഭരണി, കാർത്തിക ആദ്യ പാദം) ധനപരമായ പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ ആശ്വാസം ലഭിക്കും. ലൗകീക സുഖങ്ങൾക്ക് വേണ്ടി പണം ധാരാളം ചിലവഴിക്കുക കാരണം സാമ്പത്തിക ബുദ്ധിമുട്ടും ഉണ്ടാകാം. ഏപ്രിൽ 6, 7 തീയതികൾ അഷ്ടമരാശി നക്ഷത്രങ്ങളായതിനാൽ ആ ദിവസങ്ങളിൽ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്. ബുധനാഴ്ച്ച ദിവസം ശ്രീകൃഷ്ണ പ്രീതികരമായ വഴിപാടുകൾ നടത്തുന്നതും മന്ത്രജപം നടത്തുന്നതും നല്ലതാണ്



(**ഇടവക്കൂർ:** കാർത്തിക അവസാന മൂന്ന് പാദം, രോഹിണി, മകയിരം ആദ്യപകുതി) തൊഴിൽ സംബന്ധമായി പിരിമുറുക്കം വർദ്ധിക്കും. മുമ്പുണ്ടായിരുന്ന സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരമാകും. സർക്കാരിൽ നിന്നും അനുകൂലത പ്രതീക്ഷിക്കാം. വിദ്യാർത്ഥികൾക്ക് കടുത്ത മത്സരം നേരിടേണ്ടി വരും. ഏപ്രിൽ 8, 9, 10 തീയതികൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങൾ ആയതിനാൽ ആ ദിവസങ്ങളിൽ ഒഴിവാക്കാൻ പറ്റാത്ത പുതിയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയോടെ ഇടപെടാവു. ലക്ഷ്മി നാരായണ മന്ത്രാർച്ചന വൈഷ്ണവ ക്ഷേത്ര ദർശ്ശനം എന്നിവ നടത്തുക .



(**മിഥുനക്കൂർ:** മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന്പാദം) യാത്രചെയ്യാൻ ആഗ്രഹിക്കുന്നവർക്ക് അനുകൂല സാഹചര്യങ്ങൾ ഉണ്ടാകും. ഈശ്വരീയ കാര്യങ്ങൾക്കായി പണം ചിലവഴിക്കും. മുൻകോപകാർ പ്രത്യേകം ശ്രദ്ധിക്കണം. ഈഗോ പ്രശ്നങ്ങൾ കുടാം സഹപ്രവർത്തകർ കാരണം സമാധാനം നഷ്ടപ്പെടും. ഏപ്രിൽ 11, 12 തീയതികൾ ശുഭകാര്യാരംഭത്തിന് സീകാര്യമല്ല. ബുധനാഴ്ച ദിവസങ്ങളിൽ ശ്രീകൃഷ്ണ ക്ഷേത്രവും, ചൊവ്വാഴച്ച ദിവസം ഭദ്രകാളി ക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.



(**കർക്കിടക്കൂർ:** പുണർതം അവസാന പാദം, പൂയം ആയില്യം) നല്ല കാര്യങ്ങൾക്ക് വേണ്ടി പണം ചിലവഴിക്കും. അത് സാമ്പത്തിക ഞെരുക്കത്തിന് കാരണമാകും. വാക്ക് ശ്രദ്ധിക്കണം കലഹത്തിന് സാധ്യത ഉണ്ട്. വാഹന രംഗത്ത് പ്രവർത്തിക്കുന്നവർക്ക് ധനലാഭം പ്രതീക്ഷിക്കാം. മാർച്ച് 17, 18 ഏപ്രിൽ 13 ദിവസങ്ങൾ പൊതുവേ അനുകൂലമല്ലാത്തതിനാൽ പുതുസംരംഭാരഭത്തിന് സ്വീകരിക്കാതിരിക്കുന്നതാണ് ഉത്തമം ശിവക്ഷേത്ര ദർശനവും മന്ത്രജപവും ചെയ്യുന്നത് നല്ലതാണ്.



(**ചിങ്ങക്കൂർ:** മകം, പൂരം, ഉത്രം ആദ്യ കാൽഭാഗം) സന്താനങ്ങളിൽ നിന്നും ധനവും ആഭരണവും പ്രതീക്ഷിക്കാം. സഹായികളിൽ നിന്നും ആഗ്രഹിക്കുന്ന തരത്തിലുള്ള ഗുണം പ്രതീക്ഷിക്കേണ്ട. പൂർവ്വികമായ വസ്തുവകകളിൽ നിന്നും ലാഭം പ്രതീക്ഷിക്കാം. മാർച്ച് 19, 20 ദിവസങ്ങൾ അഷ്ടമരാശിക്കുർ നക്ഷത്രങ്ങളായതിനാൽ പുതുസംരഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. ഗണപതി ഹോമം ലക്ഷ്മി പൂജ എന്നിവ നടത്തുന്നതും ക്ഷേത്രത്തിൽ ദർശനം നടത്തുന്നതും നല്ലതാണ്.



(**കന്നിക്കൂർ:** ഉത്രം അവസാന മൂന്ന്പാദം, അത്തം, ചിത്തിര ആദ്യപകുതി) തൊഴിൽ സ്ഥലത്തെ അഭിപ്രായ വ്യത്യാസങ്ങളും തർക്കങ്ങളും പരിഹരിക്കപ്പെടും. ജീവിതപങ്കാളികൾ തമ്മിൽ പ്രശ്നങ്ങൾ ഉണ്ടാകാൻ സാധ്യതകൾ ഉള്ളതിനാൽ ശ്രദ്ധിക്കണം. മാർച്ച് 21, 22 ദിവസങ്ങൾ അനുകൂലമല്ല. വിഷ്ണുക്ഷേത്രവും, ശിവക്ഷേത്രവും ദർശനം ഭഗവാന് പ്രീതികരങ്ങളായ വഴിപാടുകളും മന്ത്രജപവും നടത്തുകയും ചെയ്യുക.



**തുലാക്കൂർ:** ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്ന്പാദം.) കുടുംബത്തിൽ ഉണ്ടായിരുന്ന പ്രശ്നങ്ങൾക്ക് അനുകൂലമായ പരിഹാരങ്ങൾ ഉണ്ടാവും. പൊതുവെ ഈശ്വരാനുകൂല്യം അനുഭവപ്പെടും. ചില ഭാഗ്യാനുഭവങ്ങൾ പ്രതീക്ഷിക്കാം.. മാർച്ച് 23, 24 പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. ഭദ്രകാളി ക്ഷേത്രദർശ്ശനവും മന്ത്രജപവും നടത്തുന്നതും യഥാശത്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.




(**വൃശ്ചികക്കൂർ:** വിശാഖം അവസാനപാദം, അനിഴം, തൃക്കേട്ട) സന്താനങ്ങളുടെ നേട്ടങ്ങൾ കാരണം മനസിന് സന്തോഷം ലഭിക്കും. കരമ്മരംഗത്ത് പ്രതിസന്ധികൾ വർദ്ധിക്കും. അതാവശ്യ സംശയങ്ങളും തെറ്റിദ്ധാരണകളും കുടുംബസമാധാനത്തിന് ഭംഗംവരുത്താം. മാർച്ച് 25, 26 ദിവസങ്ങളിൽ വിഷ്ണു പ്രീതികരങ്ങളായ വഴിപാടുകളും ജപങ്ങളും നടത്തുന്നത് നല്ലതാണ്. സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും സമാധാനം ലഭിക്കുവാൻ വിഘ്നേശ്വരന് നാളികേരം ഉടക്കുകയും ഒരു ഗണപതി ഹോമം നടത്തുകയും ചെയ്യുക.



(**ധനുക്കൂർ:** മൂലം, പൂരാടം, ഉത്രാടം ആദ്യപാദം) പുതിയ വീടിനോ സ്ഥലത്തിനോ വേണ്ടി സർക്കാർ സഹായം പ്രതീക്ഷിക്കുന്നവർക്കും വസ്തുവകകളുടെ നിയമപരമായ പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാകും. വിദ്യാഭ്യാസപരമായ ഉന്നതി നിലനിർത്താൻ സാധിക്കും മാർച്ച് 27, 28 തീയതി അഷ്ടമരാശി നക്ഷത്രങ്ങളായതിനാൽ പുതുതായി ആരംഭിക്കുന്ന നല്ല കാര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് ഉത്തമം. സർപ്പപ്രീതികരമായ വഴിപാടുകൾ നടത്തുക.



(**മകരക്കൂർ:** ഉത്രാടം അവസാന മൂന്ന്പാദം, തിരുവോണം, അവിട്ടം ആദ്യ. പകുതി) പൂർവ്വികമായും കർമ്മത്തിലൂടെയും കിട്ടാനുള്ള ധനത്തിന്റേയും സമ്പത്തിന്റേയും കാര്യത്തിൽ വ്യവഹാരത്തിൽ ഏർപ്പെടേണ്ടി വരാം. കർമ്മരംഗത്ത് തെറ്റിദ്ധാരണകണമൂലം പ്രശ്നങ്ങൾ ഉണ്ടാകാം. മാർച്ച് 29, 30, തീയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. ചൊവ്വാ, വെള്ളി ദിവസങ്ങളിൽ ദേവീക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.



(**കുംഭക്കൂർ:** അവിട്ടം അവസാന പകുതി, ചതയം, പൂരുരുരുട്ടാതി ആദ്യ മൂന്ന്പാദം) പങ്കാളികളിൽ നിന്നും സർക്കാർ മേലധികാരികൾ എന്നിവരിൽ നിന്നുള്ള പ്രതിസന്ധികൾക്ക് പരിഹാരം ഉണ്ടാകും. അനാവശ്യമായ സംസാരം മൂലം കലഹം വരുത്തിവെക്കാൻ സാധ്യത ഉള്ളതിനാൽ വാക്ക് നിയന്ത്രണ വിധേയമാക്കണം. ഏപ്രിൽ 1, 2 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. ശാസ്താവിനും, സർപ്പത്തിനും പ്രീതികരങ്ങളായ വഴിപാടുകൾ നടത്തുകയും ശിവക്ഷേക്ഷേത്ര ദർശ്ശനം നടത്തുകയും ചെയ്യുന്നത് നല്ലതാണ്.



(**മീനക്കൂർ:** പൂരുരുട്ടാതി അവസാനപാദം, ഉത്രട്ടാതി, രേവതി) ധനപരമായ വിഷയങ്ങളിലെ പ്രതിസന്ധിക്ക് ഒരു പരിധി വരെ പരിഹാരം ലഭിക്കുക മൂലം മനസ്സിന് ആശ്വാസം ലഭിക്കും. കായിക വിദ്യ അഭ്യസിക്കുന്നവർക്ക് കൂടുതൽ മികവ് പുലർത്താൻ സാധിക്കും. ഏപ്രിൽ 5, 6 ദിവസങ്ങൾ അത്ര ഗുണകരമല്ലാത്തതിനാൽ പുതിയ സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. സർപ്പപ്രീതി ഗണപതി ക്ഷേത്ര ദർശനം എന്നിവ നടത്തി ദുരിത ശാന്തി വരുത്തുക

*ശുഭമസ്തു ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!*



# MANGALYAM MATRIMONIAL




for the better half of your life....

## വധുവിനെ ആവശ്യമുണ്ട്

Nair Boy, 36/187cm, Karthika 3/4, MBA Marketing & PG in Journalism, Senior Sub Editor in a reputed Print Media (English), Mob: 9074249193


E-mail: remaravi23@gmail.com
Birth: 23-08-1989 - 7.20 pm




**Contact Address:**
Rema Devi
Flat 19 B, National Treedom Park,
Vyttila Eroor Road,
Ernakulam-682036

Nair Boy, 34/172cm, Chathayam, Divorced, PG / MS, Engineer-Non IT, Planning Engineer, Germany
Mob: 8547776890


E-mail: girijarajan23@gmail.com
Birth: 29-07-1991 - 8.23 pm
Sishta Dasa: Rahu 7Y - 11M - 9D




**Contact Address:**
Girija Rajan
“Madhavam”, Aiswaryanagar,
Kunnathurmedu, Palakkad - 13

Nair Boy, 27/170cm, Vishakham 3/4, Btech in EEE From NIT, Calicut, Texas Instruments, Bangalore. Mob: 9447509833


E-mail: najithn2005@gmail.com
Birth: 08-06-1998 - 12.00 am
Sishta Dasa: Mercury 17Y - 7M - 11D




**Contact Address:**
Ajith. N
MNRA-52, West Kadungaloor
Aluva, Ernakulam

Nair Boy, 30/165cm, Chithira 1/2, Btech in civil eng., M.sc Computer science with spec, Infosys, Associate consultant.
Mob: 9447021920, 9495981920

E-mail: vknknair@gmail.com
Birth: 10-02-1996 - 4.15 am
Sishta Dasa: 5 Y - 0 M -17 D





**Contact Address:**
K. Nanda Kumar
15/180, Harekrishna,
Parakunnam, Palakkad - 678001

## വരനെ ആവശ്യമുണ്ട്

Nair Girl, 25/167cm, Pooyam, Btech Computer science, H & R Block, Technopark.
Mob: 9605702669, 8848244630

E-mail: smithareshmaram@gmail.com
Birth: 20 - 10 - 2000 - 3.44 pm
Sishta Dasa: Saturn 17 Y - 1 M - 6 D




**Contact Address:**
Mr. Ramesh
Reshma Bhavan, Irimpanam P.O
Chitrapuzha, Ernakulam


### THOTTEKKATT DIWAN'S MEMORIAL A/C HALLS

1. TDM HALL GANGA
2. TDM HALL PERIYAR (DINING HALL)
3. TDM HALL KAVERY
4. TDM HALL SOORYA (DINING HALL)
5. TDM HALL YAMUNA
6. TDM HALL NILA (DINING HALL)
7. TDM HALL PAMBA
8. TDM HALL NARMADA
9. TDM HALL SARASWATHY (DINING HALL)
10. TDM HALL GODAVARY (CONFERENCE HALL)
11. TDM HALL KRISHNA (EXHIBITION HALL)
12. TDM HALL SARAYU

For Details Contact: 0484 2361160, 9447171160
Email: ekmkgm@gmail.com,
Web: www.ernakulamkarayogam.com





# ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസ്

**തെക്കേനട, കാരക്കാട്ട് റോഡ്, ഗുരുവായൂർ – 680101**

എറണാകുളം കരയോഗത്തിന്റെ ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസിൽ
സൗകര്യപ്രദമായ 36 മുറികൾ, വിശാലമായ പാർക്കിംഗ് സൗകര്യം,
വിവാഹ ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ എന്നിവ ലഭ്യമാണ്.

*Please Contact:-*

Ph: 0487- 2504700, Mob: 8547871161

E-Mail: radheyamguesthouse@gmail.com

Radheyam website

DATE OF PUBLICATION: 10-03-2026

RNI NO. KERMAL/2008/23515
REGISTERED NEWSPAPER

REGISTERED NO. KL/EKM/761/2025-27
LICENSE NO. KL/CR/EKM/WPP-3/2025-27
LICENSED TO POST WITHOUT PREPAYMENT

Volume No. 18 MARCH - 2026 Issue No. 03




*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi - 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan Nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.

സേവനം ജീവിതസാഫല്യം